# ചരിത്രസഞ്ചാരം

പി. എ. സെയ്തുമുഹമ്മദ്

## പി. എ. സെയ്തുമുഹമ്മദിന്റെ കൃതികൾ

ചരിത്രകേരളം

സഞ്ചാരികൾ കണ്ട കേരളം

കേരളം നൂറ്റാണ്ടുകൾക്ക് മുമ്പ്

കേരള ചരിത്രചിന്തകൾ

കേരള ചരിത്രവീക്ഷണം

മുഗൾസാമ്രാജ്യത്തിലൂടെ ഒരു യാത്ര

കേരള മുസ്ലീം ചരിത്രം

# ആമുഖം

ചരിത്രസ്മാരകങ്ങൾ മാറിലടക്കിപ്പിടിച്ചു കിടക്കുന്ന ഭാരതീയ സാംസ്ക്കാരിക സങ്കേതങ്ങളിലൂടെ നടത്തിയ യാത്രയിലെ അനുഭവങ്ങളാണ് ചരിത്ര സഞ്ചാരത്തിലെത്തിച്ചേർന്നിരിക്കുന്നത്.

– ഗ്രന്ഥകർത്താവ്

# ഉള്ളടക്കം


ശബരിയിലേക്ക് ഒരു യാത്ര .......... 4

കുടകിലെ കുങ്കിയമ്മ .......... 12

വെല്ലൂർകോട്ട.......... 16

ശിലകളുടെ ഇതിഹാസം .......... 21

സഞ്ചാരിയുടെ മാർഗ്ഗങ്ങൾ .......... 25

ഒരു കൂട്ടുകാരൻ .......... 30

സാഹസികന്റെ നാട്ടിൽ.......... 39

സൌന്ദര്യഭൂമിയിൽ.......... 49

പാദുഷായുടെ കൂടെ.......... 58

കാശിയും സാരനാഥവും .......... 65

ഒരു ചരിത്രസമ്മേളനം.......... 72

# ശബരിയിലേക്ക് ഒരു യാത്ര

കേരളത്തിൽ എവിടെ തിരിഞ്ഞു നോക്കിയാലും കണ്ണഞ്ചിപ്പിക്കുന്ന പ്രകൃതിയാണെന്ന ബഹുമതി നൽകാത്ത ഒരു സഞ്ചാരിയേയും കാണുകയില്ല. ആഹ്ലാദപൂർണ്ണമായ യാത്രയ്ക്ക് ഏതു ഭാഗത്തേയ്ക്കും തിരിയാൻ ആർക്കും ഔത്സുക്യം തോന്നും. കേരളം കാണാൻ വന്നിട്ടുള്ള സഞ്ചാരികളെ തീർത്ഥാടനകേന്ദ്രമായ ശബരിമലയിലേയ്ക്കയക്കാൻ ഞങ്ങൾ തീർച്ചപ്പെടുത്തി. അങ്ങനെ ആ യാത്ര കോട്ടയത്തു നിന്ന് ആരംഭിച്ചു. കോട്ടയത്തുനിന്ന് കിഴക്കോട്ട് വളഞ്ഞുതിരിഞ്ഞു കുത്തനെ കിടക്കുന്ന റോഡിലൂടെ യാത്രാസംഘം പുറപ്പെട്ടു.

എന്താണ് ശബരിമലയുടെ പ്രാധാന്യം? സഹസ്രക്കണക്കിന് ജനങ്ങൾ അവിടേയ്ക്ക് തിരിക്കുന്നതിന്റെ പൊരുളെന്ത്? യാത്രാസംഘത്തിലെ ഇന്ദുലാൽ വർമ്മയ്ക്ക് ശബരിമലയുടെ ചരിത്രം അറിഞ്ഞേതീരു. അയ്യപ്പഭക്തനായ സംഘത്തിലെ പ്രായം കൂടിയ സഞ്ചാരി അതു് ഇങ്ങനെ വിവരിച്ചു.

'മദ്ധ്യതിരുവിതാംകൂറിൽ പന്തളംരാജ്യത്തെ രാജാവുമായി അയ്യപ്പന് ബന്ധമുണ്ടായിരുന്നെ ന്നാണ് ഇതിഹാസം. പന്തളത്തു് രാജാവിന്റെ നിർദ്ദേശാനുസരണം അയ്യപ്പൻ വനാന്തർഭാഗത്തു് പുലിപ്പാൽ ശേഖരിക്കാൻ പോയ ഒരു നാടോടിക്കഥയുണ്ട്. അയ്യപ്പൻ പരാക്രമിയായ സിദ്ധനായതുകൊണ്ട് ഏതു വന്യജന്തുവിനോടും യക്ഷിഗന്ധർവ്വന്മാരോടും ഏറ്റുമുട്ടാൻ തയ്യാറായിരുന്നു. പേട്ടയിലെ തിരുവല്ല ഭവനത്തിൽ രാത്രി ഉറങ്ങിക്കിടക്കുമ്പോൾ മനുഷ്യജീവൻ അപഹരിച്ചു നടക്കുന്ന ഒരു കുടിലരൂപം അയ്യപ്പനെ മണത്തുനോക്കി. ആ പിശാചിനെ വധിക്കാൻ അയ്യപ്പന് സഹായം നൽകിയ വാവരും അവിടുത്തുകാരും അയ്യപ്പഭക്തന്മാരായിത്തീർന്നു. അയ്യപ്പൻ ഭയചകിതനാകാതെ ശബരിമലയിലേക്ക് പ്രവേശിച്ചു. അയ്യപ്പനെ വാവരും പിന്തുടർന്നു. അയ്യപ്പനെയും വാവരെയും അന്വേഷിച്ച് നാട്ടുകാരിറങ്ങി. രണ്ടാളുടെയും വിശ്രമ സങ്കേതങ്ങളിലെ നാട്ടുകാർ അയ്യപ്പൻ വധിച്ച പ്രേതവും കെട്ടിയെടുത്തു് 'അയ്യപ്പത്തിന്തകത്തോം സ്വാമി തിന്തകത്തോം' എന്നാർത്തുവിളിച്ചുകൊണ്ടു് നാട്ടുകാർ മലകയറി.  ഈ ആഘോഷത്തോടുകൂടി 'പേട്ടതുള്ളൽ' എന്ന ആചാരം

നടപ്പിൽവന്നു. എരുമയെ ബലികഴിച്ചതുകൊണ്ടു് ആ സ്ഥലത്തിനു എരുമേലി എന്ന പേരുണ്ടായി. മുസ്ലീം അധിവാസകേന്ദ്രമായ എരുമേലിയിൽ വാവരുടെയും അയ്യപ്പന്റെയും രണ്ട് ക്ഷേത്രങ്ങളുണ്ട്. അവിടെയുള്ള മുസ്ലീമീങ്ങൾ വാവരുടെ പിൻഗാമികളാണെന്നു പറയുന്നു. മനുഷ്യരെ ദ്രോഹിച്ചിരുന്ന ദുഷ്ടജന്തുവിനെ അയ്യപ്പനും വാവരുംകൂടി കഥ കഴിച്ചതിന്റെ സ്മരണക്കായി ഇന്നു നിറപ്പകിട്ടുള്ള ആചാരങ്ങളാണ് അവടെ നടക്കുന്നതു്. മഹിഷീവധത്തിന്നുതയ്യാറെടുത്ത ഒരു വില്ലാളിവീരന്റെ പ്രതിഷ്ഠയാണു പേട്ടയിൽ അയ്യപ്പശാസ്താവിന്റെ പേരിൽ കാണുന്നതു്. എരുമേലി കോട്ടപ്പടിക്ഷേത്രത്തിൽനിന്നാരംഭിക്കുന്ന തുള്ളിൽ പഴയ കാലത്തെ സംഭവങ്ങൾ സ്മരിപ്പിക്കുന്നതാണ്.''

ഈ വിവരണത്തിന്ന് വ്യാഖ്യാനമെന്നോണം ചരിത്രാദ്ധ്യാപകനായ മോഹൻ തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു.

'അയ്യപ്പൻ പന്തളം രാജാവിന്റെ വിശ്വസ്തനായിരുന്നെങ്കിൽ ശബരിമല പ്രതിഷ്ഠക്കു ആയിരം വർഷത്തെ പഴക്കം കാണുകയില്ല ഭാരതീയ പുരാണങ്ങളിലൊന്നു അയ്യപ്പനെപ്പറ്റി പറഞ്ഞുകാണുന്നില്ല. വാവർ അയ്യപ്പന്റെ ശക്തിവിശേഷം ഗ്രഹിച്ചു ഭക്തിപരവശനായി ശിഷ്യനായിത്തീർന്നെന്നാണു അയ്യപ്പഭക്തന്മാരുടെ അഭിപ്രായം. 'അയ്യപ്പൻ' ഒരു ഇതിഹാസപുരുഷനാണെന്നു വിശ്വസിക്കപ്പെടുന്നു. അയ്യപ്പസംസ്കാരത്തിന്റെ ആത്മാവു ബൗദ്ധസംസ്കാരത്തിന്റേതാണെന്ന് അഭിപ്രായമുണ്ടു്. ബുദ്ധമതതത്വങ്ങളിലെ എല്ലാ വശങ്ങളും ഏറെക്കുറെ അയ്യപ്പന്റെ ഇതിഹാസങ്ങളിൽ കണ്ടെത്താൻ കഴിയും. ബുദ്ധമതപ്രതാപം ശ്രീശങ്കരാചാര്യരുടെ കാലഘട്ടത്തോടുകൂടി കേരളത്തിൽ അധ:പതിച്ചു. ബൌദ്ധപ്രതാപത്തെ കീഴടക്കി ബ്രാഹ്മണ്യം കേരളത്തിൽ സ്വാധീനംചെലുത്തിയ കാലഘട്ടത്തിൽ അവസാനത്തെ ബുദ്ധമതവിശ്വാസിയായ രാജാവ് കേരളംവിട്ടു് പലായനംചെയ്തെന്നനുമാനിക്കേണ്ടിയിരിക്കുന്നു.പരദേശബ്രാഹ്മണരായ ഭട്ടബാണൻ, ഭട്ടാചാര്യൻ, ഭട്ടഗോപാലൻ തുടങ്ങിയവർ അവസാനത്തെ ബുദ്ധമതരാജാവായ പള്ളിബാണനെ തോല്പിച്ചതായി കേരളോല്പത്തിയും പറയുന്നുണ്ട്. ബ്രാഹ്മണ്യം വ്യക്തമായ സ്വാധീനം കേരളക്കരയിൽ ചെലുത്തിയതു ഏ. ഡി. നാലാം നൂറ്റാണ്ടിനും എട്ടാം നൂറ്റാണ്ടിനും ഇടയ്ക്കാണു്. പള

ളിബാണരാജാവ് തിരുവഞ്ചിക്കുളത്തു നിന്ന് നീലമ്പേരൂർക്കും അവിടെനിന്നു തിരുവല്ലഭാഗത്തേക്കും മാറിയതായി പറയുന്നു. ഈ പലായനത്തിൽ പന്തളത്ത് ഭൂപൻ അഭയം നൽകിയിട്ടുണ്ടാകണം. പുലിപ്പാലിന്നു പോയെന്നഭാഗം ഒഴിച്ചുനിർത്തിയാൽ അക്കാലത്തു്, ഇന്ത്യയിലിന്നെത്തിയിരിക്കുന്ന ദലായിലാമയെപ്പോലെ ബുദ്ധമതരാജാവ് പന്തളത്തു അഭയം തേടിയെന്ന് ഗ്രഹിക്കാം. അയ്യപ്പൻ അവിടെനിന്ന് കിഴക്കൻ ഭാഗങ്ങളിലേക്കു പോയതായിരിക്കണം. പത്താംനൂറ്റാണ്ടിലാണീ പലായനം നടന്നതെങ്കിൽ ബാവ എന്ന ഒരു മുസ്ലീം പ്രാമാണികന്റെ സഹായം ഈ രാജാവിന്നു ലഭിച്ചിരിക്കാനിടയുണ്ടു്. പിന്നീടു് "ബാവ" ബഹുമാനസൂചകമായി "വാവരു" എന്നായിത്തീർന്നു. 'വാവരുസ്വാമി' നേതാവായ യജമാനനായി 'ഒരു മുസ്ലിം സിദ്ധൻ' എന്നാണു് അയ്യപ്പചരിത്രകർത്താക്കൾ വാവരെ വിശേഷിപ്പിക്കുന്നതു്. "

സകൗതുകം സംഘത്തിലെ കേരളേതരരായ സുഹൃത്തുക്കൾ ഇതെല്ലാം കേട്ടുകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കുള്ള സംശയങ്ങൾക്ക് വിശദീകരണം നൽകിയിരുന്ന മോഹൻ ബുദ്ധമതസംസ്ക്കാര വുമായി അയ്യപ്പചരിത്രത്തിനുള്ള ബന്ധം ഇങ്ങനെ വിവരിച്ചു.

"ബുദ്ധമതപ്രതാപം നിറംമങ്ങിയ കാലഘട്ടത്തിലാണു് ബ്രാഹമണരോടൊപ്പം ക്രിസ്ത്യാനികളും മുസ്ലിംകളും സജീവമായി രംഗത്തുവന്നതു്. ബുദ്ധമതത്തിന്റെ നേതൃത്വത്തിൽനിന്നു വിട്ടുപിരിഞ്ഞ ജനതയെ വർണ്ണപ്രശ്നങ്ങൾക്കു് പ്രാധാന്യം നൽകിയ ബ്രാഹ്മണ്യത്തിന്നു് വേണ്ടവിധത്തിൽ ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു ബുദ്ധമതവിശ്വാസികളായ പലരും ക്രൈസ്തവരായും മുസ്ലീമിങ്ങളായും രൂപാന്തരപ്പെട്ടു. അക്കാലത്തു നിരവധി ബുദ്ധമതദേവാലയങ്ങൾ (പഗോഡകൾ) ക്രൈസ്തവരുടേയും മുസ്ലിമിങ്ങളുടേയും പള്ളികളായിമാറി. 'പള്ളി' എന്ന പേരിലാണു് ബുദ്ധക്ഷേത്രങ്ങളും കേരളത്തിലറിയപ്പെട്ടിരുന്നതു്. പള്ളി പാലി ഭാഷയാണ്. കുളത്ത്പുഴ, മാമ്പഴത്തറ, ആര്യങ്കാവ്, അച്ചൻകോവിൽ, കുടമാളൂർ, ചേർത്തല, പാണ്ഡവം, കൊടുങ്ങല്ലൂർ, ചേപ്പാട് തുടങ്ങിയ സ്ഥലങ്ങളിലുണ്ടായിരുന്ന ബുദ്ധമത കേന്ദ്രങ്ങൾ ക്രമേണ നാമാവശേഷമായി. അക്കാലത്തെ ബുദ്ധദേവാ

ലയങ്ങളുടെ കൽത്തറകളിൽ ഹൈന്ദവ, ക്രൈസ്തവ, മുസ്ലീം ആരാധനാകേന്ദ്ര ങ്ങൾ ഉയർന്നുവന്നു. തിരുവല്ലാതാലൂക്കിലെ തൃക്കാകുടി ക്ഷേത്രത്തിന്റെ രൂപം, ചേറ്റുവാ മണപ്പുറത്തു് സാഹിബിന്റെ പള്ളിക്കു് വടക്കുവശം കാണുന്ന രൂപങ്ങൾ, നിരണംപ്രദേശത്തെയും നിലക്കലെയും പുതുതായി കണ്ടുപിടിക്കപ്പെട്ട ക്രൈസ്ത വദേവാലയങ്ങൾ ഇവയെല്ലാം ബുദ്ധമത കാലത്തെ സ്മാരകങ്ങളാണു്. അക്കാ ലത്തോ അതിനടുത്തോ കേരളത്തിൽനിന്നു സ്ഥലം മാറിയ ബൗദ്ധനേതാവായി രിക്കണം ഇന്നത്തെ ശബരിമലശാസ്താവ്.

കിഴക്കൻ മലകൾ കയറുന്നതിനു മുമ്പു ഞങ്ങളുടെ വണ്ടി കോട്ടയം ജില്ലയിലെ ഒരു പ്രധാന സ്ഥലമായ മുണ്ടക്കയത്തു് അല്പനേരം വിശ്രമിച്ചു. പക്ഷെ ബുദ്ധമത വുമായുള്ള അയ്യപ്പന്റെ ബന്ധത്തെപ്പറ്റി ചർച്ച വീണ്ടും തുടർന്നു. മോഹന്റെ വിവര ണം കേട്ടുകൊണ്ടിരുന്ന ഫലിതക്കാരനായ വർമ്മ തന്റെതായ വിശദീകരണം അതി നോടു കൂട്ടിച്ചേർത്തു.

"അമരകോശത്തിൽ ശാസ്താവ് ബുദ്ധമുനിയായിരുന്നെന്നു ഒരു പര്യായ വിവ രണംകൊണ്ടു് സൂചിപ്പിക്കുന്നു. ഹരിഹരസുതനെപ്പറ്റിയുള്ള കീർത്തനങ്ങളിൽ 'ബു ദ്ധംശരണം ധർമ്മംശരണം' മുഴങ്ങികേൾക്കാം. ഈ ബൗദ്ധമുദ്രാവാക്യം ലോപിച്ചെ ങ്കിലും ശബരിമല കയറുമ്പോൾ ഭക്തന്മാർ ഉച്ചത്തിൽ വിളിക്കാറുണ്ട്. ബുദ്ധമതഭ ക്തരായ അനുയായികൾ തങ്ങളുടെ ആരാധ്യപുരുഷനോടുള്ള അമിതമായ സ്നേ ഹംകൊണ്ടു ശാസ്താവിനെ പല വേഷത്തിലും സ്വകാര്യക്ഷേത്രങ്ങളുണ്ടാക്കി പ്ര തിഷ്ഠിച്ചിട്ടുണ്ടു്. അതിൽ കിരീടധാരിയായ ശാസ്താവും വനാന്തരത്തിൽ തപസ്സി ലേർപ്പെട്ടിരിക്കുന്ന ശാസ്താവും അമ്പും വില്ലുമായ ദുഷ്ടമൃഗനിഗ്രത്തിന് നിൽക്കു ന്ന ശാസ്താവും ഉൾപ്പെടുന്നു. ജനങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കു് പാത്രീഭൂ തനായിരുന്ന പ്രജാവത്സലനായ രാജാവു നാടുവിട്ടോടി. അദ്ദേഹം കേരളത്തിൽ ബ്രാഹ്മണ്യം പടർന്നുകയറിയപ്പോൾ അഭയാർത്ഥിയായി തിരിച്ചതാണെങ്കിലും സമ്പ ന്നനായ എരുമേലിയിലെ മുസ്ലിംനേതാവു അഭയംനൽകി. ഇതാണു ശബരിമല അ

യ്യപ്പനെ സംബന്ധിച്ചുള്ള ജനകീയ ഐതിഹ്യമായി പരിഗണിക്കേണ്ടതു്. വനപ്രദേശമായതുകൊണ്ടു കാട്ടുപോത്തിനെ ഇവർ ഒരുമിച്ചു വേട്ടയാടിയിട്ടുണ്ടാകും. സംഭവിക്കാവുന്ന ഇത്തരം കാര്യങ്ങൾക്കു ഭക്തസമൂഹം അത്ഭുതത്തിന്റെ പരിവേഷം അണിയിച്ചു. മഹാന്മാരായ ജനനേതാക്കൾ ജനതയുടെ സാമൂഹ്യബോധമനുസരിച്ചു വീരാത്മാക്കളും സിദ്ധന്മാരുമാകും. കാലം അതിന്നു അത്ഭുതസിദ്ധികളുടെ ആവരണം അണിയിക്കാറുണ്ടു്. ബുദ്ധമതാനുയായികൾക്കു ഉണ്ടായിരുന്ന ബാവ എന്ന പേർ ജാതിമതഭേദമെന്യേ ബഹുമാനനാമമായി കേരളീയർ സ്വീകരിച്ചു. ആതിഥ്യമര്യാദയും ഉയർന്ന മനുഷ്യസ്നേഹവും പുലർത്തിയിരുന്ന വാവരു പതറാത്ത ഹിന്ദുമുസ്ലിം മൈത്രിയുടെ പ്രതീകമായിത്തീർന്നിരിക്കയാണു്.

കേരളത്തിന്റെ പലഭാഗങ്ങളിൽനിന്നെത്തുന്ന അയ്യപ്പഭക്തന്മാർ പാരമ്പര്യമായി ചില ചിട്ടകൾ അനുഷ്ഠിച്ചുപോരുന്നവരാണു്. കണ്ടകാകീർണ്ണമായ വഴികളിലൂടെ ഹിംസ്രജന്തുക്കളുടെ ആക്രമണം ഭയന്നായിരിക്കും അയ്യപ്പന്മാർ നിശ്ചിതസങ്കേതത്തിലെത്തിച്ചേരുക. കാൽനൂറ്റാണ്ടിനുമുമ്പ് ബുദ്ധിമുട്ടേറിയ ഒരു തീർത്ഥാടകയാത്രയായിരുന്നുവെങ്കിൽ ഇന്നു ശബരിയാത്ര അത്ര ദുഷ്ക്കരമല്ല. വാഹനസൌകര്യവും പരിഷ്കൃതമായ മറ്റാനുകൂല്യങ്ങളും ഇന്നുയാത്രക്കാർക്കു് ആശ്വാസം നൽകുന്നുണ്ടു്. യാത്രക്കാർ കോട്ടയംവഴി പേരൂർക്കു് പോകുന്നു. അയ്യപ്പന്മാർക്ക് സ്നാനത്തിന് പറ്റിയ പേരൂർതോടു് നല്ലനീരുറവയാണു്. ഇടതിങ്ങിനിൽക്കുന്ന വൃക്ഷങ്ങളുടെ സാമ്രാജ്യത്തിലേക്കാണു് അവിടെനിന്ന് ഭക്തന്മാരുടെ യാത്ര. കാനനഭംഗി കമനീയഭാവംകലർന്നുനിൽക്കുന്ന ഈ സാനുപ്രദേശത്തിലൂടെ കാളകെട്ടിയെന്ന പ്രദേശത്തിൽചെന്നെത്താം. മലയുടെ മടിത്തട്ടുപോലെ സ്ഥിതിചെയ്യുന്ന കാളകെട്ടിയിലേക്കു് എരുമേലിയിൽനിന്നു എട്ടുനാഴിക യാത്രചെയ്യണം. പുരാണങ്ങളിൽ സീതാന്വേഷണഭാഗത്തു് വർണ്ണിക്കപ്പെട്ടിട്ടുള്ള സുന്ദരോദ്യാനങ്ങൾ ഇവിടെ കാണാം. "സർവ്വർത്തുഫലകുസുമാഢ്യപാദ പലതാസം വൃതം, നാനാമൃഗസഞ്ചയനിഷേവിത" ങ്ങളുമെന്നു പുരാണകവി വർണ്ണിച്ച ഭാഗങ്ങൾ ഇവിടെ ചലച്ചിത്രത്തിലെന്നപോലെ തിളങ്ങിക്കാണാം. കാളകെട്ടിപോലെ മനോഹരമാണു് അഴുതാനദിക്കര. സുഗന്ധകുസുമങ്ങളണിഞ്ഞ വനവല്ലികളും ചെമ്പഴുക്കാക്കുലകൾതിങ്ങിനിൽക്കുന്ന ക

വുങ്ങിൻതോട്ടങ്ങളും ഇവിടെയുണ്ടെന്നു ശ്രീരാമൻ സീതയോടു പറഞ്ഞിരുന്നതായികാണുന്നു. ഈ നദിയുടെ ഇരുകരകളിലും അയ്യപ്പന്മാർ താവളമടിക്കുന്നു. പാറകളിൽനിന്നു ചിരിച്ചാർത്തുല്ലസിച്ചുവരുന്ന ശുദ്ധജലത്തിൽ കുളിച്ച് പ്രകൃതിയുടെ മഹത്വത്തെപ്പറ്റി അത്ഭുതംപൂണ്ട് ഇവിടെ സുഖനിദ്രപ്രാപിക്കുന്നു. വെള്ളംകുടിക്കാൻ ചിലപ്പോൾ ഗജവീരന്മാർ ഈ മണൽത്തിട്ടയിൽ വരാറുണ്ട്. കൂട്ടായ ശരണംവിളി ഉയരുമ്പോൾ ഇതിനടുത്ത വനാന്തർഭാഗത്തു താമസിക്കുന്ന ഗിരി വാസികൾ എത്തിനോക്കാറുണ്ട്. അയ്യപ്പനേക്കാൾ മുൻപ് അവിടെ പാർപ്പുറപ്പിച്ച അവർക്ക് പരിഷ്കൃത ജനതയുടെ ഈ പ്രവാഹം കാണുമ്പോൾ എന്തു തോന്നുമെന്നറിഞ്ഞില്ല. അഴുതാനദിക്കരെനിന്ന് യാത്രക്കാർ അഴുതമേട് കയറാൻ തയ്യാറെടുക്കുകയായി. അയ്യപ്പവിശ്വാസത്തോടെ ഈ കുന്നുകയറിക്കടന്നാൽ അടുത്ത വിശ്രമകേന്ദ്രമായ ഇഞ്ചിപ്പാറയിൽ ചെന്നൊരു ഇരിപ്പുണ്ട്. ഇവിടെ അധികസമയം ഇരുന്നാൽ വന്യമുഗങ്ങളുമായി കൂടിക്കാഴ്ച വേണ്ടിവരും അതു് ഭയന്ന് കരിയിലത്തോടിലെത്തി ഒന്നു നടു നിവർക്കുന്നു. അപ്പോഴേക്കും ഗിരി രാജാവായ ഗജവീരന്മാരുടെ "സ്ഥലം വിട്ടുകൊള്ളുക" എന്ന സൈറൻകേൾക്കാം. വേഗം ഭാണ്ഡം മുറുക്കി കരിമല കയറാൻ തയ്യാറെടുക്കുകയായി. 'കരിമലകയറ്റം കഠിനമെന്റയ്യപ്പാ' എന്നു വേദന നിറഞ്ഞ ഈണത്തോടെ പാടിക്കൊണ്ട് ഭക്തന്മാർ മുന്നോട്ടാഞ്ഞുതുടങ്ങും. കരിമലകയറ്റത്തിന്നു ആത്മധൈര്യവും ഏകാഗ്രതയും ആവശ്യമാണ്. കരിമലയിറങ്ങിയാൽ വലിയ ആനത്താവളം കാണാം. അവിടെയിരുന്നൊന്നു വിയർപ്പു തുടച്ചു നടു നിവർത്താം. അധികസമയമായാൽ, ജലദുർഭിക്ഷസമയമാണെങ്കിൽ ആനകൾ ആ സ്ഥലത്തെത്തിയെന്നുവരാം.

സഞ്ചാരമാർഗ്ഗങ്ങളിൽ യാത്രസംഘത്തിലുണ്ടായിരുന്നവരുടെ ക്യാമറകൾ തീർത്ഥാടകരേയും മനോഹരമായ പ്രകൃതി ദൃശ്യങ്ങളെയും പകർത്തിക്കഴിഞ്ഞു. തിരക്കേറിയ തീർത്ഥാടകസംഘത്തോ ടൊപ്പം ഒരതിർത്തിവരേയും നടന്നുകഴിഞ്ഞപ്പോൾ പലരും ക്ഷീണിതരായി. എന്നാലും ഉത്സാഹപൂർവ്വം ഓരോ സംഭവവും പകർത്തുന്നതിന്നു സാധിച്ചു.

ഭാരതീയപുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള പമ്പാനദി മനോഹരമായ ഒരു ദൃശ്യമാണ്. സീതാന്വേഷണാർത്ഥം രാമലക്ഷ്മണന്മാർ ഈ വഴി വന്നിട്ടുണ്ടെന്നാണു പുരാണം. സീതയെയുംകൊണ്ടു രാമൻ മടങ്ങുമ്പോൾ പമ്പയുടെ മനോഹാരിത ചൂണ്ടിക്കാട്ടിയിരുന്നു. രാമായണകർത്താവ് 'പുഷ്പലതാപരിവേഷ്ടിതപാദപ സൽഫല സേവിതം സന്തുഷ്ടജന്തുകം' എന്നു വിശേഷിപ്പിച്ചിട്ടുള്ളതു ഈ പ്രകൃതിദൃശ്യത്തെയാണ്. അനന്തമായ കണ്ണാടിച്ചില്ല്പോലെ വെട്ടിത്തിളങ്ങുന്ന പമ്പാനദിയുടെതീരങ്ങളിൽ അയ്യപ്പഭക്തന്മാർ കൂട്ടമായി വന്നുനിറയും. പമ്പാനദിക്കരയിൽ കച്ചവടക്കാരും എത്തിച്ചേരും. പമ്പാനദിയെ ആലിംഗനം ചെയ്യുന്ന ത്രിവേണിയും ഇവിടെയാണ്. ത്രിവേണിയിലൊന്നു സ്നാനംചെയ്തു പമ്പാനദിക്കരയിലെ സദ്യയിൽ പങ്കുകൊണ്ടു് അയ്യപ്പഭക്തന്മാർ രാത്രികാലം ശരണംവിളിച്ചു് 'ശിവരാത്രി' യാക്കിക്കഴിയുന്നു. വർണ്ണപ്പകിട്ടേറിയ പമ്പയിലെ രാത്രി ഒരു മഹാമേളയുടെ പ്രതീതി ജനിപ്പിക്കുന്നു. പമ്പയുടെ പരിസരങ്ങളിൽ അയ്യപ്പനും വാവരും സ്വൈരവിഹാരം നടത്തിയിരുന്നു. മാമുനിമാർ ചമ്രംപടിഞ്ഞിരുന്നു ലോകകാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് പമ്പയുടെ കരയിൽവെച്ചായിരുന്നവത്രെ. മനോഹരമായ ഈ പ്രദേശം മനുഷ്യസ്പർശമേറ്റു് പുളകംകൊള്ളുന്നതു് അയ്യപ്പന്മാരുടെ വരവോടുകൂടിയാണ്. പമ്പയിലെ താമസത്തിന്നുശേഷം നീലിമലകയറി അപ്പാച്ചിമേടും കടന്നു ശബരീപീഠത്തിലെത്തുന്ന അയ്യപ്പന്മാർ തങ്ങളുടെ വഴിപാടുകൾനടത്തുന്നു. അയ്യപ്പനെ സമീപിക്കുന്തോറും ശരണംവിളിയിലുള്ള വികാരാവേശങ്ങൾ കൂടും. അയ്യപ്പദർശനത്തിന്നായി പതിനെട്ടാംപടി കയറിച്ചെല്ലുന്ന ഭക്തന്മാർ പടികളിൽ നാളികേരമുടയ്ക്കുന്നു. പതിനെട്ടാംപടിക്കു മുകളിൽ പള്ളികൊള്ളുന്ന അയ്യപ്പന്ന് അടുത്തുതന്നെ 'വാവർ സാഹിബി'നെയും പ്രതിഷ്ഠിച്ചിട്ടുണ്ട്. പതിനെട്ടാംപടിയുടെ മുൻവശം അയ്യപ്പന്റെ വിശ്വാമിത്രമായ വാവർ ഇതെല്ലാംകണ്ട് നിർവ്വികാരനായിരിക്കുകയാണ്. ഭക്തർ വാവരെ ഭയഭക്തിയോടെ വന്ദിച്ചിട്ടാണ് പടികയറുന്നത്. തങ്ങളെമറക്കാത്ത ജനങ്ങളുടെ അനുമോദന പ്രകടനങ്ങൾ കണ്ടു് അയ്യപ്പനും വാവരും മൂകഭാഷയിൽ സന്ദേശങ്ങൾ കൈമാറുന്നുണ്ടാകും.

ഇപ്പോൾ ദേവസ്വംബോർഡിന്റെ കീഴിലാണ് ശബരിമലഅയ്യപ്പനും സ്നേഹിതൻ വാവരും വാഴുന്നതു്. അവരുടെ ഇംഗിതാനുസരണം ബോർഡ് സൗകര്യങ്ങളേർപ്പെടുത്തുകയാണത്രെ. ഭക്തന്മാർ വണ്ടിപ്പെരിയാർ വഴിക്കും ശബരിമലയിൽ വന്നെത്തുന്നുണ്ടു്. യാത്രാസൗകര്യം വേഗവും ഭക്തന്മാരെ ആ വഴിക്കാണു് തിരിച്ചുവിടുന്നതു്. കേരളത്തിൽ ഇത്രയേറെ ആരാധകർ ഒരുമിച്ചുകൂടുന്നസ്ഥലം മറ്റൊന്നില്ല. ഇപ്പോൾ ജലം, വിളക്കു്, ശുചീകരണം തുടങ്ങിയ കാര്യങ്ങിൽ ഭരണാധികാരികൾ കൂടുതൽ ശ്രദ്ധചെലത്തുന്നുണ്ടു്. വർഷംതോറും അവിടെ വീഴുന്ന വരവിന്റെ കണക്കു് ഭീമമാണു്, വിശ്വാസികൾക്കും അല്ലാത്തവർക്കും പ്രവേശിക്കാവുന്ന ഒരു കേന്ദ്രമെന്നനിലയിൽ ശബരിമല പ്രസിദ്ധമാണു്. നൂറ്റാണ്ടുകൾക്കപ്പുറത്തു് സംഭവിച്ചെന്നു പറയുന്ന ഒരു പുരാവൃത്തം. മനുഷ്യരുടെ വിശ്വാസങ്ങളെ ഭരിക്കുന്ന കാഴ്ചയാണ് ശബരിമലയിൽ കാണുന്നതു്. ഐതിഹ്യമാണെങ്കിലും ശാശ്വതമായ ഹിന്ദു–മുസ്ലിംമൈത്രിയുടെ ആദർശപാത്രങ്ങളായ അയ്യപ്പനോടും വാവരോടും നാം എന്നും കൃജ്ഞരായിരിക്കുക. ഞങ്ങൾ യാത്ര പറഞ്ഞുപിരിയുമ്പോൾ പുരാതനമായ ഒരു പുണ്യഭൂമിയിൽനിന്നു എന്തോ സമ്പാദിച്ചു മടങ്ങുന്ന പ്രതീതിയാണുണ്ടായിരുന്നതു്.

# കുടകിലെ കുങ്കിയമ്മ

കേരളവുമായി പണ്ടുമുതൽക്കേ ബന്ധപ്പെട്ട് കിടന്നിരുന്ന മനോഹരനായ കുടകനാട്ടിലൂടെ ഒരു യാത്രചെയ്യുണമെന്ന ആഗ്രഹം ഹൃദയത്തിൽ നാമ്പെടുത്തിട്ടു വളരെ നാളുകളായിരുന്നു. ഈയിടെയാണു് അതിന്നുള്ള ഭാഗ്യം സിദ്ധിച്ചതു്. തലശ്ശേരിയിലെത്തിയ ഞങ്ങൾ അല്പനേരം വിശ്രമിച്ചശേഷം, ഇന്നു മൈസൂരിന്റെ ഭാഗമായി കഴിയുന്ന കുടകിലേയ്ക്കു ബസ്സുവഴിയാത്രതിരിച്ചു.

പുരാതനകേരളത്തിലെ പ്രതാപമഹിമയുടെ നഷ്ടാവശിഷ്ടങ്ങൾ ചികഞ്ഞുനോക്കുന്ന ചരിത്രാന്വേഷകർക്കു് അത്ഭുതാവഹങ്ങളായ പല ചരിത്രസത്യങ്ങളും കണ്ടിപിടിക്കുവാൻ സാധിക്കുന്നതാണ്. പരാക്രമശാലികളായ പഴശ്ശിരാജാ, സാമൂതിരിരാജാ എന്നീ ഭരണാധികാരികളെപ്പോ

ലെ നാട്ടിന്റെ അഭ്യുന്നതിക്കായി ക്ഷേമകരമായ ഭരണം നടത്തിയ മഹിളാമണികളും പ്രാചീനകേരളത്തി

ലുണ്ടായിരുന്നു. അവരുടെ വീരാപദാനങ്ങളെ പ്രകീർത്തിക്കുന്ന 'വടക്കൻ പാട്ടുകൾ' മാത്രമാണു് ഇന്നു ചരിത്രരേഖകളായി അന്വേഷകരുടെ മുമ്പിൽ ഉയർന്നുനിൽക്കുന്നതു്. വടക്കൻ പാട്ടിലെ ഉണ്ണിയാർച്ചയുടെ ധൈർയ്യത്തേയും സ്ഥൈർയ്യത്തേയും അധുനാതനർപോലും അഭിനന്ദിക്കുന്നുണ്ടു്. ഉണ്ണിയാർച്ചയുടെ കാലഘട്ടത്തിനപ്പുറത്തുതന്നെ കേരളത്തിന്റെ അയൽദേശമായ കുടകിൽ യുദ്ധനൈപുണ്യവും ഭരണപാടവവും തികഞ്ഞ ഒരു ധീര തരുണി രാജ്യംഭരിച്ചിരുന്നു. അവരായിരുന്ന. 'കോടാർ മടയിലെ കൊങ്കിയമ്മ' കോടാർമലയെന്നു പറഞ്ഞാൽ കുടകരുടെ മല എന്നാണു ജനങ്ങൾ മനസ്സിലാക്കുന്നതു്. ഇടതിങ്ങിനിൽക്കുന്ന കാപ്പിത്തോട്ടങ്ങളും ഹൃദയാകർകങ്ങളായ കുന്നിൻനിരകളും കോടാർമലയെ ആവരണം ചെയ്തിരിക്കുകയാണു്. പ്രകൃതിഭംഗി നിറഞ്ഞ ഈ മലമ്പ്രദേശം ഒരു കാലത്തു്, ഇന്നു് വടക്കൻപാട്ടിലെ ഒരു കഥാപാത്രമായിത്തീർന്നിരിക്കുന്ന കൊങ്കിയമ്മറാണിയുടെ അധിവാസകേന്ദ്രമായിരുന്നു. ആരാണീ കൊങ്കിയമ്മ എന്നറിയുവാനുള്ള ഔത്സുക്യത്തോടുകൂടി വീരരാജേന്ദ്രപേട്ടയ്ക്കടുത്തുള്ള കൊങ്കിയമ്മയുടെ നെടുംകോട്ട

കാണുവാൻ ഞങ്ങളുടെ ചരിത്രാന്വേഷണസംഘം കുടകിലൂടെ യാത്രയാരംഭിച്ചു. കൊങ്കിയമ്മയുടെ ഇരുളടഞ്ഞ കോട്ടയിൽ ഞങ്ങൾ ജിജ്ഞാസയോടെ പ്രവേശിച്ചു. കരിങ്കല്ലുകൊണ്ടു് ഉയർത്തികെട്ടിയിട്ടുള്ള മൂന്നു തട്ടുകളുള്ള ഈ കോട്ട കടങ്കഥകളുടേയും ഐതിഹ്യങ്ങളുടേയും കേന്ദ്രമാണു്. ഉള്ളിൽ വിസ്താരമുള്ള ഒരു തളവും ആഴമുള്ള ഒരു കിണറും മുകളിലേക്കു് കയറുവാനുള്ള കോവണിയും കാണാം. കരിങ്കല്ലും ഇരുമ്പുംകൊണ്ടു പണിതുണ്ടാക്കിയ ഉറപ്പേറിയ മതിലുകൾ പുരാതന കേരളത്തിലെ കെട്ടിടനിർമ്മാണത്തിന്റെ ഭദ്രതയെ വിളിച്ചുപറയുന്നുണ്ടു്. ഇടയ്ക്കിടയ്ക്ക് ഗുഹകളും ഗൂഢമാർഗ്ഗങ്ങളും കാണാം. പക്ഷേ, അതെല്ലാം അന്ധകാരാവൃതമാണു്. കോട്ടയുടെ ഒരു മൂലയിൽ കൊങ്കിയമ്മയുടെ ഒരു വാളും കഠാരിയും ഇരുമ്പിന്റെ ഒരു കവചവും ഇന്നും സൂക്ഷിച്ചിട്ടുണ്ടു്.

കൊങ്കിയമ്മ ഒരു ദേവതയാണെന്നും മലയാളനാട്ടിൽനിന്നു വന്ന ഒരു മഹാറാണിയാണെന്നും കുടകർ വിശ്വസിക്കുന്നു. കുടകരുടെ ഐതിഹ്യങ്ങളിൽ കൊങ്കിയമ്മയ്ക്ക് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളതു്. വിദ്യാഭ്യാസവും പരിഷ്കാരവും സിദ്ധിക്കാത്ത കുടകിലെ മലയർ കൊങ്കിയമ്മയെ ഒരു ഭഗവതിയെപ്പോലെ ഗണിക്കുന്നു. ഒരു യക്ഷിയുടെ പരാക്രമങ്ങളാണു് കൊങ്കിയമ്മയ്ക്കുള്ളതെന്നു് അവർ കരുതുന്നു. ആഴ്ചയിൽ നല്ല ദിവസങ്ങളിൽ കൊങ്കിയമ്മ അശരീരിയായി ശബ്ദമുണ്ടാക്കുകയും തന്റെ പ്രജകളുടെ ക്ഷേമകാര്യങ്ങളെക്കുറിച്ചു് അന്വേഷിക്കുകയും ചെയ്യുമത്രെ! പുരാതന തമിഴ്ഗ്രന്ഥങ്ങളിൽ കൊങ്കിയമ്മയെപ്പറ്റി ചില ഐതിഹ്യശകലങ്ങൾ കാണുന്നുണ്ടു്. കുടകരുടെ അന്ധവിശ്വാസങ്ങളിലൂടെ നോക്കുമ്പോഴും ഈ കൊങ്കിയമ്മ ചരിത്രത്തിൽ പ്രാധാന്യം കല്പിക്കേണ്ട ഒരു മഹതിയാണെന്നു പറയാം. വടക്കൻ പാട്ടിലൂടെ കൊങ്കിയമ്മയെപ്പറ്റി അനുവാചകർക്കു് ഗ്രഹിക്കാൻ സാധിക്കുന്നതിങ്ങിനെയാണു്: 'കോടാർ മലകഞ്ഞികൊങ്കിയമ്മ' എന്നു വിളിക്കപ്പെടുന്ന ഈ റാണിയുമായി പ്രസിദ്ധ രണധീരനായ ആരോമൽ ചേകവർക്കും തണ്ടാശേരിച്ചാപ്പനും വളരെയെടുത്ത ബന്ധമുണ്ടായിരുന്നു. വയനാടു കോട്ടയിലേക്കു പോകാറുള്ള ആരോമൽ ചേകവരും കൊങ്കിയമ്മയുടെ അതിഥികളായി താമസിക്കുകയും രാജ്യഭരണസംബന്ധമായ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു. കൊങ്കിയമ്മയ്ക്കു് ഭർത്താവോ സന്താനങ്ങളോ ഉണ്ടായിരുന്നില്ല. യുദ്ധസാമർ

ത്ഥ്യവും നയതന്ത്രജ്ഞതയും തികഞ്ഞ കൊങ്കിയമ്മയെ ആരോമൽചേകവർ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തു. ഒരിക്കൽ കൊങ്കിയമ്മ വയനാടുകോട്ട പിടിച്ചടക്കാൻ ആരോമൽചേകവരോടു പറഞ്ഞു. ആരോമൽ ചേകവർ കൊങ്കിയമ്മയുടെ ആജ്ഞ നിറവേറ്റി. മലയാളനാട്ടിലെ അഥിതികളെ സ്വീകരിക്കുവാൻ കൊങ്കിയമ്മ വളരെ താല്പര്യം പ്രകടിപ്പിച്ചിരുന്നു. വടക്കൻപാട്ടിൽ കൊങ്കിയമ്മയെപ്പറ്റി പലസ്ഥലത്തും വർണ്ണിച്ചിട്ടുണ്ട്. ആ വർണ്ണനകൾ മാത്രമാണ് കൊങ്കിയമ്മയെക്കുറിച്ച് കേരളത്തിനു് ലഭിച്ചിട്ടുള്ള തെളിവുകൾ. പുരാതനകേരളത്തിന്റെ പാരമ്പര്യമഹിമയെ വർണ്ണിക്കുന്ന വടക്കൻപാട്ടുകൾ എത്ര അപരിഷ്കൃതമാണെങ്കിലും കേരളസംസ്കാരത്തിലേക്കും ചരിത്രത്തിലേക്കും വെളിച്ചം വീശുന്ന ഉന്നതോപാധിയാണെന്നു പറയാതെ തരമില്ല.

കുടകിൽ പണ്ടേയ്ക്കു പണ്ടേ താവളമുറപ്പിച്ചിട്ടുള്ള മലയരുടെ നാടൻപാട്ടിൽ കൊങ്കിയമ്മയെ വർണ്ണിക്കുന്നതു് ഇങ്ങനെയാണു്; "ഒരു വാളും മെയിലങ്കിയും വെച്ചോളള ഭഗവതിയാണാവാം കൊങ്കിയും". ഉടവാളും ദേഹത്തിൽ അങ്കിയും അണിഞ്ഞിട്ടുള്ള ഒരു ഭഗവതിയായിരുന്നു കൊങ്കിയമ്മ എന്നാണതിന്റെ അർത്ഥം. കൊങ്കിയമ്മ കുടകിൽ എന്നു വന്നുവെന്നോ എവിടെനിന്നു വന്നുവെന്നോ തെളിയിക്കുന്ന ചരിത്രരേഖകൾ ലഭിച്ചിട്ടില്ല. ഭടാഗ്രിമന്മാരായ കേരളീയരുടെ വംശത്തിൽപ്പെട്ട ഒരു റാണിയായിരിക്കും കൊങ്കിയമ്മയെന്നനുമാനിക്കാം. എങ്ങനെയായലും കേരളവുമായി വളരെയെടുത്ത ബന്ധം സ്ഥാപിച്ചിട്ടുള്ള കൊങ്കിയമ്മ ഒരു കേരളീയ തരുണിയായിരിക്കും എന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. ഉണ്ണിയാർച്ചയ്ക്കു മുൻപുതന്നെ കോടാർ മലയിൽ മലയാളക്കരയിൽനിന്നു പലരും ചെന്നിട്ടുണ്ടാകാം. കൊങ്കിയമ്മ മലയാളനാട്ടിൽനിന്നു രാജ്യഭാരം ഉപേക്ഷിച്ചുപോയ ഒരു മഹതിയാണെന്നും കുടകിലെ മലയർ പറയുന്നു. സാങ്കല്പികങ്ങളായ നിഗമനങ്ങൾക്കതീതമായി കൊങ്കിയമ്മ ചരിത്രത്തിൽ ഒരു യാഥാർത്ഥ്യമായി ചരിത്രാന്വേഷകരുടെ നിരന്തരം പരിശ്രമം കൊണ്ടു് ഉയർന്നുനിൽക്കുമെന്നു വിശ്വസിക്കാം.

കുടകിലധിവസിക്കുന്ന ജനങ്ങളുടെ ഇടയിൽ പ്രകൃതാചാരങ്ങൾ പലതും നടപ്പുണ്ടു്. ഗിരിവർഗ്ഗങ്ങളുടെ സാംസ്കാരികപാരമ്പര്യം ഇവിടെത്ത ആദിമനിവാസികളു

ടെ ജീവിതസമ്പ്രദായത്തിൽ നിഴലിച്ചുകാണാം. വയനാടൻ പ്രദേശങ്ങളിൽ കാണുന്ന പണിയന്മാരും നീലഗിരി കാടുകൾക്കു സമീപമുള്ള നായാടികളും, തൃശ്നാപ്പിള്ളി, തിരുനെൽവേലി ജില്ലകളിൽ കണ്ടുവരുന്ന പള്ളൻ ജാതിക്കാരും അന്തപ്പൂർ, കണ്ണൂർ ദേശങ്ങളിൽ ഇപ്പോഴും അവശേഷിച്ചിട്ടുള്ള "ഭേഡർ" വർഗ്ഗക്കാരും തിരുവിതാംകൂറിലെ ഏലമല, കണ്ണൻദേവൻമല എന്നിവിടങ്ങളിലെ അധിവാസക്കാരായ മുടവർജാതിക്കാരും കുടകിലെ ആദിമനിവാസികളുമായി വർഗ്ഗബന്ധംസ്ഥാപിച്ചിട്ടുണ്ടോ എന്നു തോന്നിപ്പോകുന്നു. സത്യസന്ധരും നീതിനിഷ്ഠയുള്ളവരുമാണു് ഇവിടത്തെ പ്രാകൃതവർഗ്ഗക്കാർ കുടിയേറിപ്പാർത്ത പലരുടേയും സമ്പർക്കംകൊണ്ടു് ഇവർ പരിഷ്കാരികളായി ട്ടുണ്ടു്. കണ്ണിന്നാനന്ദമേകുന്ന കുടകിൽ അസംഖ്യം വിലപിടിപ്പുള്ള വനസമ്പത്തുണ്ടു്. വനവിഭവങ്ങൾ വാങ്ങുകയും വിൽക്കുകയുംചെയ്യുന്നവ്യാപാരസംഘം അവിടെ മണത്തറിഞ്ഞു ചെന്നിട്ടു് നൂറ്റാണ്ടുകൾതന്നെ കഴിഞ്ഞു. ഓരോ കാലഘട്ടത്തിൽ കേരളത്തിലെ ഭരണകൂടങ്ങളുമായി സാമീപ്യം സ്ഥാപിച്ചിട്ടുള്ള കുടകർക്കു പ്രയത്നത്തിൽ അതീവ താല്പര്യമുണ്ടു്. വീരാരാധന പ്രാകൃതവർഗ്ഗങ്ങളുടെ ഇടയിൽഇന്നും പച്ചപിടിച്ചു നിൽക്കുകയാണു്. കൊങ്കിയമ്മയുടെ ഇതിഹാസം അവരുടെ രക്തധമനികളിൽ അഭിമാനത്തിന്റെ വിദ്യുച്ഛക്തിയാണു പകർന്നിട്ടുള്ളതു്. കേരളവുമായുള്ള മൺമറഞ്ഞ സാംസ്ക്കാരികബന്ധം പുനരുദ്ധരിക്കുകയും നഷ്ടപ്പെട്ട സൗഹൃദം വീണ്ടെടുക്കുകയും വേണം. പഴശ്ശിരാജാവിനും വേലുത്തമ്പിദളവയ്ക്കും നൽകുന്ന സ്ഥാനം കൊങ്കിയമ്മയ്ക്കും കേരളചരിത്രത്തിൽ നൽകേണ്ടതായിരുന്നു. കൊങ്കിയമ്മയുടെ വിലാസഭുവിൽനിന്നും യാത്ര തിരിക്കുമ്പോൾ അവരുടെ വീരസാഹസികതയെ സംബന്ധിച്ചുള്ളഓർമ്മകൾ ഞങ്ങൾക്കു് ഉന്മേഷം പകർന്നുതന്നു.

# വെല്ലൂർകോട്ട

ഒരു കാലത്തു കൈകോർത്തു പിടിച്ചിരുന്ന കേരളവും തമിഴ്നാടും മദ്ധ്യകാല ഘട്ടത്തിൽ വിട്ടുപിരിയുകയാണുണ്ടായതു്. തമിഴ് രാജ്യത്തിന്റെ സാംസ്കാരികബന്ധം കേരളത്തിനുണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ വലിയതാണു്. തമിഴ്നാട്ടിലൂടെ പര്യടനം നടത്തുമ്പോൾ നമ്മുടെ ചരിത്രപ്രസിദ്ധമായ വെല്ലൂർ സന്ദർശനപരിപാടിയിൽ നിന്നു് ഒഴിച്ചുനിർത്താൻ സാദ്ധ്യമല്ല. വെല്ലൂരിലെത്തുന്ന ഒരു ചരിത്രകുതുകിയുടെ ശ്രദ്ധ അവിടുത്തെ പഴയ കോട്ടയിലേക്കാണു് ആദ്യമായും തിരിയുക.

ഇന്ത്യാ ചരിത്രത്തിലെ രോമാഞ്ചം കൊള്ളിക്കുന്ന മഹാസംഭവങ്ങൾക്കു പാത്രീഭവിച്ച വെല്ലൂർ ഇന്നും പൂർവ്വകാലസ്മരണകൾ അയവിറക്കി മഹാദുർഗ്ഗത്തെ മാറിലടക്കി ചരിത്രാന്വേഷികളോടു് മൂകഭാഷയിൽ പറയുകയാണ് "പ്രതാപം അസ്തമിച്ച എന്റെ മാറിടത്തിൽ നിങ്ങളുടെ പാദങ്ങൾ പതുക്കെ അമർത്തുക" വെല്ലൂരിന്റെ ഇതിഹാസത്തിൽ അഭിമാനം കൊള്ളുന്ന ഒരു ആന്ധ്റാ കവിയുടെ കാവ്യശകലമാണിതു്. പ്രതാപശാലികളായ ആർക്കാട്ടു് നവാബുമാരുടെയും, മഹാരാഷ്ട്ര നായകന്മാരുടെയും ഇംഗ്ലീഷ്മേധാവികളുടെയും വീരാപദാനകഥകളാണ് വെല്ലൂരിനു പറയാനുള്ളതു്. ഉത്തര ആർക്കാട്ടിലെ സുപ്രധാന സങ്കേതമായ വെല്ലൂർ ദക്ഷിണേന്ത്യയിലെ പ്രശസ്തിയാർജ്ജിച്ച ചരിത്രസ്മാരകകേന്ദ്രമാണ്. സേവനത്തിന്റെ മന്ദഹാസവും സ്നേഹത്തിന്റെ കൂപ്പുകൈയുമായി നിൽക്കുന്ന വെല്ലൂരിലെ ആശുപത്രിയാണ് ആധുനികകാലത്തു് അവിടേക്കു് ജനതയെ ആകർഷിക്കുന്നതു്. പക്ഷേ നൂറ്റാണ്ടുകൾ മുമ്പു് ദക്ഷിണേന്ത്യൻ രാജാക്കന്മാരും പ്രജകളും തങ്ങളുടെ ദാനഭാഗധേയം നിർണ്ണയിക്കുന്ന കേന്ദ്രമായി വെല്ലൂരിനെ പരിഗണിച്ചിരുന്നു. പ്രതാപത്തിന്റെ കിന്നരിത്തലപ്പാവുമായികുതിച്ചുകയറിയ പലരും വെല്ലൂരിൽ നിലംപതിച്ചിട്ടുണ്ടു്. സമരവും, സന്ധിയും കണ്ടുതഴമ്പിച്ച വെല്ലൂർകോട്ടയ്ക്ക് കണ്ണുനീരിന്റെയും രക്തത്തിന്റെയും വികാരനിർഭരമായ കഥകൾ പറയാനുണ്ടു്.

വെല്ലൂരിന്റെ പ്രാധാന്യത്തിനു് നിദാനമായി നിൽക്കുന്ന വൻകോട്ടയ്ക്ക് ഒരു ച

തുരശ്രമൈൽ വിസ്തീർണ്ണമുണ്ടു്. ഒരു വലിയ യുദ്ധതന്ത്രകേന്ദ്രമായിരുന്ന ഈ കോട്ടയ്ക്ക് സുരക്ഷിതമായ കിടങ്ങുകളും പീരങ്കിസങ്കേതങ്ങളുമുണ്ടു്. തികച്ചും പല്ലവകാലത്തെ അനുസ്മരിപ്പിക്കുന്ന വാസ്തുവിദ്യയാണു് കോട്ടയെ അലങ്കരിച്ചിട്ടുളളതു്. കരിങ്കല്ലിൽ കവിതപൂവിട്ടു നിൽക്കുന്ന ശില്പസൗന്ദര്യം കോട്ട സന്ദർശിക്കുന്നവരെ അത്ഭുതപ്പെടുത്തും. കോട്ടയോടനുബന്ധിച്ചുളള പ്രധാന ക്ഷേത്രം വികാരം കൊളളിക്കുന്ന കാവ്യങ്ങളുടെ കരിങ്കൽ പകർപ്പാണു്. വിജയനഗര പ്രതാപത്തിന്റെ അനുസ്മരണകൾ ഉയർത്തി വിടുന്ന പലതും ഈ കോട്ടയിൽ കാണാം. സമരകേന്ദ്രമാണെങ്കിലും ഭാവനാശാലികളെക്കൊണ്ടു് അലങ്കരിപ്പിച്ചു നിർത്തിയിരിക്കുന്ന വെല്ലൂർ കോട്ട പലരുടെയും ആധിപത്യം മാറി മാറി പരീക്ഷിച്ചിട്ടുണ്ടു്. ഭാവനാശൂന്യരായ ചിലർ കോട്ടയിലെ ചില പ്രധാന ശ്വാശ്വതരൂപങ്ങൾ മാറ്റാൻ ശ്രമിച്ചുവെങ്കിലും കാര്യം നടപ്പാകുന്നതിനു് മുമ്പേ കോട്ട മറ്റൊരു ശക്തിക്കു കീഴ്പെട്ടിരിക്കും. അങ്ങനെ ദുർമ്മോഹികളെ തൂത്തെറിഞ്ഞ വെല്ലൂർ കോട്ടയുടെ ചരിത്രം ഐതിഹ്യങ്ങളുടെ മാറാലയിലാണ് ഇന്നും കുടുങ്ങിക്കിടക്കുന്നതു്.

ഇതിഹാസപുരുഷന്മാരായ ബൊമ്മറെഡ്ഡിയെന്നും, തിമ്മറെഡ്ഡിയെന്നും പേരുളള യാദവകുലപ്രതാപന്മാർക്കു ശിവന്റെ ആശീർവാദത്തോടെ പണിതുയർത്താൻ സാധിച്ച ഒരു ക്ഷേത്രസങ്കേതമാണ് വെല്ലൂർ കോട്ടയെന്നു് ചിലർ വിശ്വസിക്കുന്നു. വെല്ലൂരിലെ ചരിത്രപ്രസിദ്ധമായ ജലകണ്ഠേശ്വരം ക്ഷേത്രവും കോട്ടയും പണിയാരംഭിച്ചതു് ഏ.ഡി. 1274–ൽ ആണെന്നു് അനുമാനിക്കപ്പെടുന്നു. പക്ഷെ കോട്ടയുടെ ശില്പശാസ്ത്രത്തിനു് നാലു നൂറ്റാണ്ടിലേറെ പഴക്കം തോന്നിക്കുന്നില്ല. പുരാണപുരുഷനായ ശിവന്റെ മായാവിദ്യയാൽ ഒരൊറ്റ രാത്രികൊണ്ടു് പണിതുയർത്തതാണീ കോട്ടയെന്നു് പഴമക്കാർ വിശ്വസിക്കുന്നു. ബൊമ്മറെഡ്ഡിയുടെ കാലശേഷം വെല്ലൂരിൽ ഭരണമേറ്റ ഒരു രാജവംശത്തിനുവേണ്ടി ഒരു വിദേശശാസ്ത്രജ്ഞൻ പ്ലാൻ ചെയ്തു പണിതുണ്ടാക്കിയ കോട്ടയാണിതെന്നും പറയുന്നുണ്ടു്. ഇന്ത്യൻ ആർക്കിയോളജി വകുപ്പിന്റെ തലവന്മാർ എഴുപതു വർഷങ്ങൾക്കു മുമ്പേ ഈ കോട്ടയെപ്പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. "1500–നു ശേഷം ഈ രാജ്യം വാണിരുന്ന പ്രതിഭാസമ്പന്നരുടെ സംഭാവനയായിരിക്കണം ഈ കോട്ട. കോട്ടയുടെ കൊത്തുപണിയും ശിലകളുടെ പഴക്കവും അതാണ് വെളിപ്പെടുത്തുന്നതു്." പുരാവസ്തു ഗവേഷണവ

കുപ്പിന്റെ ശ്രദ്ധേയമായ ഈ അഭിപ്രായം കോട്ടയുടെ ചരിത്രപശ്ചാത്തലത്തിനു് വസ്തുനിഷ്ഠമായി രൂപം നൽകുന്നു. ഒരു വ്യാഴവട്ടക്കാലത്തെ നിരന്തര പ്രയത്നവും ഭീമമായ പണച്ചിലവും കോട്ട നിർമ്മാണത്തിനു വേണ്ടിവന്നു. രായലുവംശജന്മാരുടെ അധിവാസകേന്ദ്രമായതുകൊണ്ടു് വെല്ലൂരിന് "രായവേലൂർ" എന്ന പേരുണ്ടായിരുന്നു. രായവേലൂർ കാലാന്തരത്തിൽ വെല്ലൂരായി രൂപാന്തപ്പെട്ടതാണെന്നു് അനുമാനിക്കപ്പെടുന്നു. പ്രസിദ്ധ ദക്ഷിണേന്ത്യൻ ചരിത്രകാരനായ പ്രൊഫസ്സർ നീലകണ്ഠശാസ്ത്രി രായലുവംശത്തിന്റെ ഭരണകാലം വിസ്തൃതമായി വിവരിച്ചിട്ടുണ്ടു്. പത്താം നൂറ്റാണ്ടിനുശേഷം ആരംഭിച്ച രായലുവംശം വെങ്കിട്ടദേവമഹാരാമലു 12956 ൽ വെല്ലൂർ കീഴടക്കി. രായലുവംശത്തിലെ അവസാനത്തെ ഭരണാധികാരിയായ കൃഷ്ണദേവരായലു 1586–ൽ വെല്ലൂരിൽ പല പരിഷ്ക്കാരങ്ങളും വരുത്തി. വിജയനഗര സാമ്രാജ്യത്തിന്റെ പ്രതാപകാലത്തു് വെല്ലൂർ അതിന്റെ സുവർണ്ണയുഗത്തെയാണു പ്രഖ്യാപിച്ചതു്. തെലുങ്കു് കർണ്ണാടക സാഹിത്യത്തിന്റെ വളർച്ചയുടെ കാലഘട്ടമാണിതു്. പണ്ഡിതനും സംസ്കൃതചിത്തനുമായ കൃഷ്ണദേവരായരുടെ കാലത്തു് വെല്ലൂർ ഒരു സാംസ്ക്കാരികകേന്ദ്രമായിത്തീർന്നു. കൃഷ്ണദേവരായന്റെ "അമുക്തമാലയാദി" എന്ന പ്രസിദ്ധതെലുങ്കു് സാഹിത്യകൃതി രൂപം കൊണ്ടതു്. വെല്ലൂരിൽ നിന്നാണെന്നു് പറയുന്നു. തെലുങ്കു് സാഹിത്യത്തിന്റെ ഉപജ്ഞാതാവായ പെഡാനയും വെല്ലൂരിനെ വർണ്ണിച്ചിട്ടുണ്ടു്. സുപ്രസിദ്ധമായ തളിക്കോട്ട യുദ്ധത്തോടുകൂടി വെല്ലൂരിനെ വർണ്ണിച്ചിട്ടുണ്ടു്. സുപ്രസിദ്ധമായ തളിക്കോട്ട യുദ്ധത്തോടുകൂടി വെല്ലൂരിനും അതിന്റെ പൂർവ്വകാല പ്രതാപം നഷ്ടപ്പെട്ടു.

പതിനേഴാം നൂറ്റാണ്ടിനുശേഷം വെല്ലൂർകോട്ട പല യുദ്ധങ്ങളും നേരിട്ടു കണ്ടു. ബീജപ്പൂർ സുൽത്താന്മാരുടെയും മഹാരാഷ്ട്രരുടെയും പൊരിഞ്ഞ യുദ്ധം ഈ കോട്ടയ്ക്കകത്തുവച്ചു തന്നെ നടന്നു. 1708–ൽ ദൌഡ്ഖാന്റെ ശക്തമായ സേന മഹാരാഷ്ട്രരിൽനിന്നു് കോട്ടപിടിച്ചെടുത്തു. 1710–ൽ കർണ്ണാട്ടിക്കു് നവാബു് തന്റെ സീമന്തപുത്രിയുടെ രാജകീയ വിവാഹം വെല്ലൂർ കോട്ടയിൽ വച്ചാണു് നടത്തിയതു്. നവാബ് ദോസ്ത് ആലി ജാമാതാവിനു് വിവാഹപാരിതോഷികമായി വെല്ലൂർ കോട്ട നൽകി. 1711–ൽ ദക്ഷിണേന്ത്യയിലെ മുസ്ലീംരാജാക്കന്മാരുടെയും സൈനീകനായകന്മാരുടെയും സമ്മേളനവും കോട്ടയിൽവച്ചു നടന്നു. പക്ഷേ അവിടെ

എത്തിയ ഓരോരുത്തർക്കും വെല്ലൂർ ശക്തി ദുർഗ്ഗത്തിന്മേൽ ആശ ജനിച്ചു. ഈ കാലത്താണ്ു നവാബ്സഫ്ദാർ അലിയെ മുർത്താസലി മൃഗീയമായി കോട്ടയ്ക്കുള ളിൽ വച്ചു വധിച്ചതു്. അധികാരമോഹത്തേക്കാൾ പ്രണയവൈരാഗ്യമാണു് ഈ വ ധത്തിനു പിന്നിലുള്ളതെന്നു പറയുന്നു. രണ്ടു നവാബുമാർ ഒരു രാജകുമാരിയെ പ്രണയിച്ചു. ശക്തൻ ശക്തിഹീനനെ ഞെരിച്ചു കൊന്നു. ആ ഘട്ടത്തിൽ വെല്ലൂർ കോട്ട ദു:ഖകരമായ ഒരു കഥയുടെ അന്തിമാദ്ധ്യായം കുറിക്കുകയായിരുന്നു. ന സീറത്തു നസീറത്തുന്നിസായെന്ന ആ സൗന്ദര്യധാമം മുർത്താസലിക്കു് അടിപ്പെടാ തെ കോട്ടയ്ക്കുമുകളിൽനിന്നു് ചാടി ആത്മഹത്യ ചെയ്തു. അങ്ങനെ പ്രണയത്തി ന്റെ ദുരന്തനാടകങ്ങൾ പലതും കണ്ടു തഴമ്പിച്ച പാരമ്പര്യമാണു് വെല്ലൂർ കോട്ടയ് ക്കുള്ളതു്. സ്വാതന്ത്ര്യപ്രീയനും സാഹസികനുമായിരുന്ന മുർത്താസലി ആർക്കാർ ട്ടു നവാബിനെതിരായി തിരിഞ്ഞു. നവാബ് ഇംഗ്ലീഷുകാരുടെ സഹായത്തോടെ കോട്ട കീഴടക്കി. 1760–ൽ കോട്ട ഇംഗ്ലീഷ് പട്ടാള കേന്ദ്രമായിമാറി.

ഇംഗ്ലീഷുകാർക്കു് സ്വൈരമായി കോട്ടയുടെ ആധിപത്യം പുലർത്താൻ പ്രഥമ ഘട്ടത്തിൽ സാധിച്ചില്ല. പ്രതാപവാനായ ഹൈദരാലിഖാന്റെ സന്ധിയില്ലാ സമരം ഇംഗ്ലീഷുകാർക്കു് വലിയ പ്രശ്നമായി. ഹെദരാലിഖാൻ കോട്ടകീഴടക്കാൻ നിരന്ത രം സമരം ചെയ്തു. മാസങ്ങൾ തന്നെ കോട്ടയ്ക്കു ചുറ്റും കാവലിട്ടു. പലരും പ ട്ടിണികൊണ്ടു് കോട്ടയിൽ കിടന്നു നരകയാതനയനുഭവിച്ചു. ഹൈദരിന്റെ മരണശേ ഷമാണു് ഇംഗ്ലീഷുകാർക്കു് കോട്ടയിൽ സ്വൈരമായി താമസിക്കാൻ സാധിച്ചതു്. 1791–ലെ മൈസൂർ ആക്രമണത്തോടുകൂടി വെല്ലൂർ വലിയ യുദ്ധതന്ത്രകേന്ദ്രമായി മാറി. ദക്ഷിണേന്ത്യയിൽനിന്നു് പിടിക്കപ്പെട്ട എല്ലാ സ്വാതന്ത്ര്യപ്രേമികളെയും വെല്ലൂർ കോട്ടയിലാണു് ഇംഗ്ലീഷുകാർ താമസിപ്പിച്ചതു്. ടിപ്പുവിന്റെ കുടുംബാം ഗങ്ങളെ ബംഗാളിലേയ്ക്ക് മാറ്റുന്നതുവരെ ഇവിടെ താമസിപ്പിച്ചു. 1857–ലെ സ്വാത ന്ത്ര്യസമരകാലത്തു് വെല്ലൂർകോട്ട മൂന്നുപ്രാവശ്യം നാട്ടുകാർ ആക്രമിച്ചു. ആ കാ ലത്തു് ബന്ധനത്തിലാക്കിയ അനേകം ദേശാഭിമാനകളെ വെല്ലൂർകോട്ടയ്ക്കുതന്നെ ഇംഗ്ലീഷുകാർ ബലി നൽകി. പലഘട്ടങ്ങളിലും തങ്ങളുടെ നഷ്ടപ്പെട്ട ശക്തിവീണ്ടെ ടുക്കാൻ ദക്ഷിണേന്ത്യൻ രാജാക്കന്മാർ സംഘടിച്ചു, കോട്ട ആക്രമിച്ചു. പക്ഷേ ഇം ഗ്ലീഷ്സൈന്യം അവരെ തുരത്തി. പലരേയും പിടിച്ചു കോട്ടയ്ക്കു വടക്കുപടി

ഞ്ഞാറ്റ് സ്ഥിതി ചെയ്യുന്ന 'മഹാമായ' കുടികൊള്ളുന്ന വിരിഞ്ചീപുരം ക്ഷേത്രമതിലിൽ ചാരി നിർത്തി വെടിവെച്ചു കൊന്നു. കോട്ടയുടെ തുരങ്കങ്ങൾ മനുഷ്യശരീരങ്ങൾകൊണ്ടു് അടച്ചുകളയുകയും ചെയ്തിട്ടുണ്ടെന്നാണ് സ്വാതന്ത്ര്യസമരചരിത്രകാരന്മാർ പറയുന്നതു്. രക്താഭിഷിക്തമായ വിരിഞ്ചീപുരം ക്ഷേത്ര മതിലുകൾ രതിലീലകളുടെ വികാരസുന്ദ്രമായ ചിത്രങ്ങൾ കൊണ്ടു് അലംകൃതവുമാണ്. കല്ലുകളിൽ കാണുന്ന ഈ കാമലീലകൾക്കു് പിന്നിൽ പ്രതിഭാശാലികളായ നിരവധി കലാകാരന്മാരുടെ പ്രയത്നം ഊറിക്കിടക്കുന്നുണ്ടു്. ജീവിതത്തിന്റെ രണ്ടു വശങ്ങളായ കോപവും സ്നേഹവം ഇടകലർന്നു് കാണുന്ന ഈകലാകേന്ദ്രം ശ്രദ്ധേയമാണ്.

പതിനാലുലക്ഷത്തിലേറെ ജനങ്ങൾ അധിവസിക്കുന്ന വെല്ലൂർ നിരവധി സുന്ദരസ്വപ്നങ്ങൾ തിങ്ങിനിൽക്കുന്ന രാജ്യമാണ്. ഇവിടത്തെ ജനങ്ങളിൽ എല്ലാമതവിശ്വാസികളും ഉണ്ടു്. വെല്ലൂർ ഭരിച്ച എല്ലാ രാജവംശങ്ങളുടെയും, പിന്തടർച്ചക്കാരാണെന്നു് അവകാശപ്പെടുന്നവരേയും ഇവരിൽ കാണാം. "എന്റെപ്പൂപ്പാക്കൊരാനയുണ്ടായിരുന്നു." വെന്ന ബോധത്തോടെ കഴിയുന്ന അവരുടെ ഇടയിൽ നിരവധി മലയാളികളും കടന്നുകൂടിയിട്ടുണ്ടു്. അവരും കോട്ടയുടെ അവകാശികളാണോ എന്നറിയില്ല.

# ശിലകളുടെ ഇതിഹാസം

ചരിത്രസംസ്കാരം പതിഞ്ഞുനിൽക്കുന്ന ശിലകൾക്ക് പല കഥകളും പറയാനുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ നാഗരികതയെ ശിലായുഗങ്ങളുമായി ബന്ധപ്പെടുത്തി പുരാവസ്തു ഗവേഷകന്മാർക്കു് വിജ്ഞാനപ്രദങ്ങളായ ധാരാളം വിവരങ്ങൾ നൽകുവാൻ കഴിയും.

പ്രാചീന ശിലായുഗമെന്നും നവീന ശിലായുഗമെന്നും വേർതിരിക്കപ്പെട്ട കാലഘട്ടങ്ങളിൽ വിരലൂന്നിയാണു് നാഗരികത്വം അടയാളപ്പെടുത്തുന്നതു്. ഭൂഖനനവേളയിൽ ലഭിച്ച പണിയായുധങ്ങളും സ്നാനഘട്ടദൃശ്യങ്ങളും വണ്ടിച്ചക്രങ്ങളും, അതിന്നവർ തെളിവുകളായി പൊക്കിക്കാട്ടുന്നു. നൂറ് വർഷങ്ങൾക്കു് മുൻപു് (1859) ഡാർവ്വിന്റെ 'ഓറിജിൻ ഓഫ് സ്പീഷിസ്' പ്രസിദ്ധീകരിച്ചതോടെ ശിലായുഗ സംസ്ക്കാരക്കെപ്പറ്റി ഒരു സാമാന്യ ധാരണ ചരിത്രതൽപരർക്കുണ്ടായി. രണ്ടു ലക്ഷവും നാലു ലക്ഷവും വർഷങ്ങൾക്കുമുമ്പ് മണ്ണടിഞ്ഞുപോയ സാംസ്ക്കാരിക കേന്ദ്രങ്ങളിലെ പുരാവസ്തുക്കൾ കണ്ടുപിടിക്കുന്നതിൽ പലരും വ്യാപൃതരായി. ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അന്വേഷണം പല സംശയങ്ങൾക്കും പ്രതിവിധി കണ്ടെത്തി. മോഹൻജദാരോവിന്റെയും ഹാരപ്പയുടേയും പുരാവൃത്തമറിഞ്ഞു് കോരിത്തരിച്ചവർ പലരും ദക്ഷിണേന്ത്യയുടെ ശിലായുഗ സംസ്ക്കാരത്തെപ്പറ്റി അത്രയധികം അന്വേഷിക്കാൻ പുറപ്പെട്ടില്ല. കേവലം ഐതിഹ്യത്തിന്റെ മൂടൽമഞ്ഞിൽ കുടുങ്ങിക്കിടക്കുന്ന നമ്മുടെ രാജ്യത്തിന്റെ പ്രാചീനകാലത്തെപ്പറ്റി എന്തുകൊണ്ടു് അന്വേഷിക്കുവാൻ കഴിയുന്നില്ല? മറ്റുവല്ല ആവശ്യത്തിനും ഭൂമി കിളക്കുമ്പോൾ കണ്ടെത്താറുള്ള ഗുഹകൾ, ശ്മശാനങ്ങൾ, കല്ലുകൊണ്ടുള്ള ആയുധങ്ങൾ തുടങ്ങിയവ ശിലായുഗ സംസ്ക്കാരം ഈ രാജ്യത്തെ പരിവേഷമണിയിച്ചിരുന്നു എന്നല്ലെ തെളിയിക്കുന്നതു്?

പ്രാചീന ശിലായുഗത്തിലെ പ്രത്യേകതകൾ സൂചിപ്പിക്കുന്ന ചില ആയുധങ്ങളും മറ്റും മലബാറിന്റെ കിഴക്കൻ ചുരങ്ങളിൽനിന്നു് ഒരു കാലത്തു് കണ്ടെടുത്തിരുന്നു.

കിട്ടിയ വസ്തുക്കളെത്തുടർന്നു ഗവേഷണം നടത്തുന്നതിൽ ആരും തല്പരരായില്ല. 1763ൽ ബ്രൂസ് ഫുട്ടു് മദിരാശി സംസ്ഥാനത്തുനിന്നും കണ്ടെടുത്ത വസ്തുക്കളോടു് സാമ്യമുള്ളതാണു് പാലക്കാടൻ ചുരത്തിൽനിന്നും ലഭിച്ചതു്. പുതുക്കോട്ടയിൽ നടത്തിയ ഭൂഗർഭാന്വേഷണം ശിലായുഗ ഘട്ടങ്ങളുടെ തെളിവാർന്ന സ്മാരകങ്ങൾ തന്നെ പുറത്തുകൊണ്ടുവന്നു. ദക്ഷിണാപഥത്തിലെ പശ്ചിമഭാഗമായ കേരളവും പ്രാചീന ശിലായുഗത്തിലൂടെ കടന്നുപോന്ന രാജ്യമാണെന്നകാര്യത്തിൽ സംശയമില്ല. നവീന ശിലായുഗത്തിന്റെ കാലനിർണ്ണയത്തിൽ പല രാജ്യങ്ങളും പലതരത്തിലാണു് പ്രാധാന്യം കല്പിക്കുന്നതു്. പൊതുവിൽ നവീന ശിലായുഗം (Neolithic or New Stone Age) B.C. 20,000–നും 5000–നും മദ്ധ്യേയായിട്ടാണു് കണക്കാക്കപ്പെടുന്നതു്. നവീന ശിലായുഗം ആരംഭിക്കുന്നതിനുമുമ്പുള്ള കാലം പ്രാചീന ശിലായുഗമെന്നും അറിയപ്പെടുന്നു. കല്ലുകൊണ്ടുണ്ടാക്കിയ ആയുധങ്ങൾ മൂർച്ചവെപ്പിച്ചു് ഉപയോഗക്രമത്തിൽ അല്പംകൂടി പരിഷ്കാരം സ്വീകരിച്ച നവീന ശിലായുഗത്തിലാണു് വെട്ടലും കുഴിക്കലും പുരോഗമിച്ചതു്. പ്രസിദ്ധ ഭൂഗർഭശാസ്ത്രജ്ഞനായ മോർട്ടിമർ വീലർ മൈസൂരിലെ ചിത്തൻ ദുർഗ്ഗിലും പരിസരങ്ങളിലും നടത്തിയ ഗവേഷണംകൊണ്ടു് ആയുധ സംസ്ക്കാരകാലം നിർണ്ണയിക്കുകയുണ്ടായി. പുതുക്കോട്ടയിലും രാമനാട് ജില്ലയിലെ മറ്റുഭാഗങ്ങളിലും നടത്തിയ അന്വേഷണം B. C. 200 വരെയുള്ള കാലത്തെ ആയുധങ്ങൾ പലതും പുറത്തു കൊണ്ടുവരാൻ പര്യാപ്തമായി. കുത്തുളി, ഉടക്കുളി, തോലുളി, കുന്തം, അറക്കവാൾ, കൊത്തി മുതലായ ആയുധങ്ങളുപയോഗിക്കുന്ന ദക്ഷിണേന്ത്യക്കാർ ശിലായുഗകാലങ്ങളുമായി ഇഴുകിച്ചേർന്നവരാണെന്നു് വ്യക്തമാക്കപ്പെട്ടിരിക്കുകയാണു്.

മൈസൂരിലും മദിരാശിയിലും കണ്ടുപിടിക്കപ്പെട്ടിട്ടുള്ള മൺഭരണികൾ, ഗുഹകൾ, ശവകുടീരങ്ങൾ, എന്നിവയ്ക്കു് തുല്യം കേരളത്തിൽ ഗവേഷണം നടത്താതെ തന്നെ യാദൃശ്ചികമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ശവകുടീരങ്ങളുടെ സംവിധാനത്തിൽ മലബാറിൽ ഐകരൂപ്യമുണ്ടായിരുന്നെന്നു് തോന്നുന്നു. കൊടുങ്ങല്ലൂരിനു് വടക്കുഭാഗത്തു് സ്ഥിതിചെയ്യുന്ന റോഡരുകിൽ (പുരാതന തൃക്കണാ മതിലകം പ്രദേശത്തു്) മണ്ണിളക്കിക്കഴിഞ്ഞാൽ പത്തടി താഴെ വലിയ മൺഭരണികൾ ഇക്കാലത്തും കാണപ്പെടുന്നുണ്ടു്. ഭീമാകൃതിയിലുള്ള പ്രസ്തുത മൺഭരണികളിലായിരു

ന്നു നവീന ശിലായുഗ കാലത്തു് ശവശരീരം അടക്കിയിരുന്നതു്. പുതുക്കോട്ടയിൽ നിന്നു് കണ്ടെടുക്കപ്പെട്ട ഇത്തരം ഭരണികളിൽ ശിലായുധങ്ങളും ദ്രവിച്ച ധാന്യങ്ങളുമുണ്ടായിരുന്നു. മൃതദേഹം മൺഭരണിയിലിറക്കിവച്ചു് മൂടിപ്പലകയിട്ടു് നാലു ചുറ്റും കല്ലറകൾ പണിതു് ഭദ്രമായി വേർതിരിച്ചു് നിറുത്തുന്നു. നിരനിരയായി ഇത്തരം ശവകുടീരങ്ങൾ കാണാം. നരവംശ ശാസ്ത്രജ്ഞനായ ജെ. സി. ബ്രൌൺ ദക്ഷിണേന്ത്യയിൽ ഒരു കാലഘട്ടത്തിൽ നിലനിന്നിരുന്ന ശിലായുഗ സംസ്ക്കാരത്തിന്റെ തെളിവുകളാണീ ശവസംസ്ക്കാര രീതിയെന്നു പറയുന്നു. കേരളത്തിൽ മണൽപ്രദേശങ്ങളിൽ മൺഭരണികളിലും, കൽപ്രദേശങ്ങളിൽ കല്ലറകളിലുമാണു് ശവം സംസ്ക്കരിച്ചിരുന്നതു്. കല്ലറകളിൽ ഒന്നിലധികം മൃതദേഹങ്ങൾ സംസ്ക്കരിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഭക്ഷണപാത്രങ്ങളും ധൂമക്കുറ്റികളും ചില അറകളിൽനിന്നു് കണ്ടെടുത്തു. കഴിഞ്ഞ നൂറ്റാണ്ടിൽ ജോ. ബാബിംഗ്ടണും, വില്യംലോഗനും, തെഴ്സ്റ്റനും മലബാറിലെ ശിലായുഗ സംസ്ക്കാരത്തെപ്പറ്റി കൌതുകപൂർണ്ണമായ ചില വിവരങ്ങൾ നൽകുകയുണ്ടായി. ലോർഡ് കണ്ണിംഗ്ഹാമിന്റെ കാലത്തു് ഒരു പുരാവസ്തു സർവ്വെനടത്തുന്നതിനു് ബ്രിട്ടീഷ് ഇന്ത്യയിൽ ശ്രമമാരംഭിച്ചു. റോയൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയും ആർക്കിയോളജി ഡയറക്ടർ ഡോ: ബർഗസും അതീവ താല്പര്യം കാണിച്ചതുകൊണ്ടു് അക്കാലങ്ങളിൽ മദ്രാസ്സിൽ ചെറിയ തോതിൽ പ്രവർത്തനം നടന്നു. റോബർട്ടു് സ്പെല്ലിന്റെ നേതൃത്വത്തിൽ ഒരു പരിശ്രമംകൂടി മലബാറിലെ ഭൂഖനനത്തിൽ നടക്കുകയുണ്ടായി. ക്രിസ്താബ്ദാരംഭകാലം വരെയുള്ള കേരളത്തിലെ മനുഷ്യവർഗ്ഗത്തിന്റെ സാമൂഹ്യജീവിതത്തെപ്പറ്റി മികച്ച ധാരണയുണ്ടാകണമെങ്കിൽ നരവംശ ശാസ്ത്രപരമായ ഗവേഷണം നടത്താതെ തരമില്ല.

കേരളത്തിന്റെ മലയോരപ്രദേശങ്ങളിൽ കാണുന്ന ലോഹക്കലർപ്പുള്ള കേന്ദ്രങ്ങൾ, വിശിഷ്യ പുരാണകിട്ടങ്ങൾ പ്രത്യേകാന്വേഷണത്തിനു് വിധേയമാക്കണം. ഹൈറേഞ്ച് ഏരിയായിൽ കാണുന്ന പുരാതന ശിലായുഗ സംസ്ക്കാരകേന്ദ്രങ്ങളും, നന്നങ്ങാടികളും പുരാവസ്തുഗവേഷണത്തിനു് വിധേയമായാലെ, ഐതിഹ്യത്തിന്നപ്പുറത്തു് പച്ചയായി നിൽക്കുന്ന വസ്തുതകൾ ഗ്രഹിക്കാൻ കഴിയൂ. വി. ഡി. കൃഷ്ണസ്വാമിയെപ്പോലുള്ള അന്വേഷണ കുതുകികളും, സുന്ദരൻപിള്ളയെപ്പോലുള്ള

ധിഷണാശാലികളും ഗവേഷണത്തിനുള്ള ചെറിയ പാത വെട്ടിത്തുറന്നിട്ടുണ്ട്. അതിലൂടെ ശാസ്ത്രീയമായി അന്വേഷണം തുടരണം.

യമദൂതന്മാരില്ലാതിരുന്ന കാലത്തു വൃദ്ധന്മാരം വൃദ്ധകളും ജീവൻ പോകാതെ ഭൂമിക്കു് ഭാരമായി അവശേഷിച്ചപ്പോൾ അവരെയിട്ടടച്ചിരുന്ന മൺഭരണകളിലാണ് നന്നങ്ങാടികളെന്നു് ഒരു കാലത്തു് വിശ്വസിച്ചിരുന്നു. ശിലായുഗകാലത്തെ ശവക്കല്ലറകളെ സംബന്ധിച്ചു് പ്രചരിച്ചിരുന്ന ഐതിഹ്യം നൂറ്റാണ്ടുകളോളം പൊടിപ്പും തൊങ്ങലുംവച്ചു് അങ്ങിനെ പ്രചരിപ്പിച്ചു. തിരിച്ചറിയാൻ പാടില്ലാത്ത പുരാണ ദേവന്മാരുടെ ബിംബങ്ങൾ ശിലായുഗത്തിനുശേഷം രൂപംകൊണ്ടതാണ്. പ്രാചീന ശിലായുഗത്തിൽ ശവം വഴിയിലുപേക്ഷിച്ചു പോവുകയും അങ്ങിനെ അഴുകി ജീർണ്ണിക്കുവാൻ യ്നുവദിക്കുകയുമാണു് ചെയ്തിരുന്നതു്. ആയുധങ്ങളുടെ ഉപയോഗം വന്നതോടെ ശവം കുഴിച്ചിടുന്ന സമ്പ്രദായവും നിലവിൽവന്നു. ഈ സമ്പ്രദായം കേരളത്തിൽ മാത്രമല്ല, ശിലായുഗ സംസ്ക്കാരത്തിന്റെ കളിത്തൊട്ടിലായ ഈജിപ്തിലും പ്രചാരത്തിലുണ്ടായിരുന്നു. പിരമിഡുകൾ ശിലായുഗ സംസ്ക്കാരത്തിന്റെ സ്മാരകങ്ങളാണ്.

കേരളീയരുടെ പൂർവ്വദേശ ബന്ധങ്ങളെപ്പറ്റി നരവംശ ശാസ്ത്രപരമായ വിവരം ലഭിക്കാൻ ശിലായുഗകാലത്തെപ്പറ്റിയുള്ള ശാസ്ത്രിയമായ അന്വേഷണം സഹായകമാകും. അതോടെ ചരിത്രാതീതകാലത്തെപ്പറ്റിയുള്ളമൂടൽ മഞ്ഞിൽനിന്നു് നാം വിമുക്തരാകുന്നതാണ്. ഇന്നു് കേരളീയരെ ഭരിക്കുന്നചരിത്രപരമായ പല ധാരണകളും അപ്പോൾ തിരുത്തപ്പെടുകയും ചെയ്യും.

*    *    *

# സഞ്ചാരിയുടെ മാർഗ്ഗങ്ങൾ

ഹ്യൂയാങ്ങ്സാങ്ങ്, മെഗസ്റ്റനീസു്, ഫാഹിയാൻ തുടങ്ങിയ ആദ്യകാല സാഹസിക സഞ്ചാരികളുടെ ടകുറിപ്പുകളായിരുന്നു ഇന്ത്യാ ചരിത്രത്തിന്റെ പുരാവൃത്ത മൂലധനം. വസ്തുനിഷ്ഠമായ സങ്കേതങ്ങൾ കണ്ടെത്താൻ പുരാണങ്ങൾ മറിച്ചുനോക്കിയവർ പലരും നിരാശപ്പെട്ടിരുന്നു. കേവല വർണ്ണനകളുടെ ഭാവനാലോകമെന്നതിൽ കവിഞ്ഞു് ചരിത്രാംശം ചികഞ്ഞെടുക്കാൻ ആരും ശ്രദ്ധിച്ചതായി കണ്ടില്ല. എന്നാൽ കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി ചരിത്രപഠനം ഒരു ദേശീയാവശ്യമായി അംഗീകരിച്ചതോടെ അല്പാല്പം മാറ്റങ്ങൾ കണ്ടുതുടങ്ങയിട്ടുണ്ടു്.

തകർന്നു കിടക്കുന്ന ചരിത്ര സ്മാരകങ്ങൾ പലതിനും അവയുൾക്കൊള്ളുന്ന വിഭാഗത്തിന്റെ കഥപറയാനുണ്ടാകും. തക്ഷശിലയും മോഹൻജൊദാരോവും കുഴിച്ചെടുത്തതോടെ പുതിയ ധാരണകൾ ഉയർന്നുവന്നു. സിന്ധുവിലൂടെയും യമുനയിലൂടെയും ജലസേചന മാർഗ്ഗങ്ങളും തീരപ്രദേശങ്ങളിലൂടെ മരച്ചക്രമുപയോഗിച്ച് ഗതാഗതകാര്യങ്ങൾ നിർവ്വഹിച്ചിരുന്ന വണ്ടികളുടെ യാത്രാപഥങ്ങളും ബി. സി. മൂവ്വായിരാമാണ്ടിലുള്ളതായി പരിഗണിക്കപ്പെടുന്നു. മെഗസ്തനീസിന്റെ സഞ്ചാരമാർഗ്ഗങ്ങൾ സുപ്രസിദ്ധങ്ങളാണു്. ഒറ്റയടിപ്പാതകൾ മലഞ്ചെരിവുകളിലൂടെ ആയിരമായിരം നാഴിക നീണ്ടുകിടന്നിരുന്നതായി കാണുന്നു. സഞ്ചാരികളുടെ വിശ്രമസങ്കേതങ്ങൾ ഹിമപ്രദേശങ്ങളിൽപോലും അക്കാലത്തു് സ്ഥാപിച്ചിരുന്നു. ചന്ദ്രഗുപ്തൻ പാടലീപുത്രത്തിലേക്കു് അയൽദേശക്കാരായ സഞ്ചാരികളേയും വ്യാപാരികളേയും കൊണ്ടു് വരുന്നതിനു് പദ്ധതി തയ്യാറാക്കിയപ്പോൾ പ്രശസ്തങ്ങളായ സഞ്ചാരമാർഗ്ഗങ്ങൾ തന്നെ തുറന്നു. ഹസ്തിനപുരം, റൊതോഫ, ഗംഗ, യമുന, സത്‌ലജ്, ത്സലം, തക്ഷശില, പ്രയാഗ എന്നീ സങ്കേതങ്ങളിലേക്കെത്താൻ വീതികൂടിയ നടപ്പാതകളുണ്ടായിരുന്നു. പ്ലീനിയുടേയും ടോളമിയുടേയും ഭൂരേഖാമാർഗ്ഗങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ അക്കാലത്തെ റോഡ് ബന്ധങ്ങളെപ്പറ്റി വിവരം ലഭിക്കും. കാലാന്തരത്തിൽ ഹിമവർഷം, സാമ്രാജ്യാധഃപതനം, യുദ്ധം തുടങ്ങിയ വിപത്തുകളുണ്ടായപ്പോൾ അഭിവൃദ്ധിമാർഗ്ഗങ്ങൾ മാഞ്ഞുപോയി. ആ മാർഗ്ഗങ്ങൾ വീണ്ടും തു

റന്നുനോക്കാനുള്ള ശാസ്ത്രീയമായ ഇന്ത്യൻ പുരാവൃത്ത ഗവേഷണം ഇപ്പോൾ പുരോഗമിച്ചുവരികയാണ്.

ഋഗ്വേദത്തിലും അർത്ഥശാസ്ത്രത്തിലും വിവരിച്ചിട്ടുള്ള സഞ്ചാരമാർഗ്ഗങ്ങൾ ഇന്നന്വേഷിച്ചാൽ കണ്ടെത്താൻ പ്രയാസമാകും. പക്ഷെ, ദക്ഷിണദേശത്തേക്കും, പുണ്യകേന്ദ്രങ്ങളിലേക്കും റോഡുകൾ വെട്ടി സംരക്ഷിക്കുന്നതിൽ അന്ന് താൽ പര്യം കാണിച്ചിരുന്നതായി തെളിയുന്നു. മദ്ധ്യേന്ത്യയിലും മറ്റും ഭൂഖനനംനടത്തിയ പ്പോൾ പുരാതന ജനപദങ്ങളുടെ നാഗരികതയെക്കുറിച്ചുള്ള ഏകദേശരൂപം ഗ്രഹി ക്കാൻ ഗവേഷകർക്കു് കഴിഞ്ഞിട്ടുണ്ടു്. അലഹബാദിലെ കൌസാമ്പിയെന്ന പുരാത ന നഗരി ഭൂമിക്കടിയിൽനിന്നു് വെളിച്ചത്തു കൊണ്ടുവന്നപ്പോഴും യമുനയുമായി പുലർത്തിയിരുന്ന സഞ്ചാരമാർഗ്ഗങ്ങളെപ്പറ്റി ഒരു രൂപം ലഭിച്ചു. ലുംബിനി, ഗ്വോളി യോർ, കാശി മുതലായ കേന്ദ്രങ്ങളും സഞ്ചാരമാർഗ്ഗങ്ങൾ ചെന്നെത്തിയിരുന്ന വലി യ സങ്കേതങ്ങളായിരുന്നുവെന്നു് വ്യക്തമായി. വൈദിക കാലത്തിന്നു മുൻപുതന്നെ നദികൾവഴി വാണിജ്യം നടന്നിരുന്നുവെന്നു് ഋഗ്വേദം സൂചനനൽകുന്നുണ്ടു്. കപ്പൽ, വഞ്ചി, തുടങ്ങിയ യാനപാത്രങ്ങൾ സുലഭമായി ജനങ്ങൾ ഉപയോഗപ്പെടു ത്തിയിരുന്നുവെന്നു് ഋഗ്വേദം വ്യക്തമാക്കുന്നു. ഒരു പടികൂടി കടന്നു് കൌടില്യൻ അർത്ഥശാസ്ത്രത്തിൽ സഞ്ചാരമാർഗ്ഗങ്ങളുടെ വിസ്തൃത വിവരണങ്ങൾതന്നെ നൽകുന്നു. റോഡുകളുടെ വീതിയും ദൈർഘ്യവും അളന്നു് തിട്ടപ്പെടുത്തുന്ന തിലും മറ്റും രാജാവിനു് നിർവ്വഹിക്കാനുള്ള ചുമതലയെന്താണെന്നു് കൌടില്യൻ വിവരിച്ചിട്ടുണ്ടു്. ശ്മശാനങ്ങളിലേക്കും പുണ്യസങ്കേതങ്ങളിലേ
ക്കും ഉള്ള പാതയ്ക്കു 48 അടി വീതിയും, രാജപാതകൾക്കു് 24 അടി വീതിയും. ക ന്നുകാലികളെ മേച്ചുകൊണ്ടു് പോകുന്നതിന്നുള്ള വഴിക്കു 6 അടി വീതിയും വേണ മെന്നു് വ്യവസ്ഥചെയ്തിരുന്നു. 3 അടി മുതൽ ആരംഭിക്കുന്ന ഗതാഗത വ്യവസ്ഥ രാജാക്കന്മാർ നടപ്പിലാക്കിയിരുന്നുവെന്നു് അർത്ഥശാസ്ത്രം പ്രഖ്യാപിക്കുന്നു. ദ ക്ഷിണാപഥത്തിലേക്കുള്ള വാണിജ്യമാർഗ്ഗങ്ങളുടെ കാര്യത്തിൽ പ്രത്യേക പരിഗണ നകൾ നൽകിയിരുന്നു: വാണിജ്യ വിളവുകൾ കയറ്റിറക്കുമതിചെയ്യുന്ന കാര്യത്തി ലാണു് കൂടുതൽ ശ്രദ്ധിച്ചിരുന്നതു്.

തക്ഷശിലയിൽ കണ്ടെത്തിയ ഉരുണ്ട മൺഭിത്തികളും നാഴിക കുറിക്കുന്ന അടയാളക്കല്ലുകളും പരിഷ്കൃത ഗതാഗത സമ്പ്രദായത്തിനു് തെളിവുകളായി കണക്കാക്കുന്നു. കൌസാമ്പിയിലെ ഭൂഗർഭത്തെരുവുകളിൽ സ്ഥാപിച്ചിരുന്ന വഴികാട്ടി ബോർഡുകൾക്കു് മൂവ്വായിരം വർഷത്തിലേറെ പഴക്കമുണ്ടു്. മൃഗങ്ങളുടെ പേരു് കൊത്തിയിട്ടുള്ള ചന്ത സ്ഥലങ്ങളിലെ ശിലാരേഖകളും കൌസാമ്പിയിൽ കാണുന്നു. മെഗസ്റ്റനീസ് സുദീർഘമായി പ്രതിപാദിച്ചിട്ടുള്ള സഞ്ചാരമാർഗ്ഗങ്ങൾ പഴയ നഗരികളുമായി ബന്ധപ്പെട്ടിരുന്നു. അശോകന്റെ കാലഘട്ടത്തിൽ നിർമ്മിച്ച പുരാതന റോഡുകൾ പലതും ജന സഞ്ചാരയോഗ്യങ്ങളായിരുന്നുവെന്നു് ബൗദ്ധവിഹാര കേന്ദ്രങ്ങൾ വെളിപ്പെടുത്തുന്നുണ്ടു്. റോഡ് സംരക്ഷണത്തിനു് പ്രത്യേക വകുപ്പുതന്നെ ഏർപ്പെടുത്തിയിരുന്നു. അശോകന്റെ ശിലാശാസനത്തിൽ അതുറപ്പിച്ചു പറഞ്ഞിരിക്കുന്നു. "ജനങ്ങൾക്കും മൃഗങ്ങൾക്കും വിശ്രമിക്കുന്നതിന്നും ലക്ഷ്യസ്ഥാനത്തെത്തുന്നതിന്നു് പാതകളും, തണൽ ലഭിക്കുന്നതിന്നു് ചോലമരങ്ങളും ജലവിതരണ കേന്ദ്രങ്ങളും ഞാൻ സ്ഥാപിച്ചിട്ടുണ്ടു്. സത്രങ്ങളും കിണറുകളും വഴികാട്ടി സ്തൂപങ്ങളും അടുത്തടുത്തു് തന്നെയാണു് സ്ഥാപിച്ചിട്ടുള്ളതു്." സെലൂക്കസ്സിന്റെ മകളെ കല്ല്യാണംകഴിച്ച ചന്ദ്രഗുപ്തനു് ലഭിച്ച അഞ്ഞൂറാനകളെ കൊണ്ടുവരുന്നതിന്നു് വിസ്തൃതമായ റോഡുതന്നെ നിർമ്മിക്കേണ്ടിവന്നു. കാണ്ഡഹിൻ കാബൂൾ, ബലൂചിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളെ ചുറ്റിക്കിടക്കുന്ന വലിയ ഒരു രാജപാതയാണു് ചന്ദ്രഗുപ്തൻ നിർമ്മിച്ചതു്. ആസ്സാമിനേയും, മൈസൂറിനേയും, പാറ്റ്നയേയും ബന്ധിക്കുന്ന രാജപാതകൾതന്നെ നിർമ്മിക്കാൻ ദീർഘകാലം യത്നിച്ചു. 9000 ആനയും, 5000 തേരും, 30000 കുതിരയും, 6 ലക്ഷം സൈനികരും ഉണ്ടായിരുന്ന ചന്ദ്രഗുപ്തനു് റോഡുകളുടെ ആവശ്യം ഉണ്ടായിരുന്നുവെന്നതു് വ്യക്തമാണു്. ബിംബിസാരനു് കൈമാറിയ ഭരണത്തിലും റോഡുസംരക്ഷണം ഒരു പ്രത്യേക വകുപ്പിന്റെ കീഴിലാക്കിയിരുന്നു. ബി. സി. 185–ൽ മൗര്യസാമ്രാജ്യം അധഃപതിച്ചതോടെ രാജ്യം വിഭിന്ന ഘടകങ്ങളായി, യുദ്ധാവശ്യത്തിന്നു് നിർമ്മിച്ച റോഡുകൾ യുദ്ധംകൊണ്ടുതന്നെ ഗതാഗതയോഗ്യമല്ലാതാവുകയുംചെയ്തു.

ഇന്ന് വണ്ടിപ്പേട്ടകളിൽ കാണുന്ന നികുതി നിരക്കിന്നു് മൂവ്വായിരം വർഷത്തെ പഴക്കമുണ്ടു്. കന്നുകാലികൾക്കും, തലച്ചുമടുകാർക്കും, വാഹനങ്ങൾക്കും പ്രത്യേ

കനിരക്കുകൾതന്നെ ഉണ്ടായിരുന്നു വെന്നു് 'ശുക്രനീതി' യിൽ കാണുന്നു. അന്നത്തെ ട്രാവലേഴ്സ് ബംഗ്ലാവു് സൂക്ഷിപ്പുകാരുടെ ചുമതലകളും ശുക്രനീതിയിൽ വ്യക്തമാക്കിയിട്ടുണ്ടു്. സാംക്രമിക രോഗികൾക്കു് പൊതുസത്രത്തിൽ പ്രവേശനം നിഷേധിച്ചിരുന്നു. ശാതവാഹനന്മാരുടെ കാലത്തു് ദക്ഷിണാപഥത്തിൽ റോഡ് സംരക്ഷണത്തിനു് പ്രത്യേകം കാവൽക്കാരെ നിയമിച്ചിരുന്നു. ബങ്കാൾ ഉൾക്കടൽ വരെ നീണ്ടുകിടന്നിരുന്ന ശതവാഹന സാമ്രാജ്യം നടപ്പാക്കിയ ഗതാഗത പരിപാലന രീതിയാണു് ചോളപാണ്ഡ്യ ചേരരാജ്യങ്ങൾ പിന്തുടർന്നതു്. തമിഴകം എന്നറിയപ്പെട്ടിരുന്ന പ്രസ്തുത രാജ്യങ്ങൾ തമ്മിൽ സ്ഥാപിച്ചിരുന്ന ഗതാഗതബന്ധം സുപ്രസിദ്ധമാണു്. കാവേരി പട്ടണവും കൊടുങ്ങല്ലൂരുമായി ബന്ധിക്കുന്ന ജലമാർഗ്ഗവും, തഞ്ചാവൂർ പൂർവ്വഘട്ടം വഴിയായുള്ള കരമാർഗ്ഗവും നൂറ്റാണ്ടുകളോളം അഭിവൃദ്ധിയിൽതന്നെ നിലനിന്നു. മലഞ്ചെരിവുകളേയും ഉൾനാടുകളേയും ബന്ധിച്ചിരുന്ന പാതകളുടെ അവശിഷ്ടം ഇന്നും കാണാം. ചില ഭാഗങ്ങളിൽ യാത്രാമാർഗ്ഗം തുരങ്കങ്ങൾ വഴി യോജിപ്പിച്ചിരുന്നു. ഹർഷൻ, പുലികേശൻ, ചന്ദ്രപാദൻ, ചാലൂക്യൻ, ആഴ്‌വാർമാർ തുടങ്ങിയവരുടെ കാലത്തെ സമ്പന്നമായ സാഹിത്യകൃതികളും വാസ്തുശില്പം ചരിത്രവും ഗതാഗത മാർഗ്ഗങ്ങളുടെ വിവരണവുംകൂടി നൽകുന്നവയാണു്.

ഗതാഗത വികസന പദ്ധതികളനുസരിച്ചു പുതിയ പാതകൾ വെട്ടുന്ന ഇന്ത്യയിലെ ചില സ്ഥലങ്ങളിൽ പഴയ പാതകളുടെ അവശിഷ്ടങ്ങൾ ധാരാളം കണ്ടുകിട്ടാറുണ്ടു്. ചരിത്രപ്രാധാന്യമുള്ള സങ്കേതങ്ങളുടെ പരിസരങ്ങളെല്ലാം നല്ല ഗതാഗതമാർഗ്ഗങ്ങളായിരുന്നു. പുരാവസ്തു ഗവേഷണവകുപ്പ് ദക്ഷിണേന്ത്യയിൽ വിസ്തൃതമായ ഒരു സർവ്വേക്ക് തയ്യാറെടുക്കുകയാണെങ്കിൽ (കൊടുങ്ങല്ലൂർ തൊട്ടു് വടക്കോട്ടു്) നാഗരികത വെളിപ്പെടുത്തുന്ന വൻഭിത്തികളും, ഗതാഗത മാർഗ്ഗങ്ങളും കണ്ടെത്തും. പ്രാചീനകേന്ദ്രങ്ങളിൽ നടത്തിയ സർവ്വേ ഫലവത്തായിട്ടുണ്ടു്. കേരളത്തിന്റെ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ വസ്തുനിഷ്ഠമായ ചിത്രം പുരാവൃത്തസംബന്ധമായ ഭൂഖനനംകൊണ്ടേ തെളിഞ്ഞു കാണുകയുള്ളു.

* * *

# ഒരു കൂട്ടുകാരൻ

മദ്രാസിൽനിന്നു് ഡൽഹിക്കുള്ള ഗ്രാന്റ് ട്രങ്ക് എക്സ്പ്രസ്സ് പതിവിലധികം യാത്രക്കാരേയും വഹിച്ചുകൊണ്ടു് പ്ലാറ്റ്ഫോറത്തിൽനിന്നും നീങ്ങി. വിശാല ആന്ധ്റയുടെ വിരിമാറിലൂടെ കുതിച്ചുപായുന്ന എക്സപ്രസ്സ്. തൊണ്ടയിലെന്തോ തടഞ്ഞതുപോലെ ഏങ്ങിവലിച്ച് ബസവാഡ സ്റ്റേഷൻ കണ്ടപ്പോൾ അവിടെയൊന്നു നിന്നു. വണ്ടി മുറിയിൽ വെന്തുകൊണ്ടിരിക്കുന്ന യാത്രക്കാർ ഒന്നു വിശ്രമിക്കാനായി വാതിലുകൾ തുറന്നു. ഒരാളിറങ്ങുമ്പോൾ പത്തുപേർ കയറാനുണ്ടവിടെ. പുതുതായി വരുന്ന ആരേയും കയറ്റാതിരിക്കാൻ ഒരൈക്യമുന്നണി രൂപീകരിച്ചിരിയ്ക്കയാണു് മിക്ക മുറികളിലേയും യാത്രക്കാർ. എന്നാലും മുന്നണിയുടെ ബലഹീനതകൊണ്ടു് ചിലരെല്ലാം കയറിപ്പറ്റുന്നുണ്ടു്. പുതുതായി കയറിവരേയും ചേർത്തു് തങ്ങളുടെ ഐക്യമുന്നണി വിശാലമായ അടിസ്ഥാനത്തിൽ വിപുലീകരിക്കുകയാണല്ലോ യാത്രക്കാരുടെ പതിവു്. എല്ലാവർക്കും സ്വാതന്ത്ര്യമുള്ള കാര്യത്തിൽ ഓരോരുത്തരും ദുർവ്വാശിപിടിക്കും. പിന്നീടതു് വിടുന്നു. ബസവാഡ സ്റ്റേഷനിൽനിന്നു് ഞങ്ങളുടെ മുറിയിലേയ്ക്കു ഒട്ടകം പോലെയുള്ള ഒരു മനുഷ്യൻ തലനീട്ടി. ആറടി പൊക്കമുള്ള പ്രാകൃതനായ ആ മനുഷ്യനോടൊപ്പം നാലുപേരുടെ ലഗ്ഗേജുമുണ്ടു്. ഞങ്ങളുടെ പ്രതിഷേധഭാവങ്ങൾ കണ്ടില്ലെന്നമട്ടിൽ എഴുപതു് വയസ്സായ ആ മനുഷ്യൻ ഞങ്ങളുടെ മദ്ധ്യത്തിൽ കാലുകുത്തിക്കഴിഞ്ഞു. തന്റെ കെട്ടുകളും തുണിസഞ്ചികളും അദ്ദേഹത്തിന്റെ നീളമുള്ള കൈകൾ അനായാസേന പെറുക്കിയെടുത്തു് പഴുതുകാണുന്നിടത്തെല്ലാം തിരുകിക്കയറ്റുകയാണു്. ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ആ മനുഷ്യൻ വിയർപ്പു തുടച്ചു് ഒരു സ്ഥാനത്തിരുന്നു. സൗന്ദര്യം നിറഞ്ഞ യൗവനം, പ്രാകൃതമായ വാർദ്ധക്യത്തോടു് വെറുപ്പോടെ പെരുമാറുന്ന ഒരു നിലയാണു് അവിടെ കണ്ടതും. സഹയാത്രക്കാരിൽനിന്ന് ആ മനുഷ്യനെ അകറ്റിനിർത്തുന്നതും വയസ്സിന്റെ എണ്ണപ്പെരുപ്പം മാത്രമാണു്. ഞങ്ങളുടെ യാത്രാസംഘത്തിലെ ഫലിതക്കാരനായ ചെറുപ്പക്കാരൻ തന്റെ വെറുപ്പിന്റെ ആദ്യത്തെവെടി പൊട്ടിച്ചു. "മരുഭൂമിയല്ലെ ഒട്ടകങ്ങൾ കാണും......" കലാരസികനായ ജോസഫ് ഹിന്ദുസ്ഥാൻ സമതലങ്ങളിലേയ്ക്ക് ഒട്ടകങ്ങൾ കയറുന്നതിനെപ്പറ്റി ഒരു കവിതാസകലം ചൊല്ലി. എല്ലാവരും

പൊട്ടിച്ചിരിച്ചു. ആ ചിരിക്കുഴമ്പ് ഒട്ടകമനുഷ്യന്റെ ചുളിവീണ നെറ്റിയിൽ വിയർപ്പിന്റെ മുത്തുമണികൾ ഉതിർത്തു. ഏതാനും നിമിഷം നീണ്ടുനിന്ന ആ ചിരിയിൽ മലയാളിയും, തമിഴനും, തെലുങ്കനും, കർണ്ണാടകക്കാരനും, പഞ്ചാബിയും, ബങ്കാളിയും, ഹിന്ദുസ്ഥാൻകാരനും, ഭാഷാഭേദം മറന്നു പങ്കുകൊണ്ടു. പരദ്രോഹത്തിലെങ്കിലും അവർ യോജിച്ചു. വെറുപ്പിന്റേതായ ഈ യോജിപ്പിന്റെ ഭദ്രത എത്ര വിനാഴികകൾ നീണ്ടുനിൽക്കും. ഇല്ല ഏതാനും നിമിഷങ്ങൾ മാത്രം. ഏതോ ഓണം കേറാമൂലയിൽനിന്നു വലിഞ്ഞു കയറിയതാണെന്നു ധരിച്ച്, പരിഹാസത്തിന്റെ അസ്ത്രങ്ങൾ തൊടുത്തുവിട്ടു, വാർദ്ധക്യത്തിന്റെ മുകളിൽ പരിഷ്കാരവും യൗവ്വനവും വിജയം വരിച്ച് അട്ടഹസിച്ചു നിൽക്കുമ്പോൾ വണ്ടി സ്റ്റേഷൻവിട്ടു. വണ്ടി ഇളകിയപ്പോൾ ആ ഒട്ടക മനുഷ്യൻ എല്ലാവരേയും സാകൂതം ഒന്നു നോക്കി. നീണ്ട താടിയിലൂടെ വിരൽ പായിച്ചുകൊണ്ടു ദീപ്തിമത്തായ കണ്ണുകൾ നിശബ്ദമായി എല്ലാവരേയുംപറ്റി എന്തോ ഗ്രഹിച്ചു. നിറഞ്ഞ നിശബ്ദത സൃഷ്ടിച്ച ആ അവലോകനം ഞങ്ങളിൽ പരാജയബോധത്തിന്റെ കരിനിഴൽ പരത്തിത്തുടങ്ങി. ആ ചുളിവീണ മുഖത്തു ഒരുന്മേഷം കളിയാടിത്തുടങ്ങി. ആ ചുണ്ടിൽ മന്ദഹാസം പതുക്കെ ഒന്നു തലോടി. തലയിലേയും താടിയിലേയും വെള്ളിക്കമ്പികൾ ഒന്നു ചലിച്ചു. നിശബ്ദതയെ ഭേദിച്ചുകൊണ്ടു "ഒട്ടകമനുഷ്യൻ" സംസാരമാരംഭിച്ചു. "സുഹൃത്തുക്കളെ, എന്നെ നിങ്ങളെപ്പോലെ ഒരു മനുഷ്യനായി അംഗീകരിക്കുക, നിങ്ങളോടൊപ്പം ഞാനും യാത്രചെയ്യേണ്ടവനാണ്. വിവിധഭാഷക്കാരും വിവിധ സംസ്ക്കാരവിശ്വാസികളുമായ നിങ്ങൾ യോജിച്ചു നിൽക്കുന്നതിൽ എനിക്കു സന്തോഷമാണ്. എന്നെയും ആ യോജിപ്പിൽ പങ്കാളി ആക്കുക. നമുക്കൊരുമിച്ച് വിട്ടുവീഴ്ച മനസ്ഥിതിയോടെ പെരുമാറാം. വൃദ്ധനായ എന്നിൽ ഒരു ഒട്ടകത്തെക്കാണുന്നതിൽ നിങ്ങൾക്കു മാനസികമായ ശാന്തി ലഭിക്കുന്നുവെങ്കിൽ ഞാൻ ഒട്ടകംപോലെ കനിഞ്ഞു നിൽക്കാം....." പരിഹാസത്തിൽ പങ്കാളികളായ പലരുടേയും മുഖത്തു ഒരു മഞ്ഞനിറം പകർന്നു. ചിലർ ഞാനൊന്നുമറിഞ്ഞില്ലെന്ന ഭാവത്തിൽ പതുക്കെ തലവലിച്ച് മുകൾത്തട്ടിൽ കയറി കിടപ്പായി. ചിലർ തലകുനിച്ചിരിക്കുന്നു. ഒരാൾ കക്കൂസുമുറിയിൽ കയറിയിട്ട് ഇറങ്ങാൻ ഭാവമില്ല. എല്ലാർക്കും ഒരു ജാള്യത. മനസ്സിനു കുത്തേറ്റുപോലെ പരിഹാസത്തിനു നേതൃത്വം നൽകിയവർ പരുങ്ങുകയാണ്. വൃദ്ധൻ വടിവുള്ള ഇംഗ്ലീഷുഭാഷയിൽ സംസാരം തുടർന്നു. ഞങ്ങളെല്ലാം നിസ്സാഹയ

ത വെളിപ്പെടുത്തി അദ്ദേഹത്തിന്റെ സംസാരം ശ്രവിച്ചു. ഒരു സൈന്യനിരയെ മുഴുവനും കീഴടക്കിയ ഒരു സേനാനിയെപ്പോലെ ആ മനുഷ്യൻ ഞങ്ങളുടെ മുൻപിൽ ഉയർന്നുനിൽക്കുകയാണ്. ഞങ്ങളുടെ പ്രതീക്ഷകളെ തട്ടിത്തകർത്ത ഈ മനുഷ്യൻ കേവലം ഒരു സാധാരണക്കാരനല്ലെന്ന് തീർച്ചയായി. നയജ്ഞനായ ഞങ്ങളുടെ കൂട്ടുകാരൻ മോഹൻ യാത്രാസംഘത്തിന്റെ പ്രതിനിധിയെന്ന നിലയ്ക്കു് സംസാരമാരംഭിച്ചു. "ക്ഷമിക്കണം. അങ്ങയെപോലെ ജീവിതപാകത വന്നവരല്ല ഞങ്ങൾ. തമാശയായി പറഞ്ഞ കാര്യങ്ങൾ അങ്ങയെ വേദനപ്പെടുത്തിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം......." വൃദ്ധൻ പ്രത്യുത്തരം നൽകി, "എന്റെ യൗവ്വനം വാർദ്ധക്യത്തെ കല്ലെറിഞ്ഞിട്ടുണ്ടാകാം. അതിനുള്ള തിരിച്ചടിയായിരിക്കുമിതെല്ലാം. മറക്കുക പേരെന്താ...." ഞങ്ങൾ ഓരോരുത്തരുടെയും പേരും വയസ്സും ഭാഷയും നാടും പ്രവൃത്തിയുമെല്ലാം അദ്ദേഹം ചോദിച്ചറിഞ്ഞു. അദ്ദേഹത്തെപ്പറ്റി മുഴുവൻ വിവരവുമറിയാൻ ഞങ്ങളെല്ലാം ബദ്ധശ്രദ്ധരായി.

വൃദ്ധൻ തന്റെ പെട്ടി തുറന്നു. ഒരു കെട്ടു കടലാസ്സു പുറത്തെടുത്തു. ഒരു തടിച്ച ഫയലിൽ നൂറിൽപരം ഉന്നത ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റുകളും അഭിനന്ദന പത്രങ്ങളും തുന്നിച്ചേർത്തിട്ടുണ്ട്. ആന്ധ്രദേശക്കാരനായ അദ്ദേഹം റെയിൽവേയിൽ ഒരു ഉയർന്ന ജീവനക്കാരനായിരുന്നുവെന്നു് പ്രമാണപത്രങ്ങൾ വെളിപ്പെടുത്തി. ഒരു പന്തീരാണ്ടിനു് മുമ്പ് റിട്ടയർ ചെയ്ത ശിവറാവും ഇന്ത്യയൊട്ടുക്ക് സഞ്ചരിക്കാൻ പാസ് സമ്പാദിച്ചിട്ടുണ്ട്. തന്റെ ജീവിതത്തിലെ സംഭവങ്ങൾ നിറഞ്ഞ അദ്ധ്യായങ്ങൾ ഹൃദയസ്പൃക്കായ ഭാഷയിൽ അദ്ദേഹം വിവരിക്കാൻ തുടങ്ങി. എട്ട് ഭാഷയിൽ ഭംഗിയായി സംസാരിക്കാനും എഴുതാനും കഴിയുന്ന ശിവറാവു തികഞ്ഞ സാഹിത്യാസ്വാദകൻ കൂടിയാണ്. പാകതയുള്ള ആ പണ്ഡിതന്റെ മുൻപിൽ അനുസരണയുള്ള ശിഷ്യഗണങ്ങൾപോലെ ഞങ്ങളിരുന്നു. മുഷിഞ്ഞ തീവണ്ടിയാത്രയിൽ ആ മനുഷ്യന്റെ ആഗമനം ഞങ്ങൾക്കൊരു നവോന്മേഷം പകർന്നെന്നു പറയാം. ഇരുപത്തിയേഴാമത്തെ അഖിലേന്ത്യാപര്യടനത്തിലേർപ്പെട്ടിരിക്കുന്ന ആ അജ്ഞാതസഞ്ചാരിയുടെ ജീവിതകഥ അനുഭവസമ്പന്നമാണ്. തന്റെ ഭക്ഷണപായ്ക്കറ്റു് തുറന്നു് ഏതാനും മധുരനാരങ്ങയെടുത്തദ്ദേഹം ഞങ്ങൾക്കു് സമ്മാനിച്ചു. ഇന്ത്യയിലെ വിവിധ വർഗ്ഗക്കാരുടെ ഭക്ഷണരീതിയെപ്പറ്റിയും ആചാരങ്ങളെക്കുറിച്ചും

സംസാരിച്ചശേഷം സായ്പന്മാരുടെ കാലത്തെ ഇന്ത്യയിലേക്കാണദ്ദേഹത്തിന്റെ സംഭാഷണം തിരിഞ്ഞതു്. അന്നു് ഞാൻ ഗ്വോളിയർ സ്റ്റേഷൻ ഡ്യൂട്ടിയിലായി രുന്നു. റെയിൽവേയിൽ വെള്ളക്കാർക്കു് സഞ്ചരിക്കാൻ പ്രത്യേകം മുറികൾ ഏർ പ്പെടുത്തിയിരുന്നു. ഇന്ത്യക്കാർ ആ മുറിയിൽ കയറുന്നതു് തെറ്റായി ഗണിച്ചിരുന്ന ഘട്ടത്തിലാണു് ദേശാഭിമാനികളെ രോമാഞ്ചം കൊള്ളിക്കുന്ന ആ മഹാസംഭവമു ണ്ടായതു് ഒരു കൂട്ടം വെള്ളക്കാർ കുടിച്ചു കൂത്താടി ഇറ്റാർസി സ്റ്റേഷനിലിറങ്ങി. യാത്രക്കാരിൽപെട്ട ഇന്ത്യൻ സ്ത്രീകളെ ഉപദ്രവിച്ചു. ഭഗവത്സിംഗിന്റെ വധശിക്ഷ കൊണ്ടു് കാരിരിമ്പുപോലെ പഴുത്തുനിൽക്കുന്ന ഇന്ത്യക്കാരുടെ ഹൃദയത്തെ കൂടു തൽ വേദനിപ്പിച്ച ഈ സംഭവത്തിനു് ജാൻസിയിലെത്തിയപ്പോൾ നാട്ടുകാർ പകരം വീട്ടി. റെയിൽവെ ജോലിക്കാരായ ഞങ്ങളിൽ പലരേയും സംശയിച്ചു. നിരപരാ ധികളെ പിടികൂടി. അമർത്തിയ വികാരങ്ങളോടെ അടിമകളെപ്പോലെ ഞങ്ങൾ പ ണിയെടുത്തു. ഇന്ത്യൻ ദേശീയ സമരത്തിൽ ആരുമാരുമറിയപ്പെടാതെ മഹാത്യാഗ ങ്ങൾ ചെയ്തത് ഒരു വിഭാഗം റെയിൽവേക്കാരാണു്. സിവിൽ നിയമലംഘനപ്ര സ്ഥാനം നാടൊട്ടുക്കു് പടർന്നു് പിടിച്ചിരിക്കുന്ന ഘട്ടം. ഓരോ വണ്ടിയിലും അറസ് റ്റ് ചെയ്തു ജയിലിലേയ്ക്കു കൊണ്ടുപോകുന്ന വാളണ്ടിയർമാരെ കാണാം. സ്റ്റേ ഷനിലെത്തിയാൽ മുദ്രാവാക്യങ്ങൾകൊണ്ടു് അന്തരീക്ഷം മുഖരിതമാകും. ഒരു ദിവസം രാത്രി ഒരു മണിയായപ്പോൾ പതിവില്ലാത്തവിധം ഒരു സ്പെഷ്യൽ വണ്ടി ഗ്വോളിയർ സ്റ്റേഷനിലെത്തി. കറുപ്പു തുണികൊണ്ടു കമ്പാർട്ടുമെന്റുകൾ മൂടിക്കെ ട്ടിയിരിക്കുകയാണു്. തോക്കുകളേന്തിയ പോലീസ് സൈന്യം സായ്പിന്റെ നേതൃത്വ ത്തിൽ വണ്ടിക്കു കാവലുണ്ടു്. ഉന്നതന്മാരായ ദേശീയനേതാക്കളിൽ പലരും ആ ക മ്പാർട്ടുമെന്റിൽ ഉണ്ടാകുമെന്നു് ഞാനാഗ്രഹിച്ചു. അവരെ അജ്ഞാതമായ ഏതോ കാരാഗൃഹത്തിലേയ്ക്കു് ആരുമറിയാതെ കൊണ്ടുപോവുകയാണു്. വണ്ടിക്കരി കിൽ ചെന്ന എനിയ്ക്കു് അതിലിരിക്കുന്ന മഹാന്മാരായ നേതാക്കളെ കണ്ടപ്പോൾ രോമാഞ്ചമുണ്ടായി.

"ഇന്ത്യയിലെ മഹത്തായ ദേശീയസമരത്തിൽ പേരില്ലാത്ത എന്നേപ്പോലെയുള്ള വർ പരോക്ഷമായി പങ്കു വഹിച്ചിട്ടുണ്ടു്. അക്കാലത്തു് എനിക്കു് പരിചയപ്പെട്ട പ ലരും ഇന്നു് ഭരണകൂടത്തിലെ മഹാരഥന്മാരാണു്....." ദേശാഭിമാനിയായ ആ മനു

ഷ്യൻ ദേശീയസമരത്തെപ്പറ്റി പറയുമ്പോൾ സ്വയം അഭിമാനം പൂണ്ടിരുന്നു. ആ കണ്ണുകൾ പ്രകാശിച്ചിരുന്നു. ഉപ്പു സത്യാഗ്രഹം, ബർദോളി സത്യാഗ്രഹം, വിദേശ വസ്ത്രബഹിഷ്ക്കരണം, ഖിലാഫത്തു് തുടങ്ങിയ ദേശിയ സമരങ്ങളിൽ പരോക്ഷമായി ഭാഗഭാക്കായിട്ടുള്ള അനേകം ജീവനക്കാരിൽ ഒരാളാണദ്ദേഹം. വെള്ളക്കാരുടെ ക്രൂരമായ ചെയ്തികളും നാട്ടുരാജാക്കന്മാരുടെ പാദസേവയും ഇന്ത്യയെ അപരിഷ്കൃതാവസ്ഥയിൽ നിറുത്തിയെന്നാണു് അദ്ദേഹം പറയുന്നതു്. മാൻസിംഗിനെപ്പോലുള്ള കൊള്ളക്കാരുടെ സ്വൈരവിഹാരം കണ്ടിട്ടുള്ള അദ്ദേഹം കൊള്ളക്കാരുടെ ഭരണകൂടത്തെപ്പറ്റി പറഞ്ഞതിങ്ങനെയാണു്. "ഇന്ത്യയുടെ ഊഷരപ്രദേശങ്ങളിൽ കഴിഞ്ഞ നാല്പതു വർഷമാ നിർഭയം താവളമടിച്ചിരിക്കുന്ന ഒരു തരം കൊള്ളക്കാരുണ്ടു്. കരുത്തന്മാരായ അവരുടെ കുലത്തൊഴിൽ കൊള്ളയും കൊലയുമാണു്. ഈ വണ്ടി അവരുടെ സാമ്രാജ്യത്തിലൂടെയാണു് കടന്നുപോകുന്നതു്. പലപ്പോഴും ഈ ഭാഗത്തുവെച്ചു് വണ്ടികൾ ആക്രമിക്കപ്പെട്ടിട്ടുണ്ടു്! ജനങ്ങളെ വധിക്കുന്ന ക്രൂരവിനോദത്തിൽ അവർ സംതൃപ്തരാണു്. അവരുടെ ആജ്ഞയനുസരിച്ചു് ജീവിക്കുന്നവരാണു് മദ്ധ്യേന്ത്യയിലെ ഗ്രാമീണർ. സൌരാഷ്ട്രയും, പാർശ്വഭാഗങ്ങളും ആഗ്രയ്ക്കടുത്തുള്ള ചാമ്പാൻ കുന്നുകളും അവരുടെ താവളങ്ങളാണു്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചിട്ടും അവരുടെ ഇരുളടഞ്ഞ മനോഗുഹകളിൽ ധർമ്മബോധത്തിന്റെ വെളിച്ചം കടന്നിട്ടില്ല." ഭയം ജനിപ്പിക്കുന്ന ആ വിവരണം ഞങ്ങളിൽ അമ്പരപ്പുളവാക്കാതിരുന്നില്ല.

ഈ കൊള്ളക്കാരെ അമർച്ച ചെയ്യാൻ സർക്കാരിനു് എന്തുകൊണ്ടു് കഴിയുന്നില്ലെന്നു് ഞങ്ങൾ ചോദിച്ചപ്പോൾ കൊള്ളക്കാരെ പരിചയമുള്ള ആ സഞ്ചാരി പറയുകയാണു്. "കേവലം കൊള്ളക്കാരാണെങ്കിലും അവരെ അന്ധമായി വിശ്വസിക്കുന്ന നാട്ടുകാർ അവരുടെ പിന്നിലുണ്ടു്. കേന്ദ്രഗവൺമെണ്ടു് ശക്തിയായ ആക്രമണം ആരംഭിച്ചപ്പോഴാണു് ഇവരിൽ പലരും ഒളിപ്പോരിനു് ശക്തി കൂട്ടിയതു്. ചിലർ പാക്കിസ്ഥാനിലേക്കു് കടക്കുകയും ചെയ്തു. ഇന്ത്യാ പാക്കിസ്ഥാൻ അതിർത്തികളിലാണു് ഇവരുടെ ശക്തികേന്ദ്രങ്ങൾ. വളരെയധികം നിസ്സഹായരായ ഗ്രാമീണരെ കൊന്നശേഷമാണു് കൊള്ളക്കാരെ പിടിക്കാൻ കഴിയുന്നതു്. കൊള്ളക്കാരിൽ വി

ദ്യാസമ്പന്നരുണ്ടു്. ആധുനികയന്ത്ര സാമഗ്രികളുപയോഗിച്ച്‌ ഒളിവിൽ ഭരണം നട ത്തുന്നവരാണവർ. ദീർഘകാലത്തെ പരിശീലനം ലഭിച്ച ഇവരുടെ പകൽകൊള്ള കുപ്രസിദ്ധമാണു്. നട്ടുച്ചയ്ക്കും ട്രെയിനിൽ കൊള്ള നടത്തി വിജയാട്ടഹാസം മുഴ ക്കി കൊള്ളക്കാർ ഓടി മറയുന്നതു് ഞാൻ കണ്ടിട്ടുണ്ടു്.

സാഹസികരായ കൊള്ളക്കാരുടെ ക്രൂരവിനോദങ്ങളെപ്പറ്റി അദ്ദേഹം പറഞ്ഞ പ്പോൾ ഉറക്കം വരാതെയായി. വൃദ്ധൻ സ്വന്തം ഭക്ഷണപാക്കറ്റുകൾ തുറന്നു് പാച കവേലയിലേർപ്പെട്ടു. ദീർഘസംഭാഷണങ്ങൾ കഴിഞ്ഞ നിലക്കു് വിശ്രമിക്കാനായി ഞങ്ങൾ തീരുമാനിച്ചു. പക്ഷെ, പല കാര്യങ്ങളും അദ്ദേഹം പറഞ്ഞെങ്കിലും ഈ വാർദ്ധക്യകാലത്തദ്ദേഹം എന്തിനാണിങ്ങനെ യാത്രചെയ്യുന്നതെന്നു് അറിയാൻ ആ ഗ്രഹമുണ്ടായി.

" നിങ്ങൾ ഇന്ത്യയുടെ മഹത്തായ സംസ്ക്കാരം ഉൾക്കൊള്ളുന്ന കേന്ദ്രങ്ങൾ കാണാൻ പോവുകയാണു്. ഓരോ സ്ഥലത്തും ചെല്ലുമ്പോൾ അവിടുത്തെ സാമൂ ഹ്യജീവിതത്തെപ്പറ്റി കുറെ പഠിക്കണം. ചരിത്രസ്മാരകങ്ങൾ കണ്ടതു കൊണ്ടാ യില്ല. അത്തരം സ്മാരകങ്ങളുടെ പിൽക്കാലചരിത്രവും സംസ്ക്കാരവും എന്താ ണെന്നറിയണം. പഴയതിൽ പലതും പഠിക്കാനുണ്ടു്......"

ചുരുങ്ങിയ ദിവസങ്ങൾകൊണ്ടു് അതിപ്രധാനമായ ചില സങ്കേതങ്ങൾ കാണാ നാണാഗ്രഹം. ഏതെല്ലാമാണു് ഞങ്ങൾ കാണേണ്ടതെന്നു് ചോദിച്ചപ്പോൾ പരിചയ സമ്പന്നനായ വൃദ്ധൻ പറഞ്ഞു. "അജന്താഗുഹകൾ, രുദ്രാ, കാശി, തുടങ്ങിയ ഒട്ടു മിക്ക സങ്കേതങ്ങളും അണക്കെട്ടുകളും........." കാണേണ്ട സ്ഥലങ്ങളുടെ ലിസ്റ്റ് നീണ്ടുപോയി. അതിൽ ഏറെക്കുറെ സ്ഥലങ്ങൾ കാണാൻ തീരുമാനമെടുത്തു.

നിദ്ര കൺപോളകളെ വിമോചിപ്പിച്ചപ്പോൾ വൃദ്ധൻ ഉണർന്നു. കടുപ്പം കൂടി യ ആഡ്‌റചുരുട്ടു് ഒന്നു് വലിച്ചിട്ടു് ആത്മാവിനെ സുഷുപ്തിയിൽ നിന്നുണർത്തി

വൃദ്ധൻ ചാരിയിരുന്നു. "വാർദ്ധക്യകാലത്ത് ആരുടേയും സഹായം കൂടാതെ യാത്ര ചെയ്യുതെന്താണ്? ഈ ചോദ്യത്തിന് ഒരു പൊട്ടിച്ചിരിയോടെയാണ് മറുപടി പറഞ്ഞത്. ഒരു സഞ്ചാരിയാകാനുള്ള കാരണം അദ്ദേഹം വിശദീകരിച്ചു. 'വിജ്ഞാനം നാണയത്തുട്ടുകളിലോ സന്താനസമ്പത്തിലോ മണിമാളികയിലെ സുഖജീവിതത്തിലോ ഒതുങ്ങി നിൽക്കുന്നില്ല. ആറ് സന്താനങ്ങളുള്ള ധന്യനാണ് ഞാൻ. ആറുപേരും ഉയർന്ന പദവിയിലെത്തിയിട്ടുണ്ട്. എൻജിനീയറും ഡാക്ടർമാറും പ്രൊഫസറും മറ്റുമുണ്ട്. നല്ല വിദ്യാഭ്യാസവും മാനസികശിക്ഷണവും ലഭിച്ച അവർ എന്റെ സമ്പത്തുതന്നെ. പക്ഷെ വാർദ്ധക്യത്തിന്റെ പേരിൽ അവരുടെ സ്നേഹംനിറഞ്ഞതാണെങ്കിലും സഹതാപത്തിന്റെ പരിചര്യകൾ അനുഭവിച്ചു ആരോഗ്യമില്ലെന്നു് നടിച്ചു് സൈര്യമായി കഴിയുകയെന്നതു് എന്റെ ആത്മാഭിമാനത്തിന്നു് യോജിച്ചതല്ല. ഒരിക്കലും പിതാവിനെ ശുശ്രൂഷിക്കുന്ന കടപ്പാടു് സന്തതികളിൽ കെട്ടിവയ്ക്കരുതു്. കഴിയുന്നത്ര സ്വാശ്രയശീലത്തോടെ മുന്നോട്ടുപോവുക. തളരുമ്പോൾ യാത്രനിറുത്തുക ആത്മധൈര്യമുണ്ടെങ്കിൽ തളർച്ച ബാധിക്കുകയില്ല. ദിനചര്യകളിൽ കൃത്യനിഷ്ഠയും മനോനിയന്ത്രണവും ശീലിച്ചതുകൊണ്ടു് നീണ്ട എഴുപതു് വർഷങ്ങൾ ഞാൻ പിന്നിട്ടു. ഇനി സാരമില്ല. മരണത്തിനു് മാത്രമെ എന്നെ യാത്രയിൽ നിന്നു് വിമോചിപ്പിക്കാനൊക്കുകയുള്ളു. മരണത്തെ അന്വേഷിച്ചുകൊണ്ടുള്ള യാത്രയാണല്ലോ മനുഷ്യന്റേതു്....." ജീവതി തത്വശാസ്ത്രത്തെപ്പറ്റിയുള്ള വിവരണം അങ്ങിനെ പരന്നൊഴുകിയപ്പോൾ എത്തും പിടിയുമില്ലാത്ത നീർക്കയത്തിലേക്കാണു് നീക്കുമെന്നു തോന്നി. അതിൽ നിന്നദ്ദേഹത്തെ മറ്റൊരു വഴിയിലേക്കു് തിരിക്കാനായി ഒരു ചോദ്യം ഉന്നയിച്ചു. "ഇപ്പോൾ എന്തിനാണു് യാത്ര ചെയ്യുന്നതു്?" നീണ്ട താടി തടവിക്കൊണ്ടു് വൃദ്ധൻ അതിനുത്തരം പറഞ്ഞു. "ഏഷ്യയുടെ സമാധാനത്തിനു് നേതൃത്വം കൊടുക്കാൻ കഴിവുള്ള മഹാന്മാർ സമ്മേളിക്കുന്ന ഒരു മഹാസംഭവം തലസ്ഥാനനഗരിയിൽ നടക്കുന്നുണ്ടു്. ആ മഹാന്മാരെ നേരിട്ടു കാണുകയെന്നതു് നേട്ടമാണു്. സാംസ്ക്കാരിക പ്രാധാന്യമുള്ള അഖിലേന്ത്യാ സമ്മേളനങ്ങളൊന്നും ഞാൻ വിട്ടുകളയാറില്ല. പതിനായിരം പുസ്തകം വായിക്കുന്ന പരിജ്ഞാനം ഇത്തരം മഹാസമ്മേളനംകൊണ്ടു് ലഭിക്കും......" ഇന്ത്യയുടെ സ്വാതന്ത്ര്യം കരുപ്പിടിപ്പിച്ചിരുന്ന മഹാസമ്മേളനങ്ങളുടെ വർഷവും സംഭവങ്ങളും അദ്ദേഹം സ്മ

രണകളുടെ ചുരുളുകളിൽനിന്ന് പെറുക്കിയെടുത്ത് നിരത്താൻ തുടങ്ങി. ഭഗവ ത്സിംഗിന്റേയും ചന്ദ്രശേഖര ആസാദിന്റേയും രക്തസാക്ഷിത്വത്തെപ്പറ്റിപ്പറയു മ്പോൾ ഇന്നലെകഴിഞ്ഞ സംഭവംപോലെ ശ്രോതാക്കളിൽ വികാരമുതിർന്നുപൊ ങ്ങും. ചരിത്രസംഭവങ്ങൾ ഓരോന്നായി വൃദ്ധൻ നിരത്തിവച്ചു. യുവതലമുറയ്ക്കു അജ്ഞാതമായ സംഭവങ്ങളുടെ മേഖലകളിലേക്ക് അദ്ദേഹം കൂട്ടിക്കൊണ്ടുപോയി. നടുവൊന്നു നിവർത്തി വീണ്ടും സംസാരമാരംഭിച്ചിരിക്കുകയാണ്. അതിനിടയ്ക്കു മഹാത്മാഗാന്ധിയുടെ കയ്യൊപ്പുള്ള ഒരു ഡയറി ഒരു പെട്ടിയിൽനിന്നും പുറത്തെടു ത്തു. ആ ഡയറിയിൽ മഹാകവി ടാഗോറും, മോട്ടിലാലും മറ്റു മാഹാന്മാരും സ്ഥ ലം പിടിച്ചിട്ടുണ്ട്. ഒരു നിധി പോലെ കാത്തു സൂക്ഷിക്കുന്ന വിശിഷ്ട വസ്തു മ റിച്ചുനോക്കിയതുതന്നെ ഒരു പുണ്യമായി ഞങ്ങൾ കരുതി.

ജീവിതയാത്രയെപ്പറ്റി വൃദ്ധനു് ചില ദൃഢാഭിപ്രായങ്ങളുണ്ട്. "എന്റെ യാത്ര കൊണ്ടു് എനിക്കു് ലഭിക്കുന്ന മാനസിക സംതൃപ്തി തന്നെയാണു് എന്റെ ജീവിത ത്തെ സമ്പന്നമാക്കുക തീർത്ഥാടകകേന്ദ്രങ്ങളിൽ ചെന്നു് ഭജനമിരിക്കാൻ ഞാൻ ത യ്യാറായില്ല. എല്ലാ തീർത്ഥാടകകേന്ദ്രങ്ങളിലും ഞാൻ പോയിട്ടുണ്ട്. അവിടുത്തെ ആത്മീയവികാരസത്തയുൾക്കൊള്ളുന്ന കലാക്ഷേത്രങ്ങൾ കണ്ടാസ്വദിക്കുക മാത്ര മാണു് എന്റെ ലക്ഷ്യം. കന്യാകുമാരി കണ്ടപ്പോൾ അവിടെ ഒരു ക്ഷേത്രമുണ്ടെന്നു് ഞാൻ കാര്യമാക്കിയില്ല. കന്യാകുമാരിയിലെ പ്രകൃതിഭംഗിയാണു് എന്നെ വശീകരി ച്ചതു്. ആഗ്രയിലെ മാർബിൾ തറകളിലും ഗ്വോളിയറിലെ അശോകന്റെ കോട്ടകളി ലും ബിനിയിലെ ബൗദ്ധമണ്ഡലത്തിലും ഞാൻ അനേക ദിവസങ്ങൾ കിടന്നുറങ്ങി യിട്ടുണ്ട്. ആ കലാ സങ്കേതങ്ങൾ നിർമ്മിച്ച മഹാന്മാരുടെ ഹൃദയവിശാലതയെപ്പറ്റി ആലോചിച്ച് പുളകം കൊണ്ടിട്ടുണ്ട്. പുതിയ ഇന്ത്യയുടെ നിർമ്മാണ പ്രവർത്തന ങ്ങൾ കാണുകയാണു് ഇനിയെന്റെ ലക്ഷ്യം. അടിമകളായിരുന്ന ഇന്ത്യാക്കാരുടെ സാമ്പത്തിക മോചനത്തിനുള്ള ആ നിർമ്മാണകേന്ദ്രങ്ങളേക്കാൾ വലിയ പൂജാകേ ന്ദ്രങ്ങളില്ല. നമ്മുടെ നേതാവിന്റെ പ്രാർത്ഥനാലയങ്ങൾ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കു ന്ന വെള്ളച്ചാട്ടങ്ങളാണു്. മഹാനായ ആ മനുഷ്യന്റെ അനുയായി ആവുകയെന്നതു് തന്നെ ഭാഗ്യമായി കരുതുക. നമ്മുടെ നാടിന്റെ സാമ്പത്തിക സ്ഥിതികൂടി നന്നാ യാൽ നാം ലോകത്തിനു മാതൃക നൽകും. നമ്മുടെ ചെറിയമനസ്സുകളുടെ ഇടുങ്ങി

യ വാതിലുകൾ കൂടുതൽ തുറക്കണം. എന്നാൽ ഇന്ത്യ ഉയരും...." ഉയർന്ന നിലയിലുള്ള ദേശീയ താല്പര്യം പ്രധാനമായ തത്വമാണ് അവസാനമായി അദ്ദേഹത്തിന് പറയാനുള്ളത്. അതെല്ലാം സോത്സാഹം ഞങ്ങൾ കേട്ടു. വണ്ടി ഒന്നു ഞരങ്ങി നിന്നു. വൃദ്ധൻ തന്റെ ഭാണ്ഡങ്ങൾ പെറുക്കിയെടുത്തു. ഒന്നും സംഭവിക്കാത്തമട്ടിൽ യാത്ര പറഞ്ഞു വൃദ്ധൻ വണ്ടിയിറങ്ങി. യാത്രയിൽ ഞങ്ങളെയെല്ലാവരെയും വശീകരിച്ച ആ മനുഷ്യൻ അസാധാരണനാണ്, പ്രതിഷേധത്തോടെ ആരംഭിച്ച ആ പരിചയപ്പെടൽ ഹൃദയത്തിൽ എത്രവേഗം പുതിയ രൂപമാറ്റം വരുത്തി. ജ്ഞാനോപാസകനായ ആ മനുഷ്യൻ വിനാഴികകൾ കൊണ്ട് ഞങ്ങളെ സ്നേഹവലയത്തിൽ കുടുക്കി. ആ ഒട്ടകമനുഷ്യൻ നടന്നകലുന്നത് ഞങ്ങൾ നിർന്നിമേഷരായി നോക്കി. ആ രൂപം മറഞ്ഞപ്പോൾ ഞങ്ങളുടെ കണ്ണുകൾ നനഞ്ഞിരുന്നു.

* * *

# സാഹസികന്റെ നാട്ടിൽ

ഐതിഹാസികമായ സംഭവ പരമ്പരകൾ കോർത്തിണക്കിയ ഒരു തുടർക്കഥ വീരാപദാനങ്ങളോടെ മദ്ധ്യേന്ത്യയിലെ ഗ്രാമീണർക്കു പറയാനുണ്ട്. അമർത്തിപ്പിടിച്ച വികാരത്തോടെ അത്ഭുതം ഓളം വെട്ടുന്ന അവരുടെ കണ്ണുകൾ നാലുപാടും പകച്ചുനോക്കും. വികാരനിർഭരമായ ആ കഥ മദ്ധ്യേന്ത്യയിലെ കിരീടമണിയാത്ത ഒരു സാഹസികന്റേതാണ്. മദ്രാസിൽനിന്ന് ഡൽഹിയിലേക്കു ഇരച്ചുപായുന്ന തീവണ്ടി ഇറ്റാർസി സ്റ്റേഷൻ വിട്ടാൽ ആ സാഹസികന്റെ സാമ്രാജ്യത്തിലൂടെയാണ് ആഗ്രയിലെത്തുന്നത്. മദ്ധ്യപ്രദേശ്, വിന്ധ്യാപ്രദേശ്, തുടങ്ങിയ രാജ്യാതിർത്തികളിലായി പരന്നുകിടക്കുന്ന ആ സാമ്രാജ്യം അജയ്യനായ ഒരു പോരാളിയുടെ ആജ്ഞയ്ക്കു് വിധേയമായിട്ടു് വർഷങ്ങൾ അനവധിയായി. ഹലോനിലെ നരബലിപ്രിയനായ മനുഷ്യരാക്ഷസന്റെ പ്രതിപുഷനായിരുന്നോ മദ്ധ്യേന്ത്യയിലെ പകൽക്കൊള്ളക്കാരനായിരുന്ന മാൻസിംഗെന്ന് പലരും സംശയിച്ചു. ഭുവനപ്രസിദ്ധമായ ടാജ്മഹാളിനെ മാറിലടക്കിപ്പിടിച്ച് വിശ്രമിക്കുന്ന ആഗ്രാനഗരിയിൽനിന്ന് ഏതാനും നാഴിക അകലെ കുഗ്രാമങ്ങളുടെ കൂടാരം എന്നറിയപ്പെടുന്ന "റിഠോർ ഖേറിലാ"ണ്. പിൻധാരികളെയും തഗ്ഗികളെയും ലജ്ജിപ്പിച്ച മാൻസിംഗ് ജനിച്ചത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നാനാസാഹേബിന് അഭയം നൽകിയ ചാമ്പാൾ നദീതീരത്താണ്. മാൻസിംഗ് തന്ഡറെ ആയോധനക്കളരി സ്ഥാപിച്ചത്. നോട്ടമെത്താത്തവിധം പരന്ന് കിടക്കുന്ന പാഴ്ഭൂമിയുടെ മദ്ധ്യത്തിൽ ഒട്ടകങ്ങളും കഴുതകളും മേഞ്ഞുനിൽക്കുന്നതായി അവിടുത്തെ ഗ്രാമീണർ കണ്ടിട്ടുണ്ട്. അവിടെ കൂടാരങ്ങൾ ഉയരുകയായി. അങ്ങിനെ മദ്ധ്യേന്ത്യയുടെ മാറിടത്തിൽ മാൻസിംഗിന്റെ കോളനികൾ രൂപം കൊണ്ടുതുടങ്ങി. ഗ്രാമീണർ ഈ പുതിയ കൂട്ടുകാരുമായി അടുത്തു കൂടും. സുഭിക്ഷമായി ഭക്ഷണം കഴിക്കാൻ സാധിക്കാത്തവരും വിദ്യാഭ്യാസത്തിൽ പിന്നോക്കംനിൽക്കുന്നവരുമായ ഗ്രാമീണരിൽ സ്വാധീനം ചെലുത്താൻ മാൻസിംഗിന്റെ സൈന്യത്തിന് നിഷ്പ്രയാസം കഴിഞ്ഞു. നൂറ്റാണ്ടുകളായി സെമിന്ദർമാരുടെ അടിമകളായിക്കഴിയുന്ന കർഷകർക്കു് കൊള്ളചെയ്തു് ഭക്ഷണം നൽകാൻ മാൻസിംഗ് ശ്രമിച്ചു. അങ്ങിനെ രണ്ടായിരും ചതുരശ്ര മൈൽ ഒതുങ്ങിനിൽക്കുന്ന

ഗ്രാമങ്ങളിലെ ജനങ്ങളുടെ ആരാധ്യപുരുഷനായി മാൻസിംഗ് ഉയർന്നു. യു.പി.ഗവൺമെന്റും അയൽരാജ്യങ്ങളിലെ പോലീസ് സൈന്യങ്ങളും കേന്ദ്രസർക്കാരിന്റെ സഹായത്തോടെ കാൽനൂറ്റാണ്ടുകാലം ശ്രമിച്ചിട്ടും മാൻസിംഗിനെ പിടികിട്ടിയില്ല. മാൻസിംഗിനെതിരായി ഒരു വാക്കും ഒരാളും പറഞ്ഞില്ല. ആ സന്ദർഭത്തിലെല്ലാം പോലീസ് വിഭാഗത്തിന്റെ തലകൊയ്യുന്ന പ്രവൃത്തി മാൻസിംഗ് നിർബാധം തുടർന്നു കൊണ്ടിരുന്നു. മുപ്പതുവർഷക്കാലം നീണ്ടുനിന്ന മാൻസിംഗിന്റെ ചരിത്രം മദ്ധ്യക്കാല ഇൻഡ്യയുടെ ചരിത്രാവശിഷ്ടമായിത്തീർന്നിരിക്കുന്നു.

മാൻസിംഗ് മുപ്പതുവസ്സ് പ്രായമുള്ളപ്പോൾതന്നെ സംഘടിതമായ കൂട്ടക്കൊലയ്ക്കു് നേതൃത്വം കൊടുത്തു. പക്ഷെ ന്നൊം ലോക മഹായുദ്ധകാലത്തു് ബ്രിട്ടീഷ് ഗവർമ്മെന്റിന്റെ വിശ്വസ്തനായിട്ടാണു് മാൻസിംഗ് തന്റെ ഗ്രാമത്തിൽ പെരുമാറിയിരുന്നതു്. ഇരുപതാമത്തെ വയസ്സിൽതന്നെ ഗ്രാമത്തലവനാകാൻ മാൻസിംഗിന് കഴിഞ്ഞു. തന്റെ അഭീഷ്ടത്തിന്നെതിരായി പെരുമാറിയ ഒരു സർക്കാർ ജീവനക്കാരനെതന്നെയാണു് മിൻസിംഗ് പരീക്ഷണാർത്ഥം വധിച്ചതത്രെ. തുടർന്നു് മാൻസിംഗ് തന്റെ അധികാരാതിർത്തി താലൂക്കൊട്ടുക്കും വ്യാപിപ്പിച്ചു. മാൻസിംഗിന്റെ നിയന്ത്രണാതീതമായ വളർച്ചയിൽ അസൂയ തോന്നിയ മറ്റൊരു ഗ്രാമത്തലവനായ തുൽഫീരാം സർക്കാർപക്ഷത്തു ചേർന്നു് മാൻസിംഗിനെതിരായി റിപ്പോർട്ടു് ചെയ്തു. "സർക്കാർ മൂരാച്ചിയായ" തുൽഫീറാമിന്റെ സിൽബന്ധികളെ തന്നെ 1923–ൽ മാൻസിംഗ് കശാപ്പ് ചെയ്തു. ഈ വാർത്ത ഗ്രാമീണരിൽ ഭയം സൃഷ്ടിച്ചു. ഗ്രാമീണരായ വൃദ്ധന്മാർ സ്വാതന്ത്ര്യസമരത്തിലെ കൂട്ടക്കൊല അനുസ്മരിപ്പിച്ചു. വെള്ളപ്പട്ടാളത്തിന്റെ വരവും കാത്തു ഗ്രാമീണർ വീടുകളിൽ പതുങ്ങിയിരുന്നു. 1928–ൽ നല്ല മഞ്ഞുള്ള രാത്രി ഗ്രാത്തിൽ ഒരു കലഹം പൊട്ടിപ്പുറപ്പെട്ടു. ബ്രിട്ടീഷ് പോലീസിന്റെ വരവായിരിക്കുമെന്നു് ഗ്രാമീണർ കരുതി. പക്ഷെ അതു് മാൻസിംഗിന്റെ ജൈത്രയാത്രയുടെ ആരംഭമായിരുന്നു. തടിച്ചുകൂടിയ ഗ്രാമീണരെ മാൻസിംഗ് അഭിസംബോധന ചെയ്തു് തന്റെ നിശ്ചയം പ്രഖ്യാപിച്ചുവത്രെ. ആ ഉഗ്രമായ പ്രതിജ്ഞ ഗ്രാമീണരിൽ കുറിക്കുകൊണ്ടു. തുൾഫീറാമിന്റെ ഭവനം അഗ്നിക്കിരയാക്കി. തന്നെ എതിർക്കുന്ന ഒരാളെയും ജീവനോടെ നിലനിറുത്താൻ മാൻസിംഗ് ആഗ്രഹിച്ചില്ല.

മാൻസിംഗിന്റെ സുഗ്രീവാജ്ഞ അക്ഷരംപ്രതി അനുഷ്ഠിക്കാൻ പതിനായിരക്ക ണക്കിനു് ഗ്രാമീണർ തയ്യാറായി. എതിരാളികളെ പരസ്യമായി വെടിവെച്ചു കൊല്ലാൻ അനുയായികൾ തോക്കുകളുയർത്തി. വിന്ധ്യാപ്രദേശത്തെ ഘോരവന ത്തിൽ മാൻസിംഗ് ഒരഭയകേന്ദ്രം നിർമ്മിച്ചു. ചാംബാൾ കുന്നുകളിലും കാടുക ളിലും മാൻസിംഗ് വിശ്രമാർത്ഥം സഞ്ചരിച്ചു. നദീതിരങ്ങളിൽ പരസ്യമായി ആയു ധാഭ്യാസം നടത്തി. പന്തം കൊളുത്തി ഘോഷയാത്രയായി ഗ്രാമങ്ങളിൽ ചെന്നു് കൊള്ളയടിച്ചു വിജയപൂർവ്വം മടങ്ങിപ്പാരാൻ പല പ്രാവശ്യവും മാൻസിംഗിനു കഴി ഞ്ഞിട്ടുണ്ടു്. ആ കാലന്റെ രൂക്ഷമായ നയനങ്ങളും നീളമുള്ള കൈകളും സ്വപ്നം കണ്ടുകൊണ്ടു് എതിരാളികൾ ദിവസങ്ങളെണ്ണുകയായി.

*  *  *  *

ഇതിഹാസങ്ങളുടെ ഇരിപ്പിടമായ ലളിതപുരിൽ നിന്നു് ടോങ്കവാലയുടെ (കുതിര ക്കാരൻ) സഹായത്തോടെ ഒരു കുഗ്രാമത്തിന്റെ ഉള്ളിലേക്കു് തങ്ങളുടെ യാത്രാ സംഘം പ്രവേശിച്ചു. മരംകോച്ചുന്ന തണുപ്പ് സഹിച്ചുകൊണ്ടുതന്നെ. കഴിഞ്ഞ ഡി സംബർ ആദ്യത്തെ ആഴ്ചയിലാണു് ഞങ്ങളവിടെ ചെന്നെത്തിയതു്. മഹാനായ അ ശോകന്റെ തകർന്ന ഗോപുരങ്ങൾ താണ്ടിനിൽക്കുന്ന ലളിതപൂർ നാലുപാടും നട ക്കുന്ന നരവേട്ടയുടെ കഥകേട്ടു് മൂകമായി നിലകൊള്ളുകയാണു്. ഗോളിയോറിലും ലളിതപൂരിലും ബോപാലിലും പോലീസ് സ്റ്റേഷനുകൾക്കു് മുമ്പിലും ചില പൊ തുസ്ഥലങ്ങളിലും തടവുചാടിയ കൊള്ളക്കാരുടെ ഫോട്ടോകൾ പതിച്ചിട്ടുണ്ടു്. അ വരിൽ പലരും മാൻസിംഗിന്റെ സംഘത്തിൽ പെട്ടവരാണെന്നു് സംശയിക്കപ്പെ ടുന്നു. ആ പിടകിട്ടാപ്പുള്ളികളിൽ പലരേയും യാത്രക്കാർ വണ്ടിയിൽവെച്ചു് കണ്ടി ട്ടുണ്ടാകാം. ജാൻസി മുതൽ ആഗ്രവരെ തീവണ്ടിയിൽ അവർ നിർബാധം വിഹരി ക്കുന്നുണ്ടെന്നാണു് ഞങ്ങളുടെ സഹയാത്രികനായ ടോങ്കവാല പറഞ്ഞതു്.

ഖാലി ഗ്രാമത്തിലെ തുളസീറാം നാളികേരത്തോളം വലിപ്പമുള്ള അംറൂത്തു് (പേരക്ക) ഞങ്ങൾക്കു് ചുരുങ്ങിയ വിലയ്ക്കു് തന്നു. എഴുപതു് വയസ്സായ തുള സിറാം ഠഠോർഖാരയിൽ കൊള്ളഭയന്നു് ഓടിപ്പോന്നവനാണ്. മാൻസിംഗിന്റെയും

അദ്ദേഹത്തെപ്പോലെതന്നെകുപ്രസിദ്ധരായ പുത്തലിയുടേയും, ദേവിസിംഗിന്റെ യും, ബീലുവിന്റെയും, താറയുടേയും, മുഗണ്ടയുടേയും, ദാലിന്റെയും, സാഹസിക കഥകൾ ഈ വൃദ്ധനു് മനപാഠമാണ്. പലപ്പോഴും ആക്രമണത്തിന് വിധേയയായിട്ടു ള്ള തുളസിറാം നിരാശബോധത്തോടെ ആ സംഭവങ്ങൾ വിവരിക്കുമ്പോൾ കേൾ ക്കുന്നവർ അത്ഭുതപ്പെടും. തുളസിറാമിന്റെ പ്രായമായ മകളും പതിനെട്ടും ഇരുപ ത്തിരണ്ടും വയസ്സുള്ള ആൺ മക്കളും 1938–ലെ സുബേദാർസിംഗിന്റെ കൊള്ള യിൽ വധിക്കപ്പെട്ടു. മാൻസിംഗിന്റെ മകനായ സുബേദാർസിംഗ് മദ്ധ്യപ്രദേശത്തി ലെ സംഖ്യാബലമുള്ള കൊള്ളക്കാരനായിരുന്നു. ഞങ്ങൾക്കു് ചുറ്റും ഗ്രാമീ ണർകൂടി. അവരിൽനിന്നു് മാൻസിംഗിന്റെ കഥ കേൾക്കാൻ ഞങ്ങൾക്കു് ഔത്സു ക്യമുണ്ടായി. ആ നാട്ടുകാരിൽ കഥാവശേഷനായ മാൻസിംഗ് ഒരതിമാനുഷനായി ഉയർന്നു് കഴിഞ്ഞിരിക്കുകയാണു്.

മാൻസിംഗിന്റെ ജന്മദിനം ഒരു വിശാഖംനാളാണെന്നു ഗ്രാമീണർ വിശ്വസി ക്കുന്നു. അന്നു് എല്ലാദേവാലയങ്ങളിലും പ്രത്യേക പ്രാർത്ഥനയുണ്ടാകും. മാൻസിം ഗ് ' അമരത്വം' ലഭിച്ച ഏക ഇന്ത്യക്കാരനാണെന്നു വിശ്വസിക്കുന്നവരും അവരുടെ കൂട്ടത്തിലുണ്ടു്. സാധു സംരക്ഷകനും ദയാനിധിയുമായ മാൻസിംഗിന്റെ ദേഹത്തു് 'ഉമുക്കുകൾ' (വെടികൊണ്ടാൽ മുറിയാത്ത മന്ത്രശക്തിയുള്ള ഒരു വസ്തു) ഉണ്ടാ യിരുന്നെന്നും അതുകൊണ്ടാണു് എഴുപതുവയസ്സ് വരെയും തീയും ചോരയുമായി അദ്ദേഹം ഏറ്റുമുട്ടിക്കഴിഞ്ഞതെന്നും അവർ വിശ്വസിക്കുന്നുണ്ടു്. വർഷങ്ങൾക്കു മുമ്പു് യുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോൾ ദോൾഫൂരിലും ഷിക്കോബാദിലും മാൻസിംഗ് സായുധസേനകളുമായി യുദ്ധം ചെയ്തു ജയിച്ച കഥ അതിർത്തി സം സ്ഥാനക്കാരനായ ജയിൻപ്രസാദ് പറഞ്ഞപ്പോൾ അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. സർക്കാർവക മിലിട്ടറി ലോറികളും ട്രക്കുകളും പട്ടാളയൂണിഫാറവും ആയുധ ങ്ങളും മാൻസിംഗിനു് ആ യുദ്ധത്തിൽ ലഭിച്ചുവത്രെ. ഗ്രാമീണരിൽ ഒരാളെ പട്ടാള ക്കാരൻ അടിച്ചതാണു് യുദ്ധത്തിന്നു് കാരണം. വലിയസൈന്യം വന്നുചേർപ്പോഴേ ക്കും ശ്മശാനഭൂവിൽ നിന്നു് മാൻസിംഗ് വനാന്തരങ്ങളിലേക്കു് നീങ്ങിക്കഴിഞ്ഞി രുന്നു. സൈനിക സംഘങ്ങൾ തിരച്ചിൽ നടത്തിയെങ്കിലും കൊള്ളക്കാരെ കണ്ടുകി ട്ടിയില്ല. തിരിച്ചിൽ സൈന്യവും മടങ്ങിവന്നില്ല. ബ്രിട്ടീഷ് സൈന്യത്തിലെ പട്ടാള

ക്കാർ പലരും മാൻസിംഗിന്റെ ആരാധനകരായിരുന്നുപോൽ! സൈനികരുടെ ഇട യിൽ മാൻസിംഗിന്റെ സ്വാധീനം നാൾക്കുനാൾ വർദ്ധിച്ചു. 1942–ൽ ജാൻസിയിൽ പൊട്ടിപ്പുറപ്പെട്ട കൊള്ളയൊതുക്കാൻ റജിമെൻട്രിനു് ഓർഡർകൊടുത്ത സായ്പു് വിഷണ്ണനായിപ്പോയി. സൈന്യം ആ ആജ്ഞയെ ധിക്കരിച്ചുവത്രെ. യുദ്ധഫണ്ടിലേ യ്ക്കു് സെമിന്ദാർമാരിൽനിന്നു് ആദ്യമായി പണംപിരിക്കാൻ മാൻസിംഗ് ഇറങ്ങി. പിരിയുന്ന പണം സർക്കാർഖജനാവിൽ ചെന്നില്ലെന്നുമാത്രം. ഏതു സൈനിക ഓ ഫീസറുടെ യൂണിഫാറവും കൊള്ളക്കാർ അണിയാറണ്ടു്. പോലീസ് വകുപ്പിനെ അവരുടെ വേഷത്തിൽ നടന്നു് കബളിപ്പിക്കാൻ അവർക്കു കഴിഞ്ഞിരുന്നു. യുദ്ധ കാലത്താണു് കൊള്ളക്കാരുടെ ഭാഗ്യം ഉദയം ചെയ്തതു്. നാടൊട്ടുക്കും കൃഷി ക്കാർക്കെതിരായിട്ടു് ജന്മികൾ മർദ്ദനം മുറുക്കി കരം കൂട്ടി ശ്വാസംമുട്ടിക്കുന്ന ഘട്ട ത്തിൽ കൊള്ളക്കാർ ഗ്രാമീണരുടെ ഭാഗത്തുനിന്നു സെമിന്ദാർമാരുടെ തല കൊയ് തുതുടങ്ങി. ളിവിലായിരുന്ന കവർച്ചക്കാർ വെളിച്ചത്തുവന്നു് ഭയാശങ്കകൾ കൂടാ തെ കവർച്ചതുടങ്ങി. കക്കാനും കൊള്ളയടിക്കാനും കൊല്ലാനുമുള്ള വാസനകുട്ടി കളിൽപോലും പടർന്നുപിടിച്ചു. സംഘങ്ങളായി പിരിഞ്ഞു പ്രത്യേക ചിട്ടകളോടു കൂടി അവർ ആക്രമണം തുടങ്ങി. ഗവർമ്മെന്റിനു് തടയാൻ നിവൃത്തിയില്ലാത്തവി ധം അതു് വളർന്നു കഴിഞ്ഞിരുന്നു.

അധികാരക്കൈമാറ്റം നടന്ന സ്വാതന്ത്ര്യദിനത്തിൽ ആയിരക്കണക്കിനു് ഗ്രാമ ങ്ങൾ കൊള്ളയടിച്ചു കൊണ്ടാണ് ഗോളിയോർ മുതൽ പാക്കിസ്ഥാൻ അതിർത്തിവ രെയും കൊള്ളക്കാർ സ്വാതന്ത്ര്യദിനം കൊണ്ടാടിയതെന്നറിയുമ്പോൾ അവരുടെ വ ളർച്ച തിട്ടപ്പെടുത്താം. അവരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ അനേകകെല്ലങ്ങളാ യി പരിശീലിച്ചുപോന്ന കവർച്ചയ്ക്കും കൊള്ളിവെപ്പിനും പൂർണ്ണസ്വാതന്ത്ര്യംലഭിച്ചു വെന്നുമാത്രം. വളരെ ക്കാലം സെൻട്രൽ റയിൽവേയിൽ ജീവനക്കാരനായിക്കഴി ഞ്ഞു പെൻഷൻ പറ്റിയ യാത്രക്കാരൻ വരിച്ച കഥ ഓർമ്മവന്നു. അനുഭവസമ്പ ന്നനായ ആ മനുഷ്യൻ നിരത്തിവെച്ച ചിത്രങ്ങൾ വിശ്വസിക്കാമെങ്കിൽ എത്രഭീകര യാഥാർത്ഥ്യമായിരുക്കുമതെന്നു ആലോചിച്ചത്ഭുതപ്പെടും ഉദ്യോഗസ്ഥന്മാരിൽ പ ലരും ജീവഹാനി ഭയന്നു കൊള്ളക്കാർക്കുകൂട്ടുനിൽക്കാൻ നിർബന്ധിതരാകുന്നു. ബ്രിട്ടീഷ് ഭരണകാലത്തു് പട്യാലയിലും പരിസരങ്ങളിലും ആയുധധാരികളായി നട

ക്കുന്ന ഇരുപതോളംകവർച്ചസംഘങ്ങൾ ഉണ്ടായിരുന്നു. ഉത്തരപ്രദേശത്തു് മാൻ സിംഗിന്റെ കൂടാതെ നൂറോളം സംഘങ്ങൾ, വിന്ധ്യാപ്രദേശത്തും മദ്ധ്യഭാരത ത്തിലും സ്ത്രീകളുടെ സംഘങ്ങൾ അടക്കം അറുപതോളം. കവർച്ചചെയ്ത ആയി രക്കണക്കിന്നായുധങ്ങൾ അവർ തീവണ്ടികളിൽ കൊണ്ടുനടന്നിരുന്നു. സ്വാതന്ത്യം ലഭിച്ചതോടെ കൊള്ളയും കൊലയും ഊർജ്ജിതമായി. പിടിക്കപ്പെട്ടഭയങ്കന്മാരിൽ പലരെയും വിട്ടയച്ചതുതന്നെ ആപത്തു് വിളിച്ചുവരുത്താൻ പര്യാപ്തമായി. ജനങ്ങ ളിൽരക്ഷാബോധം വളർത്താൻ കഴിയാതെവന്നു. 1947 മുതൽ നാലുവർഷക്കാല ത്തെ കണക്കെടുത്താൽ പകൽക്കൊള്ളയുടെ എണ്ണപ്പെരുപ്പം മനസ്സിലാക്കാം. ജന ങ്ങളുടെ ജിവൻ കൊള്ളക്കാരുടെ വെടിയുണ്ടക്കെതിരായി പറന്നുപോകുന്നകാഴ്ച സമാധാനപാലകന്മാർക്കു് തന്നെ നേരിട്ടുകാണാൻ കഴിഞ്ഞിട്ടുണ്ടു്. പോലീസ് വിഭാ ഗത്തിന്നു് എത്തിനോക്കാൻ സാധിക്കാത്ത നൂറ് നൂറ് കവർച്ചാസങ്കേതങ്ങൾ മധ്യേ ന്ത്യയിലുണ്ടായിരുന്നു. പട്ടണങ്ങളിൽ ആൾപ്പിടിയന്മാരായകൊള്ളക്കാർ പകൽ സ ഞ്ചരിച്ചിരുന്നു. ഗോളിയോർ റയിൽവേസ്റ്റേഷനിൽ ഇറങ്ങുന്ന യാത്രക്കാർക്ക് പല പ്പോഴും ഇതനുഭവപ്പെട്ടിരുന്നു. ഓരോ തീവണ്ടിയും ഗോളിയോറിലൂടെ കടന്നു് പോകുമ്പോൾ റയിൽവെമാസ്റ്ററുടെ അടുക്കൽ ആക്ഷേപങ്ങൾ ചെല്ലാറുണ്ടു്. പോ ക്കറ്റടിയിൽ വിദഗ്ദ്ധരായവർ ഇവിടെയാണുള്ളതെന്നറിയുന്നു. ഡിസംബർ രണ്ടാം തീയതി സന്ധ്യാസമയത്തു് ഗോളിയോറിലൂടെ കടന്നു് പോന്ന തീവണ്ടിയിൽതന്നെ ഒരു സംഭവം നടന്നു. വണ്ടി നിൽക്കാറായപ്പോൾ ഒരു തിക്കും തിരക്കും. ഈ തിര ക്കിൽ വണ്ടിയിലിരിക്കുന്നവർ സംഭ്രാന്തചിത്തരായി. തിരക്കിനിടയിൽ മൂന്നുപേരു ടെ പേഴ്സ് പറന്നുപോയി. റയിൽവെ മാസ്റ്ററെ സമീപിച്ചു് അവർ ആക്ഷേപം ബോധിപ്പിച്ചു. പക്ഷെ അതവിടെ ഒരു നിത്യസംഭവമാണത്രെ. അവിടെനിന്നു പോന്ന ബസ്സുകളും മറ്റു വാഹനങ്ങളും പലപ്പോഴും കൊള്ളയടിക്കപ്പെട്ടിട്ടുണ്ടു്. അനുഭവ സമ്പന്നനായ ആ സഹയാത്രികന്റെ വിവരണം ഗോളിയോർ ബസ്‌യാത്രയിൽ ഞ ങ്ങൾ സ്മരിച്ചുകൊണ്ടിരുന്നു. ബസ്സിലൂടെയുള്ളയാത്ര അത്ര സുഖപ്രദമല്ല. ഗോളി യോറിൽനിന്നു് യാത്രക്കാരെയും വഹിച്ചുകൊണ്ടുപോയിട്ടുള്ള ബസ്സുകൾ പല പ്പോഴും മരണത്തിന്റെ സങ്കേതത്തിലാണു് ചെന്നെത്തിയിട്ടുള്ളതു്. വളഞ്ഞുതിരി ഞ്ഞു പോകുന്ന ആ ഗ്രാമപാതകൾക്കു് ചോരയുടെ നിറമുണ്ടു്. അവിടുത്തെ ഓരോ ഫർലോംഗ് കല്ലിനും കവർച്ചയുടെ, കൊള്ളയുടെ, കൊലയുടെനൂറ് നൂറ് ക

ഥകൾ പറയാനുണ്ട്. രക്താഭിഷിക്തമായ ആ ഗ്രാമങ്ങൾ മാൻസിംഗിന്റെ ഇതിഹാസങ്ങളുടെ പശ്ചാത്തലമായിനിലകൊള്ളുന്നു. സ്വാതന്ത്ര്യത്തിനു് ശേഷവും ആ ഗ്രാമങ്ങൾക്കു് കൊള്ളയിൽനിന്നു് മോചനം നേടാൻ കഴിഞ്ഞില്ല.

ഒരു നാട്ടുരാജ്യമായിരുന്ന ഗോളിയോറിലെ പഴയ സെമിന്ദർമാർതന്നെ കാലാന്തരത്തിൽ കവർച്ചസംഘങ്ങളുടെ കാവൽഭടന്മാരായിത്തീർന്നു. ബ്രിട്ടീഷ്കോയ്മ സൃഷ്ടിച്ച സെമന്ദാരിവ്യവസ്ഥയാണു് ഭീകരസംഘങ്ങളെ വളർത്തിയതെന്നു് വ്യക്തമാണു്. കൊള്ളത്തലവന്മാർ വീരപുരുഷന്മാരായിത്തീർന്നു. മാൻസിംഗിൽ ഭഗവത്സിംഗിന്റെ ധൈര്യവും ഗുരുനാനാക്കിന്റെ മഹത്വവും ഹോൾക്കറുടെ ന്യായദീക്ഷയും ഉണ്ടെന്നു് പലരും ധരിച്ചു. അതു് കാരണം പിടിച്ചു് കീഴടക്കിയ കൊള്ളത്തലവന്മാർക്കെതിരായി സാക്ഷി പറയാൻ ആരും തയ്യാറാകുന്നില്ല. ഞങ്ങൾ കയറിയ ബസ്സ് ഒരു ഗ്രാമത്തിനടുത്തെത്തി. അവിടെനിന്നു് നോക്കിയാൽ മുൾച്ചെടികൾ നിറഞ്ഞുനിൽക്കുന്ന കാടുകൾ കാണാം. അതിനപ്പുറം സിന്ധ് നദിയുടെ തീരപ്രദേശം അങ്ങിനെ നീണ്ടുകിടക്കുകയാണു്. ആ പ്രദേശങ്ങളെല്ലാം കവർച്ച സാധനങ്ങൾ ഒളിച്ചുകടത്തുന്ന അതിർത്തികളായിരുന്നു. കൊള്ളക്കാരനായ മാൻസിംഗിന്റെ ഭാര്യാഗൃഹം അവിടെയുണ്ടത്രെ. മാൻസിംഗിനു് നിരവധി ഭാര്യമാരുണ്ടെന്നാണു് കേൾവി. മാൻസിംഗ് തികഞ്ഞ ദൈവഭക്തനും സസ്യഭുക്കും ഏകഭാര്യാവ്രതതക്കാനുമാണെന്നും. ഒരഭിപ്രായമുണ്ടു്. മാൻസിംഗിന്റെ കൂട്ടകവർച്ച ത്തലവനായ പഹോഡക്കാണു് കൂടുതൽ ഭാര്യമാരെന്നും പറയുന്നവരുണ്ടു്. അപഹരിച്ചുകൊണ്ടുവരുന്ന സ്ത്രീകളെ ഭാര്യമാരാക്കുന്ന സമ്പ്രദായം, കവർച്ചക്കാർക്കുണ്ടു്. പോക്കറ്റടി, ആക്രമണവിദ്യ തുടങ്ങി പലതും പഠിച്ചവരായിരിക്കും കവർച്ചസംഘത്തിലെ സ്ത്രീകൾ. പോലീസ് പിടിച്ചിട്ടുള്ള കവർച്ചക്കാരെ മോചിപ്പിക്കാൻ ഈ സ്ത്രീകൾ മിടുക്കികളാണത്രെ. മാൻസിംഗിന്റെ പേരിൽ  സ്ത്രീകളെ അപഹരിച്ചതടക്കം അഞ്ചു ഗവർമ്മെന്റുകൾ കൂടി രണ്ടായിരത്തോളം ചാർജ്ജുകൾ ചുമത്തി. ഇതിൽ അറുനൂറിലധികം സംഘടിത കവർച്ചയുടെതാണു്. മാൻസിംഗിനെ പോലീസ് സൈന്യം വെടിവെച്ചു വീഴ്ത്തി. മാൻസിംഗിനു എഴുപതു് വയസ്സുണ്ടു്. അച്ഛന്റെ ശവം എടുക്കാൻവന്ന മകൻ സുബേദാർ സിംഗിനേയും പോലീസ് വെടിവെച്ചുകൊന്നു. മറ്റൊരുമകനായ ബ്രഹ്മചാരി തഹസിൽദാർസിംഗ് ഇപ്പോൾ ജയിലിലാണു്. തഹസിൽദാർ

സിംഗിനെ നേരിട്ടുകണ്ടു പരിചയമുള്ള ഒരിഞ്ചിനീയർ വിദ്യാർത്ഥി അയാളെപ്പറ്റി പറഞ്ഞതിങ്ങനെയാണ്. തേജസ്സുള്ള ആ മുഖം കൊള്ളക്കാരന്റെയാണെന്ന് ആരും പറയില്ല. പക്ഷെ ഒറ്റക്കാലനായ ആ മനുഷ്യൻ എൺപത്താറുപേരെ സ്വയം കൈകൊണ്ടു് ഒരു ദിവസം വധിച്ചുവത്രെ. ബ്രഹ്മചാരയും ദൈവഭക്തനുമായ തഹസിൽദാർസിംഗ് ഗുരുഗോവിന്ദസിംഹന്റെ പിൻതുടർച്ചക്കാരനാണെന്നവകാശപ്പെടുന്നു. പോലീസ് ഉദ്യോഗസ്ഥന്മാരെ ക്രൂരമായി വധിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ഹോബി". മാൻസിംഗ് മാപ്പുകൊടുക്കാൻ തയ്യാറായിരുന്ന കവർച്ചക്കാരനായിരുന്നു. മാൻസിംഗിന്റെ സുശിക്ഷിതരായ ശിഷ്യന്മാരിൽ പലരും മാൻസിംഗിനെപ്പോലെ രൂപസാദൃശ്യമുള്ളവരായിരുന്നു. മാൻസിംഗിനെപ്പോലെയുള്ള നാല്പതോളം പ്രതിപുരുഷന്മാർ ഈ കവർച്ചസംഘത്തിലുണ്ടായിരുന്നു. എവിടെ വേണമെങ്കിലും മാൻസിംഗിനെ ഗ്രാമീണർക്ക് കാണാമായിരുന്നു. അത്ഭുതാവഹമായ ഈ ആൾമാറാട്ടം അദ്ദേഹത്തിന്റെ മേധാശക്തിയെ ഉത്തരോത്തരം വളർത്തിക്കാട്ടി. പക്ഷെ മാൻസിംഗിന്റെ രൂപസാദൃശ്യമുള്ള വെറെ ചിലരായിരിക്കും വെടിയുണ്ടക്കിരയായതു്. ആഗ്രയിലും പരിസരങ്ങളിലും മാൻസിംഗ് കൊള്ളയടിക്കാൻ പുതിയ വിദ്യകൾ കണ്ടുപിടച്ചു. വലിയ സെമിന്ദാർമാർക്ക് തുറന്ന കത്തുകളയക്കും. ആ ഭീഷണിക്കത്തുകൾ പ്രകാരം ആവശ്യപ്പെട്ടപണം നിശ്ചിതസ്ഥലത്തെത്തിച്ചില്ലെങ്കിൽ ഇരുണ്ട അദ്ധ്യായങ്ങൾ അവിടെ എഴുതിതുടങ്ങും. കൊള്ളയടിക്കുന്ന പണം കൃഷിക്കാർക്ക് വിതരണംചെയ്തു. മാൻസിംഗ് പാരിതോഷികം നൽകാത്ത കല്യാണം ആ ഭാഗങ്ങളിൽ നടക്കാറില്ല. വരൻ മാൻസിംഗിന്റെ അനുഗ്രഹത്തിനായി ചെല്ലാറുണ്ടു്. കേരളത്തിലെ കായംകുളം കൊച്ചുണ്ണിയെപ്പറ്റി ഗ്രാമീണർ പറയുന്ന കഥകൾ മാൻസിംഗിനെപ്പറ്റിയും ഈ ഭാഗങ്ങളിൽ കൊടുക്കുന്ന കേൾക്കാം.

ഒരു ദിവസം മാൻസിംഗിനെ കാണാൻ ബീനായിൽ ഒരു കൂട്ടം പരിഷ്കാരികൾ ചെന്നു. മുപ്പതോളം വരുന്ന സുഹൃൽ സംഘത്തെ മാൻസിംഗ് സ്നേഹത്തോടെ സ്വീകരിച്ചു. കവർച്ചക്കാരനായ മാൻസിംഗിൽ കളിയാടുന്ന മനുഷ്യത്വം അവർ കണ്ടറിഞ്ഞുവത്രെ. വൈരുദ്ധ്യം നിറഞ്ഞ സ്വഭാവത്തെപ്പറ്റി പല കഥകളും ഗോളിയോറിലും ആഗ്രയിലും പ്രചരിപ്പിച്ചിട്ടുണ്ടു്. അതാവർത്തിച്ചു പറയുന്നതു് പരിഷ്ക്കാരികളായ ആൾക്കാരാണ്. ഗ്രാമത്തിലെ പ്രമാണിയായ നാമധാരിയുടെ സ

ന്നിധിയിൽ വെച്ചാണിക്കഥകൾ കേട്ടതു്. വിറപ്പിക്കുന്നസംഭവങ്ങൾ ഞങ്ങളെ ഭയവി ഹ്വലമാക്കി. കുറച്ചുകൂടികഴിഞ്ഞാൽ കവർച്ചസംഘക്കാരുടെ കാലൊച്ച കേൾക്കുമോ എന്നു് ഭയമായി. യാത്രാസംഘത്തിലെ തടിയനായ മോഹൻ ഞങ്ങ ളെ ധൈര്യമുള്ളവരാക്കാൻ ശ്രമിച്ചെങ്കിലും കഥകളെ ചൂഴ്ന്നുനിൽക്കുന്ന കാര്യം തലപൊക്കിയാലോ എന്ന ഭയമായി പലർക്കും. സന്ധ്യയുടെ മൂടൽമഞ്ഞിലൂടെ ക വർച്ചസംഘങ്ങൾ നീങ്ങുന്നതു് കാണാൻ നിൽക്കാതെ നിരവധി പ്രാവശ്യം അക്രമ ണത്തിനിരയായിട്ടുള്ള ഹതഭാഗ്യയായ ആ ഗ്രാമകന്യകയോടു് യാത്രപറഞ്ഞു പി രിഞ്ഞു. വിദേശന്യൂസ് ഏജൻസികൾ പല പ്രാവശ്യവും ആ ഗ്രാമത്തിലൂടെ യാത്ര ചെയ്തിട്ടുണ്ടെന്നു് ഞങ്ങൾ അറിഞ്ഞു. ഇന്ത്യയ്ക്കു പുറത്തു് പാക്കിസ്ഥാനിലും മറ്റും മാൻസിംഗിന്റെയും സത്താർസിംഗിന്റെയും വീരാപദാനങ്ങൾ പത്രങ്ങൾ തല ക്കെട്ടുനൽകിയ വിഷയങ്ങളാണു്. മാൻസിംഗ് ദിനപത്രങ്ങൾ വായിക്കാൻ ഉത്സുക നുമായിരുന്നു. രഹസ്യമായി കാര്യങ്ങൾ ചോർന്നെടുത്തു് വിവരം ധരിപ്പിക്കാൻ വി ശ്വസ്തരായ ഗസ്റ്റപ്പൊമാർ മാൻസിംഗിനുണ്ടായിരുന്നു. ഭീമമായ വെള്ളപ്പൊക്കം കൊണ്ടും ഭക്ഷണക്ഷാമംകൊണ്ടും ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ മാൻസിംഗ് പലപ്പോഴും സ്വന്തംപേരു് വെളിപ്പെടുത്താതെ ധനസഹായം ചെയ്തിരുന്നുവെന്നാ ണു് അദ്ദേഹത്തിന്റെ അനുയായികൾ വിശ്വസിക്കുന്നതു്. അമൃതസരസ്സിൽ ഗുരു നാനാക്കിന്റെ ജന്മദിനത്തിനും മഹാമേളക്കും മറ്റുത്സവങ്ങൾക്കും അദ്ദേഹം പൊയ് ക്കൊണ്ടിരുന്നു. മാൻസിംഗിന്റെ അറുകൊലകൾക്കു് ദേശാഭിമാനോജ്ജ്വലമായ മൂ ടുപടമിട്ടു് പ്രശ്നത്തെ ലഘൂകരിക്കാനുള്ള പ്രചരണം മുറക്കവിടങ്ങളിൽ നട ക്കുന്നു. കവർച്ചസംഘങ്ങൾ നിശ്ശേഷം നശിക്കണമെങ്കിൽ ബഹുജനപിന്തുണ അ വർക്കു് നഷ്ടപ്പെടണം അവരുടെ ജീവിത സ്വഭാവത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള കുറ്റവാസന പാടെ തുടച്ചുമാറ്റാൻ കാലങ്ങൾകുറെപിടിക്കും. മദ്ധ്യേന്ത്യയിൽ സഞ്ച രിക്കുന്ന ഏതൊരാൾക്കും അനുഭവപ്പെടുന്ന യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ഈ പ്രശ്നം പരിശോധിച്ചാൽ അത്ഭുതംതോന്നും. വിദ്യാസമ്പന്നരായവർപോലും ആകൃഷ്ടരാകുന്ന കവർച്ചാപദ്ധതിയെ മാറ്റിപ്പണിയാൻ മാനസിക പരിവർത്തനത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികൾ ഇന്ത്യ പിന്നിടണം. കലാപങ്ങൾക്കു് കരുക്ക ളായി ഉപയോഗിക്കാവുന്ന ഈ കവർച്ചക്കാരെ പരിഷ്കൃതചിത്തരാക്കാൻ കഴി ഞ്ഞാൽ അതു് ഇന്ത്യയുടെ നേട്ടമായിരിക്കും. ഇത്തരം ചിതറിയ ചിന്തകളുമായി മ

ഹാനായ അക്ബർ ചക്രവർത്തി അന്ത്യവിശ്രമം കൊള്ളുന്ന സിക്കന്തറയിലേയ്ക്കു് ഞങ്ങൾ യാത്രതിരിച്ചു. മാൻസിംഗിനെ നേരിട്ടുകണ്ടില്ലെങ്കിലും, കണ്ടതുപോലെയുള്ള ആ ചിത്രം ഇപ്പോഴും മുന്നിൽ നിൽക്കുകയാണു്. ദു:ഖമൂകമായിനിന്നു് അറുകൊലകളുടെ കഥകൾപറയുന്ന ആ ഗ്രാമപ്രദേശങ്ങൾ മുമ്പിലുയരുകയാണു്. ഇന്ത്യയുടെ സുവർണ്ണകാലഘട്ടങ്ങൾക്കു് സാക്ഷ്യംവഹിച്ച അശോകന്റെയും അക്ബറിന്റെയും പിൻഗാമികൾ കൊള്ളക്കാരാകാൻ കാരണമെന്തു്? ഈ ചോദ്യം മദ്ധ്യപ്രദേശത്തെ വരണ്ട ഭൂപ്രദേശങ്ങളിലേക്കെറിഞ്ഞുകൊണ്ടു് വണ്ടി കുതിച്ചുപാഞ്ഞു.

* * *

# സൌന്ദര്യഭൂമിയിൽ

ഈ നഗരത്തെപ്പറ്റി കേട്ടിട്ടുള്ള കഥകൾ ഹൃദയസ്പർശിയാണ്. കണ്ടിട്ടുള്ള ചിത്രങ്ങൾ മനോഹരവുമാണ്. അതിനെല്ലാം പശ്ചാത്തലമായി സ്ഥിതിചെയ്യുന്നസ്ഥലം നേരിട്ടു കാണാൻ അവസരം വന്നാൽ അതെത്ര ഹൃദ്യമായിരിക്കും. യാത്രാസംഘം ലോകപ്രശസ്തമായ ആ സൌന്ദര്യഭൂമിയിൽ ചെന്നെത്തിയിരിക്കയാണ്. മുഗൾ ചരിത്രത്തിൽ പ്രത്യേകം പ്രാമാണ്യം നേടിയ കളിന്ദൂലാൽ വർമ്മയും അക്താർ ഹസ്സനും യാത്രസംഘത്തിലുള്ളപ്പോൾ വിവരണങ്ങൾക്കു് മിഴിവ്‌ കൂടുമല്ലോ?

ഇവിടെ തകർന്നുകിടക്കുന്ന ഗോപുരങ്ങൾക്കിടയിൽ നിന്നും കവിവര്യനായ ബാബർചക്രവർത്തിയുടെ പ്രശസ്തിയാർജ്ജിച്ച ആത്മാലാപം ഇന്നും ഉയർന്നുകൊണ്ടിരി ക്കുന്നതുപോലെ തോന്നുന്നു. ചരിത്രാന്വേഷികളെ ഹഠാദാകർഷിക്കുന്ന ഈ സൗന്ദര്യഭൂമിയിലേക്കു് സഞ്ചാരികളുടെ പ്രവാഹം എന്നും തുടർന്നുകൊണ്ടിരിക്കും.

മനുഷ്യ പ്രയത്നത്തിന്റെ മഹത്വത്തേയും സുഖലോലുപന്മാരായ ഭരണാധികാരികളുടെ പ്രതാപത്തേും തേജോമയമാക്കിത്തീർക്കുന്ന ചരിത്രസങ്കേതങ്ങൾ നൂറ്റാണ്ടുകളെ പിന്നിട്ട് ദേശാന്തരീയങ്ങളായ മഹാത്ഭുതങ്ങളെ പരാജയപ്പെടുത്തി ഇന്നും ഗാംഭീര്യത്തോടെ തലയുയർത്തി നിൽക്കുകയാണ്. ഇന്ത്യാചരിത്രത്തിൽ കലകളുടെ സുവർണ്ണകാലം ആരംഭിക്കുന്നതു് മുഗിളരുടെ ആധിപത്യത്തോടുകൂടിയാണ്. സൈന്ധവ സംസ്ക്കാരത്തിൽനിന്നുടലെടുത്ത വിവിധ വർഗ്ഗങ്ങൾ പല പ്രയാണ മാർഗ്ഗങ്ങളും കണ്ടെത്തി പിരിഞ്ഞുപോയി. വൈദികകാലഘട്ടം കഴിഞ്ഞാൽ അശോകന്റെ ആഗമനംവരെയും കലാനികേതനങ്ങൾ കാര്യമാത്രപ്രസക്തമായി വളർന്നില്ല. അശോകന്റെ നവോത്ഥാനത്തോടുകൂടി കലയുടെ സർഗ്ഗശക്തി പൂവിട്ടു വിരിയാൻതുടങ്ങി. ആ കാലഘട്ടത്തിന്റെ സവിശേഷതകളാണ് ഇന്ത്യൻ ക

ലയുടെ ആത്മാവിനെ ചൈതന്യവത്താക്കിത്തീർത്തതു്. ആ സാംസ്ക്കാരിക വിപ്ലവത്തിന്റെ ജയഭേരിദിഗന്തങ്ങളെ രോമാഞ്ചംകൊള്ളിച്ചുകഴിഞ്ഞപ്പോഴേയ്ക്കും വിദേശികൾ കൈബർചുരംവഴി കണ്ണഞ്ചിപ്പിക്കുന്ന നമ്മുടെ ഹൈമവതഭൂവിൽകയറിപ്പറ്റി. പ്രയാണപ്രത്യാഘാതങ്ങളിൽ ഇന്ത്യയിൽ പലരുടേയും ചെങ്കോലുകളും കിന്നരിത്തൊപ്പികളും തെറിച്ചുപോയി. ജനവർഗ്ഗങ്ങളിൽ വൈദേശീകവേഴ്ചയുടെ സ്വാധീനം പടർന്നു. മുഹമ്മദിബ്നു കാസിമിന്റെ സിന്ധാക്രമണം പട്ടാളക്കാരോടൊപ്പം പേഴ്സ്യൻകരയിൽനിന്നു പല ജീവിതസമ്പ്രദായങ്ങളും ഇവിടെ ഇറക്കുമതിചെയ്തു. പേഴ്സ്യൻ വാസികളുടേയും അയൽദേശക്കാരുടേയും സാർത്ഥവാഹകസംഘങ്ങൾ ഇന്ത്യൻസമതലങ്ങളിൽ കൂടാരമടിച്ചു. സമരം, വ്യാപാരം സാംസ്ക്കാരിക പ്രചരണം എന്നീ മുഖങ്ങളിലൂടെ അവരിന്ത്യയിൽ തങ്ങളുടെ സ്വാധീനം ചെലുത്തി. ആ സ്വാധീനവലയം വികസിച്ചു. രാജ്യഭാരം അവർ കയ്യേറ്റു. ഇതാണു് പേഴ്സ്യക്കാരും ഇന്ത്യക്കാരും തമ്മിലുള്ള വേഴ്ചയുടെ ചരിത്രം. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്നെതിരായുള്ള സ്വാതന്ത്യസമരം സംഘടിതമായി ആരംഭിക്കുന്നതുവരെയും ആ വംശജന്മാർ ഇന്ത്യയിൽ തങ്ങളുടെ പ്രതാപംനിലനിർത്തി. ബ്രിട്ടീഷ് സൈന്യത്തിന്റെ അപ്രതിരോധ്യമായ ആക്രണത്തോടെ തങ്ങളുടെ മഹത്തായ സംസ്ക്കാരം സ്മാരകവസ്തുക്കളിൽ ആ കഥയാണു് ആഗ്രാനഗരിയിലെ ചരിത്ര സ്മാരകങ്ങൾക്കു പറയാനുള്ളതു്.

മുഗൾ സാമ്രാജ്യത്തിന്റെ ചരിത്രം പലതുകൊണ്ടും രസാവഹമാണു്. ആസ്വാദ്യവുമാണു്. മുഗൾ സാമ്രാജ്യത്തിന്റെ പ്രതാപവും ഐശ്വര്യവും ഇന്ത്യാചരിത്രത്തിലെ മികച്ച അദ്ധ്യായങ്ങളാണു്. ശാന്തഗംഭീരനായ ബാബർ ചക്രവർത്തിയുടെ കാലം മുതലാരംഭിക്കുന്ന ആ പ്രതാപം ബഹദൂർഷായുടെ കാലത്തോടുകൂടി നാമാവശേഷമാവുകയാണു്. ഇന്നത്തെ ഡൽഹിയടക്കം ഇരുനൂറിലധികം ചതുരശ്രമൈൽ മുഗൾസാമ്രാജ്യത്തിന്റെ ഉന്നതകോട്ടകളാൽ സുരക്ഷിതമായിരുന്നു. ദൽഹിയിൽ അവേശഷിച്ചിട്ടുള്ള ചുവപ്പുകോട്ടയും ജുമാമസ്ജിദു, മൂന്നു രാജാക്കന്മാരുടെകാലത്തു കെട്ടിയുയർത്തിയ കുത്തബ്മീനാറും മുസ്ലീംശില്പകലയുടെയും ഭരണപ്രതാപത്തിന്റെയും സ്മരണകൾ കാഴ്ചക്കാരിലുളവാക്കുന്നു. മുഗൾവംശത്തിന്റെ ആസ്ഥാനവും സുഖവാസകേന്ദ്രവും ഡൽഹിയിൽനിന്നു നൂറ്റിയിരുപത്തിയഞ്ചു നാഴി

ക ദൂരെ സ്ഥിതിചെയ്യുന്ന ആഗ്രയായിരുന്നു. വിശ്വംവിറപ്പിക്കുന്ന ഭരണത്തലവന്മാർ പോലും സന്ദർശനാവസരത്തിൽ നിർന്നിമേഷരായി നോക്കിനിന്നു അത്ഭുതം പ്രക ടിപ്പിക്കുന്ന താജ്മഹൽ ഈ നഗരിയിലാണു്. ഇന്ത്യാചരിത്രത്തിലെ പ്രതാപശാലി കളായ ഭരണകർത്താക്കളുടെ തലസ്ഥാനം സന്ദർശിക്കുന്നവർക്കു മുഗൾചരിത്ര ത്തെ സംബന്ധിക്കുന്ന നൂറു നൂറു സംഭവങ്ങൾ അയവിറക്കി ചിന്തിക്കാനുണ്ടാകും. തകർന്ന ഗോപുരങ്ങളും സ്തൂപങ്ങളും മാറിലടക്കിപ്പിടിച്ചു ഭൂതകാലസ്മരണകളെ പുൽകി നിശ്ശബ്ദമായി കിടക്കുന്ന ആ പ്രദേശം ജിജ്ഞാസുക്കളിൽ എന്തെന്തു വി കാരങ്ങളാണു ഉണർത്തിവിടുന്നതു്. ആഗ്രാ റയിൽവേസ്റ്റേഷനിൽനിന്നു രണ്ടുനാഴി ക ദൂരെയാണു ചരിത്രപ്രസിദ്ധമായ താജ്മഹലും മറ്റു ദർശനകേന്ദ്രങ്ങളും. ആഗ്രാ നഗരം പൗരാണികഇന്ത്യയുടെ തലസ്ഥാനമായിരുന്നു. ക്രിസ്തുവിനു മുമ്പു 3000–ത്തിൽതന്നെ ചരിത്രത്തിൽആഗ്രസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടു്. യമുനയുടെ ആലിംഗനമേറ്റു കിടക്കുന്ന ആഗ്രക്കടുത്താണു മഹാഭാരതയുദ്ധം തന്നെ നടന്നതെ ന്നു ഒരു വിഭാഗം ചരിത്രകാരന്മാർ പറയുന്നു.

'മഥുരാനഗരം കുരുക്ഷേത്രമായിരുന്നെന്നാണു് അനുമാനം. ഇവിടെ കാണുന്ന പ ഴക്കമുള്ള ശിലാപ്രതിമകളും തകർന്നകെട്ടിടങ്ങളും ചരിത്രപ്രസിദ്ധിയുള്ളവയാണു്. അശോകൻ ഈ നഗരം ഭരിച്ചിരുന്നുവെന്നു ചരിത്രമുൽഘോഷിക്കുന്നുണ്ടു്. ആഗ്ര യുടെ ചരിത്രാതീത കാലത്തെ ഐതിഹ്യം മനോരസമുളവാക്കുന്ന കഥകളടങ്ങിയ താണു്. ലോകത്തിലെവിടെയും സംസ്ക്കാരം നാമ്പെടുത്തിട്ടുള്ളതു് നദീതീരങ്ങളി ലാണു്. ഇന്ത്യയിൽ യമുനയുടെ തീരപ്രദേശവും ആ നിലയിൽ മഹത്വമേറിയതാ ണു്. അതുകൊണ്ടാണു ഭരണകൂടങ്ങളും സാംസ്ക്കാരിക പ്രബുദ്ധതയുള്ള ജന തയും അവിടെ നിലനിന്നതു്. ആധുനിക ആഗ്രാനഗരത്തിന്റെ സ്ഥാപകൻ സുൽ ത്താൻ സിക്കന്തറാണു്. തിമൂറിന്റെ കാലഘട്ടത്തെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പേഴ് സ്യൻ ശില്പകലാസൗധങ്ങൾ പണിതുയർത്താൻ സിക്കന്തർ ശ്രമിച്ചു. 1503–ൽ ആ ഗ്രാനഗരം പണിതുയർത്തുന്ന പ്രവൃത്തിയിൽ ഒരു ലക്ഷം വേലക്കാർ വ്യാപൃതരാ യിരുന്നു. ഒന്നും രണ്ടും പാനിപത്തുയുദ്ധങ്ങൾക്കുശേഷമാണു് ബേബർചക്രവർ ത്തിക്കു തന്റെ അഭിലാഷമനുസരിച്ചു ആഗ്രക്കു മേടികൂട്ടാൻ കഴിഞ്ഞതു്. ഇബ്രാ ഹിംലോഡിയുടെ ആക്രമണങ്ങൾ കൊണ്ടു സംഭവിച്ച നഷ്ടങ്ങൾ നികത്താൻ ബേ

ബർ അനവരതം യത്നിച്ചതായി മുഗൾവശചരിത്രം വ്യക്തമാക്കുന്നുണ്ട്. ഒരു കവിയായിരുന്ന ബാബർ തലസ്ഥാനനഗരിയിൽ ലോകപ്രസിദ്ധമായ ഒരു പൂന്തോട്ടം നിർമ്മിച്ചു. കലാകാരന്മാരുടെ സദസ്സ് പൂന്തോട്ടത്തിൽ രൂപംകൊണ്ടു. അവിടെ കവ്യകലയെപ്പറ്റി ഗംഭീരങ്ങളായ ചർച്ചകളും കവിയായ ബാബർ ഏർപ്പെടുത്തിയിരുന്നു.

ബാബറിന്നുശേഷം ഹുമയൂൺ പിതാവിനെ പിന്തുടർന്നു കലാസൗധങ്ങൾ പണിതുയർത്തി. ഷാജഹാനെപ്പോലെ ഹുമയൂനും ഒരു പ്രേമഗന്ധർവ്വനായിരുന്നു. തന്റെ പ്രേമധാമമായ ഹമീദാബാനുവിന്റെ ഇംഗിതം എന്തായിരുന്നാലും അതിനായി ജീവൻ ബലികഴിക്കാൻ ഹുമയൂൺ ചക്രവർത്തി തയ്യാറായിരുന്നു. പേഴ്സ്യൻ കവികളും ശില്പികളും മുഗൾവംശത്തിൽനിന്നു അടുത്തൂൺ പറ്റിത്തുടങ്ങിയതു ഹുമയൂൺ ചക്രവർത്തിയുടെ കാലത്താണ്. മുഗൾവംശ പ്രതാപത്തിന്റെ ഉൾഘനം എന്താണെന്നു പ്രഖ്യാപിക്കുന്നത് ആഗ്രാകോട്ടയാണ്. മുഗൾവംശജന്മാരായ രാജാക്കന്മാരുടേയും റാണികളുടേയും വിഹാരരംഗമായിരുന്ന ആഗ്രാകോട്ട പഴയകാലത്തെ അനുഭൂതികൾ അയവിറക്കി സുഷുപ്തിയിൽ ലയിച്ചിരിക്കുകയാണോ എന്നു തോന്നിപ്പോകും. വളഞ്ഞുപുളഞ്ഞൊഴുകുന്ന യമുനയുടെ തീരത്തുതന്നെയാണ് ഈ കോട്ട നിൽക്കുന്നത്. രണ്ടുനിലയിൽ പണിതുയർത്തിയിരിക്കുന്ന ഈ കൂറ്റൻ ദുർഗ്ഗത്തിനകത്ത് മുന്നൂറ്റിയറുപത്തിരണ്ടു വർഷക്കാലം മുഗൾവംശം അസൂയാവഹമായ വിധത്തിൽ തങ്ങളുടെ ആർഭാടജീവിതം നയിച്ചു. ശത്രുവിനെ തോല്പിക്കാനുള്ള തന്ത്രപ്രധാനങ്ങളായ എല്ലാ മാർഗ്ഗങ്ങളും കോട്ടക്കു പുറത്തും അകത്തും കാണാം. ചുറ്റിലും കാണുന്ന ഗോപുരങ്ങളും ഗംഭീരങ്ങളായ പ്രവേശനദ്വാരങ്ങളും കോട്ടയുടെ അജയ്യമായ പ്രതാപത്തിനു മാറ്റു കൂട്ടികൊണ്ടിരിക്കുന്നു. ഡൽഹി പ്രവേശനദ്വാരം, അമർസിംഗ്കവാടം, യമുനാമുഖപ്രവേശം തുടങ്ങിയ നാലു വലിയ കോട്ടവാതിലുകളാണ് ആഴമുള്ള കിടങ്ങുകൾക്കുമുകളിൽ പണിതിട്ടുള്ളത്. അമർസിംഗ് പ്രവേശനദ്വാരത്തിലൂടെയാണ് ഇപ്പോൾ സന്ദർശകർ പ്രവേശിക്കുന്നത്. ഇന്ത്യാ പേഴ്സ്യൻ സംസ്ക്കാരത്തിന്റെ സങ്കലിതരൂപം ഈ കോട്ടയിൽ എവിടെയും കാണാം. കലാപ്രവീണരായ ചക്രവർത്തിമാരുടെ മനോവിലാസം മാർബിൾ കല്ലുകലിൽ രൂപം കൊണ്ടിട്ടുള്ളത്, ഈ കോട്ടക്കുള്ളിലാണ്. ചക്രവർത്തിമാ

രുടെ കിരീടധാരണം നടന്നിട്ടുള്ളതും കോട്ടയുടെ അന്തർഭാഗത്തു കാണുന്ന ദർബാർ ഹാളിലാണ്. കോട്ടക്കു ചുറ്റും അമ്പതിനായിരം പട്ടാളക്കാർക്കു രക്ഷാസങ്കേതങ്ങളുണ്ടായിരുന്നു. സന്ദർശകരെ അത്ഭുതപരതന്ത്രരാക്കുന്ന ഇരുട്ടറകളും ആഴമുള്ള നിലവറകളും ഈ കോട്ടയിൽ കാണാം. ഈ സങ്കേതങ്ങളൊം ചുവന്ന കല്ലുകൾകൊണ്ടാണു നിർമ്മിച്ചിട്ടുള്ളത്. ഓരോചക്രവർത്തിക്കും പ്രധാനസുഖവാസഗേഹങ്ങളുണ്ടായിരുന്നു. കോട്ടയിൽ കാണുന്ന ജഹാംഗീർ മഹൽ മുഗൾവംശത്തിന്റെ സാംസ്ക്കാരികകേന്ദ്രമായിരുന്നു. ജഹാംഗീർ മഹലിലാണു കവയിത്രികളായിരുന്ന ലുൽഫിന്നസയും ജഹന്നാരയും കാവ്യനിർമ്മിതിയിലേർപ്പെട്ടിരുന്ന
ത്. 288 അടി നീളവും 268 അടി വീതിയുമുള്ള ഈ ഹാൾ നിറയെ കാഴ്ചവസ്തുക്കളാണുള്ളത്. വെട്ടിതിളങ്ങുന്ന മാർബിൾക്കല്ലുകൾ, സ്വർണ്ണം പൂശിയ അറകൾ, രത്നഖചിതങ്ങളായ ചുമരുകൾ (രത്നം ബ്രിട്ടീഷുകാർ കൊണ്ടുപോയി) രാജകുമാരികളുടെ കുളിമുറികൾ, പൂന്തോപ്പു തുടങ്ങിയ കാഴ്ചകളും ഇവിടെയുണ്ട്. പേഴ്സ്യൻ ശില്പകലയുടെ വിശിഷ്ടമാതൃകകൾ ഈ ഹാളിൽ നിറയെ കാണാം. യമുനയിൽനിന്നു അനേകം അടി ഉയരത്തിൽ വെള്ളം കൃത്രിമമായി കയറ്റി ജഹാംഗീർ ഹാളിലെ കുളിമുറിയിലെത്തിച്ചിരുന്നു. ഇന്നും ഇൻജിനീയർമാർക്കു പിടി കിട്ടാതെയിരിക്കുന്ന ഒരു പ്രശ്നമാണിത്. അക്കാലത്ത് വിദ്യുച്ഛക്തിയുണ്ടായിരുന്നില്ല. പക്ഷെ എങ്ങിനെയാണിതു സംഭവിച്ചിരുന്നതെന്നാലോചിച്ചാൽ ആർക്കും പിടി കിട്ടുന്നില്ല. നൂർജഹാനും മംതസ്ബീഗവും സ്നാനത്തിന്നുപയോഗിച്ചിരുന്ന കുളിമുറി ഇപ്പോഴും ഒരു വിശിഷ്ടകാഴ്ച വസ്തുവായി സൂക്ഷിക്കപ്പെടുന്നു. വിവിധവർണ്ണാലംകൃതമായ ആ കുളിമുറിയിൽ ജലത്തിൽ കൈകാലിട്ടടിക്കുമ്പോഴുണ്ടാകുന്ന വെളിച്ചും രത്നകല്ലുകളുടെ പ്രകാശവുമായി സമ്മേളിക്കുകയും അവിടെ വിളക്കുകളുടെ സഹായം ഇല്ലാതെ സ്നാനം നടത്തുകയുംചെയ്തിരുന്നുവത്രെ. സ്വർണ്ണം പൂശിയ ഈ കുളിമുറിയിൽ ഒരു തീപ്പട്ടിക്കോലുരച്ചാൽ തേജോമയമായിക്കാണാം. ഷാജഹാൻ ചക്രവർത്തിയുടെ ഓരോ സ്ഥലവും ചൂണ്ടിക്കാണിച്ച് ജീവിതത്തിലെ രഹസ്യസംഭവങ്ങൾ അക്താർ ഇങ്ങനെ വിവരിച്ചു.

"ഷാജഹാൻ ചക്രവർത്തി ഉറങ്ങാൻ ഉപയോഗിച്ചിരുന്ന 'ഖാസ്മഹൽ' ഇതിനടുത്താണ്. രാജ്യകാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാനും രഹസ്യാലോചനകൾ നടത്താനും

'ഖാസ്മഹൽ' ഉപയോഗിച്ചിരുന്നു. പ്രിയപുത്രി സൈനബാബീഗവുമായി തന്ത്രപ്രധാനങ്ങളായ രാജ്യകാര്യങ്ങൾ ഇവിടെ വെച്ചാണ് ചക്രവർത്തി ചർച്ചചെയ്തിരുന്നത്. ഈ ഹാളിൽ ഒരു ചിത്രശാലയുണ്ടായിരുന്നു. ചിത്രകലയിൽ അതീവ തല്പരനായിരുന്ന ചക്രവർത്തിയുടെ പ്രദർശനശാല കൂടിയായിരുന്നു ഖാസ്മഹൽ ഇതിന്നു മുമ്പിൽ 'അംഗുരിബാഗ്' എന്നൊരു പൂന്തോപ്പ് കാണാം. പൂന്തോപ്പിനു് നാലു ചുറ്റും വളരെയേറെ ആഴമുള്ള മുറികൾ കാണാം. യമുനയുടെ തീരത്തുനിന്നു് കുളിർക്കാറ്റടിച്ചു് കാലാവസ്ഥയെ ക്രമപ്പെടുത്തുന്ന സമ്പ്രദായം ഇവിടെയുണ്ടായിരുന്നു. കണ്ണാടിയുടെ കോട്ടയെന്നറിയപ്പെടുന്ന 'ഷീഷ്മഹലും' ഇതിന്നടുത്താണു്. രണ്ടു് ഹാളുകളും മാർബിൾ കുളങ്ങളും ഷീഷ്മഹലിൽ കാണുന്നുണ്ടു്. പ്രേമധന്യനായ ഷാജഹാൻ ചക്രവർത്തി 1666ൽ നിര്യാതനായ "സമ്മൻ ബർജ്" ദു:ഖമൂകമായി നിലകൊള്ളുന്നതു്. ഷീഷ്മഹലിന്നടുത്താണു്. ജഹാംഗീർ ചക്രവർത്തി തന്റെ പ്രേയസിക്കായി നിർമ്മിച്ച ഈ രമ്യഹർമ്യം ഷാജഹാന്റെ ദുരന്തമായ പ്രേമനാടകത്തിന്നു കൂടി സാക്ഷ്യം വഹിച്ചു. ഈ ഹർമ്മ്യത്തിലിരുന്നാൽ യമുനയുടെ മറുകരയിൽ നിശബ്ദതയെ പുണർന്നു കഴിയുന്ന താജ്മഹൽ ചക്രവർത്തിക്കു് കാണാമായിരുന്നു. ആ പ്രേമസ്മാരകം കണ്ടുകൊണ്ടാണു് ഷാജഹാൻ ചക്രവർത്തി തന്റെ അവസാനകാലങ്ങൾ തള്ളി നീക്കിയതു്. തന്റെ ജീവിതത്തിലെ മഹത്തായ സംഭവങ്ങൾ ചക്രവർത്തി സ്നേഹസമ്പന്നയായ പുത്രി ജഹന്നാരയ്ക്കു പറഞ്ഞുകൊടുത്തിരുന്നു. വിലയേറിയ മാർബിൾകല്ലുകളാണു് മുല്ലപ്പൂഗോപുരങ്ങളെന്നറിയപ്പെടുന്ന "സമ്മൻബർജിൽ" പതിച്ചിട്ടുള്ളതു്. ചക്രവർത്തി സായാഹ്നവിശ്രമത്തിന്നിരിക്കുന്ന മണ്ഡപത്തിൽ പേഴ്സ്യൻ രത്നങ്ങൾ പതിച്ചിരുന്നു." ഈ ഗോപുരത്തിൽനിന്നു കോട്ടയുടെ പ്രധാന ഭാഗങ്ങളിലേക്കു പ്രവേശിക്കാനുള്ള കവാടങ്ങൾ നിർമ്മിച്ചിരുന്നു. അവയിൽ ചിലതു ഇപ്പോൾ അടച്ചുപൂട്ടിരിക്കുകയാണു്. ദർബാറിലേക്കു ചക്രവർത്തി യാത്രയാകുന്നതിനുമുമ്പു് ഈ ഗോപുരം സന്ദർശിച്ചിരുന്നു. വിശുദ്ധകേന്ദ്രമായി ഈ മണ്ഡപം പരിഗണിക്കപ്പെട്ടു. ജഹന്നാരബീഗത്തിന്റെ കവിതയും പ്രേമവും പൊട്ടിവിടർന്നതും ഈ മണ്ഡപത്തിൽവെച്ചാണ്. അക്താർ ജഹന്നാരയുടെ ശോകാത്മക ഗീതങ്ങൾ പാടിക്കേൾപ്പിച്ച ചരിത്രം വിവരിച്ചു. "ഷാജഹാൻ തന്റെ കനി

ഷ്ഠപുത്രി റോഷ്നാരാബീഗത്തിനു് പണിയിച്ചു കൊടുത്ത സ്വർണ്ണമണ്ഡപം ഇതാണ്. ഖാസ്മഹലിന്റെ ദക്ഷിണപാർശ്വത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്വർണ്ണമണ്ഡപത്തിന്റെ നിർമ്മാണത്തിൽ കൊട്ടാരത്തിലെ രാജകുമാരിമാരും തോഴികളും പങ്കെടുത്തിരുന്നു. പഞ്ചലോഹങ്ങൾ കൊണ്ടു നിർമ്മിച്ച തൂണുകളും മാർബിളും ചെമ്പും കൂടി ഒട്ടിച്ചതറയും ഈ മണ്ഡപത്തിന്റെ പ്രത്യേകതയാണ്. ഇവിടെ പ്രസിദ്ധപാരസിക കവിയായിരുന്ന ഹാഫിസിന്റെ കവനശകലങ്ങൾ കൊത്തിവച്ചിരുന്നു. സ്വർണ്ണം പൂശി നിറംപിടിപ്പിച്ചിരുന്ന ആ കാവ്യശകലങ്ങൾ പൂനിലാവിൽവെട്ടിതിളയിരുന്നുവത്രെ. അതാവർത്തിച്ചു പാടുന്നതിൽ റോഷ്നാര താല്പര്യം പ്രകടിപ്പിച്ചിരുന്നു. രാജകീയാജ്ഞകൾ പുറപ്പെടുവിച്ചിരുന്ന 'ദിവാനിഖാസി'ന്റെ അടിത്തറക്കു് വലിയ കേടുകളൊന്നും പറ്റാതെ ഇപ്പോഴും കാണാം. 1637–ൽ ഷാജിഹാൻ നിർമ്മിച്ച ഈ തന്ത്രകാര്യാലയത്തിലാണ് തദനന്തരമുള്ള മുഗൾ ഭരണപ്രശ്നങ്ങൾക്കു് പരിഹാരം കണ്ടതു്. ദിവാനി ഖാസിന്റെ പശ്ചിമ പാർശ്വത്തിൽ ചക്രവർത്തി നമസ്കരിച്ചിരുന്ന 'മിനാ മസ്ജിദ്' നിൽക്കുന്നു.

ഉത്തരപാർശ്വത്തിൽ ചക്രവർത്തിയുടെ കുളിമുറിയുടെ നഷ്ടാവശിഷ്ടങ്ങൾ കാണാം. ലോർഡ്ബെൻട്രി ആ കുളിമുറിയിലെ വിലപിടിപ്പുള്ള ഫൗണ്ടൻ ലേലം ചെയ്തു വിറ്റു. രാജകീയ പ്രതാപത്തെ വിളിച്ചറിയിക്കുന്ന ഇതിന്റെ മണ്ഡപത്തിലുണ്ടായിരുന്ന ലോഹത്തൂണുകളും ബ്രിട്ടീഷുകാർ പിഴുതുകൊണ്ടുപോയിട്ടുണ്ടു്. ജഹാംഗീർ ചക്രവർത്തി നിർമ്മിച്ച രാജകീയ സിംഹാസനം വിശാലമായ കാഴ്ചസ്ഥലമാണ്. ഈ സിംഹാസനാങ്കണത്തിൽ നിരവധി യുദ്ധങ്ങൾതന്നെ നടന്നിട്ടുണ്ടത്രെ. അനേകം സന്ധിയും സമരവും കണ്ടു തഴമ്പിച്ചമണ്ഡപമാണിതു്. ഇതിനടുത്തു രാജാക്കന്മാർ വിനോദാർത്ഥം നടത്തിയിരുന്ന "ഫിഷ്പാലസ്സ്" സ്ഥിതിചെയ്യുന്നു. ചുവന്ന ഇഷ്ടികകൊണ്ടു നിർമ്മിച്ചു വെള്ളനിറത്തിൽ രൂപഭംഗി വരുത്തിയിട്ടുള്ള (ദിവാനി ആം) എന്ന പൊതുമണ്ഡപം പ്രത്യേക ആവശ്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിക്കുന്നുണ്ടു്. ഈ മണ്ഡപത്തിലാണു് ഇന്ത്യ സന്ദർശിക്കുന്ന പ്രശസ്താതിഥികളുടെ ബഹുമാനാർത്ഥം സ്വീകരണം നടത്തുന്നതു്. ഇതിന്നു സമീപം ഔറംഗസീബ് ചക്രവർത്തി നിർമ്മിച്ച "നാഗിനമസ്ജിദ്" സ്ഥിതിചെയ്യുന്നു. ഈ നാഗിനാമസ്ജിദി

ന്റെ ഒരു ഭാഗത്തുകൂടി സ്ത്രീകൾക്കു സ്വർണ്ണ കമ്പോളത്തിലേക്കു പ്രവേശിക്കാൻ പ്രത്യേക സൗകര്യമുണ്ടായിരുന്നു. സ്ത്രീകൾക്കുമാത്രം രത്നവും സ്വർണ്ണാഭരണങ്ങളും വ്യാപാരം നടത്തുന്ന പ്രത്യേക സ്ഥലം ഈ കോട്ടയ്ക്കകത്തുണ്ടായിരുന്നു. ഷാജഹാൻ നിർമ്മിച്ച "മോത്തിമസ്ജിദ്" കൂടിയായാൽ ആഗ്രാകോട്ടയിലെ ഏതാണ്ടൊരു രൂപമായി. 1654–ൽ ഷാജഹാൻ നിർമ്മിച്ച ഈ പ്രാർത്ഥനാലയം കാലാന്തരത്തിൽ ബ്രിട്ടീഷുകാരുടെ വിശ്രമകേന്ദ്രമായിത്തീർന്നു. ചരിത്രസ്മാരകങ്ങൾ രക്ഷിക്കാനുള്ള നിയമം ബലത്തിൽ വരുന്നതുവരെയും യൂറോപ്യൻ പട്ടാള ഉദ്യോഗസ്ഥന്മാരുടെ കൂത്താട്ടത്തിന്റെ കേന്ദ്രങ്ങളായിരുന്നതാണീസ്ഥലങ്ങൾ. 1857–ലെ സ്വാതന്ത്ര്യസമരകാലത്തു ആഗ്രാകോട്ട തടവുകാരുടെ കേന്ദ്രമായി മാറി ഇതിലെ "ദിവാനി ആം" എന്ന മണ്ഡപത്തിൽവെച്ചു ബ്രിട്ടീഷുകാരുമായി യുദ്ധംചെയ്തു നിരവധി ഇന്ത്യാക്കാർ വീരചരമമടഞ്ഞു. ബഹദൂർഷാ ഏതാനും ദിവസം മുഗൾ ആഗ്രാകോട്ടയിൽ സിംഹാസനാരൂഢനായി. കൈവിട്ടുപോയ സുവർണ്ണയുഗം പടുത്തുയർത്താൻ സ്വാതന്ത്ര്യസമരത്തിലെ ആ വീരസേനാനി ശ്രമിച്ചു പക്ഷെ, ഹതഭാഗ്യനായ ആ വൃദ്ധകേസരിയെ ബ്രിട്ടീഷുകാർ ബന്ധനസ്ഥനാക്കി നാടുകടത്തി വധിച്ചു. അതോടെ മുഗൾപാരമ്പര്യം ഇന്ത്യയിൽ അധഃപതിച്ചു.

ആഗ്രയിലെ ഭുവനപ്രസിദ്ധമായ താജ്മഹലും ഇരുപത്തിരണ്ടു മൈൽ ദൂരത്തു സ്ഥിതിചെയ്യുന്ന അക്ബർ ചക്രവർത്തിയുടെ 'ഫത്തഹ്പൂർസിക്രി' യിലെ ഗോപുരങ്ങളും മഹാനായ ആ ചക്രവർത്തി അന്ത്യാവിശ്രമം കൊള്ളുന്ന 'സിക്കന്തറയും' ജിജ്ഞാസുക്കളുടെ ഹൃദയത്തിനാനന്ദവും വിജ്ഞാനവും നൽകുന്ന ചരിത്രസ്മാരകങ്ങളാണു്. സിക്കന്തറിലേക്കു് യാത്രസംഘം പുറപ്പെട്ടു. വർമ്മജി അക്ബറിന്റെ ആരാധനകനാണു്. അക്ബറിന്റെ വിശ്വപ്രേമത്തെപ്പറ്റി വർമ്മജി പറഞ്ഞ വിവരങ്ങൾ മനസ്സിലൊതുക്കി സിക്കന്തറയിലെത്തിയിരിക്കുകയാണു്. മംതസ്ബീഗത്തിന്റെ നിഷ്കളങ്കപ്രേമം വഴിഞ്ഞൊഴുകുന്ന താജിൽനിന്നു സിക്കന്തറയിലെത്തുമ്പോൾ ഒരുൾകിടിലം അനുഭവപ്പെടുന്നു. സിക്കന്തറയിൽ വിശ്രമംകൊള്ളുന്നതു അശോകനുശേഷം ആ മഹത്തായ പദവി കരസ്ഥമാക്കിയ പ്രതാപശാലിയായ അക്ബറാണു്. പ്രേമസ്മാരകങ്ങളും പ്രതാപശാലികളുടെ ശ്മശാനമണ്ഡപങ്ങളും നിറഞ്ഞുനിൻ ആഗ്ര

ഇന്നു് അഭയാർത്ഥികളുടെ കേന്ദ്രമാണ്. നീതിക്കും സത്യസന്ധതക്കുംവേണ്ടി ജീവിതകാലം പടപൊരുതിയിട്ടുള്ള മുഗൾ മഹാരഥന്മാരുടെ ശ്മശാന ഭൂവിൽ ഇപ്പോൾ കുരങ്ങുകളും കഴുതകളും ഒട്ടകങ്ങളും മേഞ്ഞുകളിക്കുകയാണ്. ആഗ്രയിൽനിന്നു് അക്ബറിന്റെ ശവകുടീരം കാണാൻ പോകുന്ന ഒരു സന്ദർശകനെ തകർന്ന മുഗൾ കോട്ടകൾ ഇരുനൂറു് വർഷങ്ങൾക്കപ്പുറത്തുള്ള മുഗിളസാമ്രാജ്യത്തിലേക്കു് പിടിച്ചു വലിക്കും. ചിന്തിപ്പിക്കുന്ന ചരിത്രസത്യങ്ങളുടെ കലവറയായ ആഗ്രാ നഗരം ആ പഴയകാലത്തെപ്രതാപം വീണ്ടെടുക്കുമോ? വീണ്ടെടുത്തില്ലെങ്കിലും ഇന്ത്യയെപ്പറ്റി അറിയാൻ ആഗ്രഹിക്കുന്നവർക്കു് ആഗ്രകാണാതെ തരമില്ല മുഗൾ സാമ്രാജ്യത്തിന്റെ ശാക്തിക സംഭവങ്ങൾ ചിറകറ്റുകിടക്കുന്നന്ന ആഗ്രാനഗരം ഇന്ത്യയുടെ ശില്പകലയുടേയും സാംസ്ക്കാരികപ്രവണതകളുടേയും നാടാണ്. ഹൈന്ദവ ഇസ്ലാം സംസ്കാരം സമ്മോഹനമായി കൂടിച്ചേരുന്ന ആഗ്രാനഗരം ആധുനിക ഇന്ത്യയുടെ ഐക്യപ്രവൃദ്ധതയുടെ വിളനിലമാണു്. അവരുടെ മണ്ണടിഞ്ഞുകിടക്കുന്ന സാഹോദര്യത്തിന്റെയും സത്യസന്ധതയുടെയും സ്നേഹവായ്പിന്റെയും മഹാസിദ്ധികൾ സിദ്ധവൽക്കരിച്ചു കാണിക്കാൻ വസ്തുനിഷ്ഠമായ ചരിത്രനിർമ്മാണം ആരംഭിക്കണം. മുഗൾസാമ്രാജ്യസങ്കേതം അതിന്നു പ്രചോദനം നൽകും.

*   *   *

# പാദുഷായുടെ കൂടെ

"ഈ പരിസരത്തിലെങ്ങും എന്റെ പ്രപിതാമഹാന്മാരുടെ കാലൊച്ചകൾ ഞാൻ കേൾക്കുന്നുണ്ട്. വർണ്ണണശഭളമായ ആ രാജകീയ എഴുന്നള്ളത്ത് എത്രകാലം ഈ പട്ടണത്തെ കിടിലം കൊള്ളിച്ചിട്ടുണ്ട്. റിപ്പബ്ളിക്ക് ദിനത്തിൽ നമ്മുടെ രാഷ്ട്രപതി കുതിരപ്പട്ടാളത്തിന്റെ അകമ്പടിയോടെ പോകുമ്പോൾ ഞാൻ നിർന്നിമേഷനായി നിൽക്കും. രാജകീയ മുഗൾ ദർബാറിലെ അന്തസ്സ്, മാറിയകാലത്ത് മറ്റൊരു പേരിൽ ഉയർന്നിരിക്കുകയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ജുമാമസ്ജിദിലെ ബാങ്ക് കേൾക്കുമ്പോൾ മുഗൾ തറവാട്ടിലെ ആത്മീയ പ്രചോദനം എന്നെ ഉത്സാഹഭരിതനാക്കുന്നു. യമുനയുടെ തീരത്ത് അനന്തമായ ആകാശവീഥിയെ അലങ്കരിച്ചിട്ടുള്ള നക്ഷത്രങ്ങളെ നോക്കി രാത്രികൾ കഴിക്കുന്നതിൽ ഞാൻ ആനന്ദം കൊള്ളുന്നു. ഒരു മഹാ പ്രവാഹത്തിന്റെ പിന്നിലെ നീർച്ചാലുപോലെ ചെന്നെത്താൻ സ്ഥലമില്ലാതെ മരുഭൂമിയിൽ ലയിക്കുകയാണ് ഞാൻ. പ്രയോജനമില്ലാതെ ഈ നീർച്ചാൽ മണൽത്തരികളിൽ ലയിച്ചുചേരുന്നതോടെ ഒരു മഹാ സാമ്രാജ്യത്തിന്റെ അവസാനമായി..." മുഗൾസാമ്രാജ്യത്തിലെ അറിയപ്പെടുന്ന അവസാനത്തെ അവകാശിയായ മീർസാ ബെദാർഖത്ത് ബഹദൂർ തന്റെ ചുറ്റും കൂടിയിരുന്ന ചരിത്രാന്വേഷകരോട് വികാരഭരിതനായി തന്റെ ആത്മകഥ വിവരിച്ചു. വാർദ്ധക്യം ഭാവഭേദം വരുത്തിയ ദേഹപ്രകൃതിയാണെങ്കിലും സൂക്ഷ്മാവലോകനം നടത്തുന്ന ആ കണ്ണുകൾക്ക് ഒരു വശ്യശക്തിയുണ്ട്. വെളുത്ത നീണ്ടതാടി തടവിക്കൊണ്ട് ഭൂതകാലപാരമ്പര്യത്തിൽ മുഴുകുന്ന തൊണ്ണൂറുകഴിഞ്ഞ മീർസാ ബഹദൂർ ദൃഢചിത്തനായ ശാന്തശീലനാണ്. ദീർഘകാലത്തെ ജീവിതാനുഭവം വിസ്മരിച്ചിട്ടില്ലാത്ത മീർസാ ബഹദൂറിനു് അനായാസമായി സംസാരിക്കാൻ കഴിയും. പൂർവ്വകാല ചരിത്രത്തിൽ താല്പര്യമുള്ളവരാണെങ്കിൽ അവിരാമമായി ആ സംഭാഷണം മഹാസംഭവങ്ങളിലൂടെ ഇഴഞ്ഞുനീങ്ങും. മുഗൾസാമ്രാജ്യത്തിലെ, അടുത്തൂൺ പറ്റുന്ന അവസാനത്തെ അവകാശി പഴയ ഡൽഹിയിൽ റെഡ്ഫോർട്ടിനു് സമീപം ജീവിച്ചിരിക്കുന്നുവെന്ന് "മാലിഖാൻ ഭരണകാലത്ത്" ഇന്ദുലാൽവർമ്മ ഓർമ്മിപ്പിച്ചപ്പോൾ ആ ചരിത്ര പുരുഷനെ കാണണമെന്നു് താല്പര്യം തോന്നി. മുഗില സ്മാരകങ്ങൾ മാറിലടിപ്പിച്ചു കിട

ക്കുന്ന പുരാതന ഡൽഹിയിലെ ഇടുങ്ങിയ ഒരു തെരുവിലൂടെ ഞങ്ങളുടെ സന്ദർശനസംഘം മുന്നോട്ടുനീങ്ങി. നീണ്ട കാലുറയും മുട്ടോളം എത്തുന്ന കോട്ടും ധരിച്ചു നിൽക്കുന്ന ഒരു വൃദ്ധനോട് മീസാബഹദൂർഷായെ തിരക്കി. അദ്ദേഹത്തിന്റെ നഷ്ടപ്പെട്ട സാമ്രാജ്യത്തിലൂടെ കടന്നുപോന്ന ഞങ്ങൾക്ക് അതിൽ വലിയ താല്പര്യം തോന്നി അവശേഷിച്ച പല്ലുകൾ വെളിക്കുകാട്ടി ചിരിച്ചുകൊണ്ടു താൻ തന്നെയാണു് 'നിങ്ങൾ തിരക്കുന്ന പാദുഷാ' എന്നു് സ്വയം പരിചയപ്പെടുത്തി, അത്ഭുതവും ആനന്ദവും തങ്ങി നിൽക്കുന്ന ഞങ്ങളുടെ ക്യാമറകൾ 'ക്ലിക്ക്' ശബ്ദത്തോടെ ആ രംഗം പകർത്തി.

"ഞങ്ങൾ അങ്ങയെ കാണാൻ വന്നതാണു്. ചരിത്രസങ്കേതങ്ങൾ കാണാനിറങ്ങിയവരാണു്. ഞങ്ങൾക്കു് കുറച്ചു സമയം തരണം സംസാരിക്കാൻ". ഞങ്ങളുടെ അഭ്യർത്ഥന മീർസാ സ്വീകരിച്ചു. 'എന്റെ വീടു് നമുക്കെല്ലാം ഇരിക്കാൻ സൌകര്യപ്പെട്ടതല്ല. ഒരു കുടിലാണു്. ഞാൻ സമയം കഴിക്കുന്ന ജുമാമസ്ജിദിലേക്കു പോകാം." കിരീടമില്ലാത്ത ഫക്കീറായ ആ പാദുഷായുടെ പിന്നാലെ ആർഭാടമില്ലാത്ത പരിവാരങ്ങളെപ്പോലെ ജുമാമസ്ജിദിലെ മാർബിൾതറയിലേക്കു നടന്നു ഭക്തനായ മീർസാ ഓരോരുത്തരേയും പരിചയപ്പെട്ടു മുഗൾസാമ്രാജ്യത്തിന്റെ നഷ്ടാവശിഷ്ടമായ പ്രതാപമഹിമയുടെ സ്മരണകൾമാത്രം കൈമുതലായുള്ള ഫക്കീറായ പാദുഷാ സ്വാതന്ത്ര്യസമരത്തിന്റെ ബലിവേദിയിൽ ആത്മാഹൂതിചെയ്ത ബഹദൂർഷായുടെ പിൻഗാമിയെന്ന നിലയിൽ വിശിഷ്ടരായ സന്ദർശകരെ ആകർഷിക്കുന്ന ബഹുമാന്യനാണു്. വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടില്ലെങ്കിലും ജ്ഞാനോപാസകരെ ആദരിക്കുന്നതിലും സംസ്കൃതചിത്തരുമായി ഇടപഴകുന്നതിലു മീർസാതല്പരനാണു്. ഹിന്ദുസ്ഥാന്റെ ആത്മാവിഷ്കാരപ്രധാനമായ കവിതാശകലങ്ങളും കേട്ടു പഠിച്ച നാടൻ ഗാനങ്ങളും മീർസാക്കറിയാം. ഹുമയൂൺ ചക്രവർത്തിയുടെതാണെന്നു് വിശ്വസിച്ചിട്ടുള്ള പേഴ്സ്യൻ പദ്യശകലം മീർസാ ഉദ്ധരിച്ചു.

"ചിരിച്ചുനിൽക്കുന്ന പുഷ്പങ്ങളേ,
കദനഭാരം താങ്ങാൻ നിങ്ങളെ

താങ്ങുന്ന തണ്ടുകൾക്കു് ബലമുണ്ടോ''
നശ്വരമായ നിങ്ങളുടെ ചിരിയുടെ
പിന്നാലെ അനശ്വരമായ മരണ
ത്തിന്റെ കാവൽഭടന്മാരുണ്ടു്.
മണ്ണോട് ചേർന്നു് പോകാനുള്ള
നിങ്ങളുടെ കൂട്ടുകാരാണു് മറ്റെല്ലാചരാചരങ്ങളും..''

ഭാവാത്മകമായ അനേകം പദ്യശകലങ്ങൾ ഉർദുവിലും പേർഷ്യനിലും അറബിയിലും പകർത്തിയെടുത്ത പഴയ കടലാസ്സുതുണ്ടുകൾ മീർസായുടെ തൊപ്പിക്കുളളിലും കീശയിലും അടുക്കിവെച്ചിരിക്കുകയാണു്. തന്നെ കാണാൻവരുന്നവരെ അതു ചൊല്ലിക്കേൾപ്പിക്കുന്നതു് ഒരു പുണ്യകർമ്മമായി മീർസാകരുതുന്നു. 1857 ലെ സ്വാതന്ത്ര്യ സമരത്തിൽ പിടിക്കപ്പെട്ടു ബഹദൂർഷാ ബ്രിട്ടീഷ് കോളനിയായ റങ്കൂണിൽവെച്ചു് 1861ലാണു് അന്തരിച്ചതു്. അക്കാലത്തു് ബഹുദൂർഷായുടെ അവകാശികളെ തേടിപ്പിടിക്കുന്നതിന്നു് സർക്കാർ ശ്രമിച്ചിരുന്നു. പുരുഷന്മാരായ അവകാശികളെ വേട്ടയാടി പിടിച്ചപ്പോൾ സ്ത്രീകളിൽ ചിലർ ഭർത്താക്കന്മാരോടു് കൂടി രക്ഷപ്പെട്ടു. അങ്ങിനെ കട്ടാക്കിലേക്കോടിപ്പോയി രക്ഷപ്രാപിച്ച ബഹദൂർഷായുടെ പുത്രിയുടെ താഴ്വഴിയിൽപ്പെട്ട അവകാശിയാണു് മീർസാ. തന്റെ പിതാമഹൻ 1857 ലെ സ്വാതന്ത്ര്യസമരക്കാലത്തു് കൊട്ടാരസൂക്ഷിപ്പുകാരനായിരുന്നെന്നു് മീർസാ പറയുന്നു. യുദ്ധത്തിന്റെ ഭീകരതയും സ്വാതന്ത്ര്യത്തിന്റെ ദാഹവും പിതാമഹനിൽ നിന്നു് ശ്രവിച്ചിട്ടുള്ള മീർസാ സമരാനുഭൂതിയിൽ നിർവൃതികൊള്ളുകയാണു്. ഡൽഹിയിൽ കുറെക്കാലമായി താമസമാക്കിയ മീർസാക്ക് ബ്രിട്ടീഷ് ഗവർമ്മെണ്ടു് മുപ്പതുറുപ്പികയുടെ ഒരടുത്തൂൺ അനുവദിച്ചു. യമുനയുടെ തീരങ്ങളിലും മദ്ധ്യേന്ത്യയുടെ സമത്ത്വങ്ങളിലും ശിക്കാരിയെന്ന നിലയിൽ സഞ്ചരിച്ചു് മൃഗയാവിനോദത്തിലേർപ്പെട്ടിരുന്ന മീർസാക്ക് ആ രംഗത്തു് വളരെയേറെ സ്നേഹിതന്മാരെ സമ്പാദിക്കാൻ സാധിച്ചു. വിദേശികളായ ശിക്കാരികളുടെ 'ഉസ്താദ്' പദവി കരസ്ഥമാക്കിയ മീർസാക്ക് രസകരമായ നായാട്ടിന്റെ കഥയും പറയാനുണ്ടു്. കഴിഞ്ഞകാലത്തെ വൈസ്രോയിമാരിൽ പലരും മീർസായെ അറിയും. തോക്കുമായി എവിടെയും സ

ഞ്ചരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്ന മീർസാ ശിക്കാറിൽനിന്നു് പിരിഞ്ഞിരിക്കുകയാണു്. 1946ലെ കുഴപ്പക്കാലത്തു് എല്ലാ തോക്കുകളുംപിടിച്ചടക്കിയപ്പോൾ മീർസായുടെ തോക്കു് മാത്രമായി അതിൽനിന്നു് മോചനം നേടിയില്ല. ഇപ്പോഴും കാഴ്ച നഷ്ടപ്പെട്ടിട്ടില്ലാത്ത മീർസാക്കു് ശിക്കാറിന്റെ രംഗത്തു് ഒരു കൈനോക്കാൻ ആശയില്ലാതില്ല. പക്ഷേ കാലം മീർസായെ മാറ്റങ്ങൾക്കു് അടിമപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്.

ബാബർ മുതൽ ബഹദൂർഷാവരെയുള്ള മുഗിളപ്രതാപവാന്മാരെയും അവരുടെ സൌന്ദര്യധാമങ്ങളെയുംകുറിച്ചുള്ള നീണ്ട കവിത ഈണത്തിൽ മീർസാ പാടിത്തീർത്തു. മീർസായുടെ അനുഭവങ്ങളിൽ ഇഴുകിച്ചേർന്നിട്ടുള്ള തത്വങ്ങൾ പലതും ആകർഷകമാണു്. മീർസാക്കു് ചില പ്രതിജ്ഞകളും ജീവിതവീക്ഷണങ്ങളുമുണ്ടു്.

"ഞാൻ ഭാരതത്തിന്റെ സന്തതിയാണ്, എന്റെ പൂർവ്വികരുടെ ഭൌതികാവശിഷ്ടങ്ങൾ ഈ മണ്ണിൽ വിശ്രമിക്കുന്നു. ചെങ്കോൽ ഭരിച്ചിരുന്ന എന്റെ പൂർവ്വികന്മാർ ഈ രാജ്യത്തെ വളർത്തിയവരാണു്. എന്നെ പാക്കിസ്ഥാനിലേക്കാകർഷിക്കാൻ ചിലർ വന്നപ്പോൾ ഞാൻ അവരുടെ ക്ഷണം നിരസിച്ചു. എന്റെ പൂർവ്വികരുടെ ഭൌതികാവശിഷ്ടം കലർന്ന ഈ മണ്ണിൽ എനിക്കു് വിലയം പ്രാപിക്കണം. മഹാന്മാരായ എന്റെ സ്നേഹിതന്മാർ ഇവിടെയാണുള്ളതു്. ഇന്ത്യയുടെ നേട്ടങ്ങൾ എന്തും എന്റെ നേട്ടമാണെന്ന വിശ്വാസം എനിക്കു് അഭിമാനമുളവാക്കുന്നതാണു്..." കിരീടമില്ലാത്ത ആ പാദുഷായുടെ ദേശാഭിമാനത്തിൽ അഭിമാനം തോന്നി.

ഇന്ത്യയുടെ കഴിഞ്ഞകാലങ്ങളിൽ കടന്നുപോന്ന ദുർഗ്ഗമങ്ങളായ മാർഗ്ഗങ്ങളിൽ ഒരു കാഴ്ചക്കാരെപ്പോലെ മീർസാ പങ്കെടുത്തിട്ടുണ്ടു്. പ്രശസ്തരായ ഉലമാക്കളും രാഷ്ട്രീയ പ്രക്ഷോഭകാരികളും മീർസായെ ബദറുദ്ദീൻ തയ്യബ്ജി, മൌലാനാ ഹസ്രത്ത് മോഹാനി, ഡോ:അൻസാരി, ഡോ: ആനി ബസന്റു്, രാഷ്ബിഹാരി ഘോഷ്, മഹാത്മജി, മൌലാന ആസാദ്, പണ്ഡിറ്റു് നെഹ്റു, രാജേന്ദ്രപ്രസാദ്, മീഴ്സാ ഇസ്മയിൽ തുടങ്ങിയ അഭിവന്ദ്യരായ മഹാന്മാരുമായി മീർസാ അടുത്ത ബന്ധം പുലർത്തിയിരുന്നു. സഹധർമ്മിണിയും സന്താനങ്ങളും നഷ്ടപ്പെട്ട മീർസാ കു

റേക്കാലം അജ്മീറിലും സിക്കന്തറയിലും ചുറ്റിക്കറങ്ങി. ആ ഘട്ടങ്ങളിലെല്ലാം അടുത്തൂൺ കൂട്ടിക്കിട്ടുന്നതിന്നു മീർസാ ചിലരോടു് പറഞ്ഞിട്ടുണ്ടു്. ഇന്ത്യ സ്വതന്ത്രയായി ഏറെക്കാലം കഴിഞ്ഞപ്പോൾ പണ്ഡിറ്റു് നെഹ്റു തന്റെ "പ്രിയപ്പെട്ട പാദുഷാ"ക്കു് മുപ്പതിന്റെ സ്ഥാനത്തു ഇരുനൂറ്റി അമ്പതുറുപ്പിക അനുവദിച്ചു. മീർസാ തന്റെ യാത്രയുടെ ഏകദേശ വിവരം വിശദീകരിച്ചതിങ്ങിനെയാണു്:

"എന്റെ പൂർവ്വികന്മാർ നിർമ്മിച്ച മീനാ മസ്ജിദ്, ദിവാനെആം, നാഗിന മസ്ജിദ് തുടങ്ങിയ മനോഹരങ്ങളായ ഹർമ്മ്യങ്ങളിൽ ചെന്നു നമസ്കരിക്കുകയും അവിടെ നിത്യശാന്തിയിൽ ലയിച്ചിരിക്കുന്ന പൂർവ്വികരുടെ സ്മരണാമണ്ഡലങ്ങളിൽ പ്രാർത്ഥിക്കുകയും ചെയ്യുകയാണ് എന്റെ സന്തോഷകരമായ പ്രവൃത്തി. ആഗ്രയിലെ കോട്ടകൾക്കു മുമ്പിൽ ദിനരാത്രങ്ങൾ ഞാൻ കഴിച്ചു കൂട്ടിയിട്ടുണ്ടു്. വിശിഷ്ടാതിഥികൾ ആഗ്ര സന്ദർശിക്കുമ്പോൾ ഞാനവിടെ സന്നിഹിതനാകും. ആ സന്ദർശനം എന്നെ പുളകിതനാക്കാറുണ്ടു്. താജിന്റെ വെൺകൽത്തറയിൽ ചെറുപ്പത്തിലിരുന്നു കളിച്ചുല്ലസിച്ച ബാല്യകാല സ്മരണകൾ ഇന്നും ഹൃദയത്തിൽ അങ്ങിനെ തന്നെ നിൽക്കുന്നു. ഇന്ത്യ ഭരിച്ച പൂർവ്വികന്മാരിൽ അക്ബറിനേയും, ഷാജഹാനെയും ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു. സിക്കന്തറയിൽ അന്ത്യവിശ്രമം കൊള്ളുന്ന അക്ബറിന്റെ കുടീരത്തിൽ ദിവസങ്ങളോളം മൌനിയായി ഞാൻ ഇരുന്നിട്ടുണ്ടു്. ഷാജഹാന്റെ കുടീരവും എന്നെ വല്ലാതെ സ്വാധീനിച്ചിരിക്കുകയാണു്. കുടുംബ വിഷമങ്ങൾ കൊണ്ടു്, മുപ്പതുവർഷങ്ങൾക്കുമുമ്പു് മനസ്സു അസ്വസ്ഥമായിരുന്നപ്പോൾ ആഗ്രാ കോട്ടയിൽ ചെന്നിരുന്നു നിരാഹാരവ്രതമെടുത്തു മരണംവരിക്കാൻ ഞാൻ നിശ്ചയിച്ചു. പക്ഷെ പൂർവ്വികരോടു് ചെയ്യുന്ന തെറ്റായ പ്രവൃത്തിയാണതെന്നു എനിക്കു് ബോധംവന്നു. എന്റെ നിരാഹാരവ്രതം പത്രങ്ങളിൽ ശബ്ദമുണ്ടാക്കിയിരുന്നു. ഇന്ത്യ സ്വാതന്ത്ര്യയാകുമ്പോൾ എന്റെ മനസ്സ് സ്വതന്ത്രമാകുമെന്നും അതിന്നായി പ്രാർത്ഥിക്കുകയാണു് നല്ല മാർഗ്ഗമെന്നും ഞാൻ തീരുമാനിച്ചു. ഇന്നു ഞാൻ സംതൃപ്തനാണ്. മഹാന്മാരായ ഇന്ത്യക്കാരുടെ സമകാലീനനാണ് ഞാനെന്ന കാര്യവും അവരെന്നെ ആദരിക്കുന്നുവെന്ന കാര്യവും എന്നെ ഭാഗ്യവാനാക്കിയിരിക്കുകയാണ്."

മീർസാക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്മാരകമെന്തായിരിക്കണം എന്നു് ചോദിച്ചപ്പോൾ ഒരു കുട്ടിയെപ്പോലെ കുറെനേരം മീർസാ ചിരിച്ചു. "എന്റെ പൂർവ്വികന്മാർക്കു് കിരീടമുണ്ടായിരുന്നു. അതുകൊണ്ടു് അവർക്കു് സ്മാരകങ്ങൾ ഉണ്ടായി. എനിക്കു് കിരീടമില്ല. അതുകൊണ്ടു് സ്മാരകങ്ങൾ യാതൊന്നും വേണ്ട. എന്റെ മഹാനായ ഗുരുവിന് സ്മാരകങ്ങളില്ല. അതുപോലെ ശൂന്യമായ ശ്മശാനംമാത്രം മതി..." സംസാരത്തിനടക്കു് ഒരത്ഭുതവസ്തുപോലെ കറുത്ത ചട്ടയുള്ള പഴയ ഒരു ഗ്രന്ഥം മീർസാ എടുത്തുകാണിച്ചു. "ഇതിൽ ഗാലിബ്, ഫിർദൌസി, ഹുമയൂൺ തുടങ്ങി പലരും ഉണ്ടു്. വലിയ വിവരങ്ങളാണിതിലുള്ളതു്. എന്റെ പിതാമഹൻ മരണവേളയിൽ എനിക്കു് സമ്മാനിച്ചതാണു്. ഇതിനു് വളരെ പഴക്കമുണ്ടു്. ഈ പുസ്തകം ഞാനെന്റെ ഭാഗിനേയനെ ഏൽപിക്കും. അല്ലെങ്കിൽ സ്വതന്ത്രസർക്കാറിനെ. എന്റെ സ്മാരകം ഇതാണു്..."

നിറം മങ്ങിത്തുടങ്ങിയ പുസ്തകത്തിനു് പേർഷ്യനിലും ഉർദുവിലും എഴുതിയിട്ടുള്ള രേഖകളുണ്ടു്. പലഭാഗങ്ങളും അവ്യക്തങ്ങളാണ്. അമൂല്യമെന്നു് മീർസാ പരിഗണിക്കുന്ന ആ ഗ്രന്ഥം വിശിഷ്ടങ്ങളായ ചരിത്രാംശങ്ങളുടെ ഒരു നിധിയായിരിക്കാം. ഒരിക്കലും കൈവിടാത്ത ആ പഴയ ഗ്രന്ഥത്തിനു് മുഗൾസാമ്രാജ്യത്തിന്റെ അത്രയും പഴക്കമുണ്ടാകാം. ആ ഗ്രന്ഥത്തിലെ ഏടുകൾക്കു് അജ്ഞാതങ്ങളായ ചരിത്ര സത്യങ്ങൾ പറയാനുണ്ടാകാം.

മീർസായോടു് യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ സാമ്രാജ്യം നഷ്ടപ്പെട്ട ഒരു ഭരണാധിപനോടു് സംസാരിച്ച അനുഭൂതിയാണുണ്ടായതു്. ജ്ഞാനധന്യനായ ആ "ഫക്കീർ" ഉൾക്കൊള്ളുന്ന വിചാരഭാവങ്ങൾ നൂറ്റാണ്ടുകളായി ഭാരതചരിത്രത്തിൽ തിളങ്ങിക്കാണുന്ന സൌഹൃദത്തിന്റേതാണെന്നു് വ്യക്തമാണു്. മുഗിലപ്രതാപം ഇന്ത്യയുടെ അന്തസ്സത്തയുടെ പ്രതീകമാണെന്നു് അടുത്തറിയുമ്പോൾ വിചാരശീലർക്കനുഭവപ്പെടും. മീർസായുടെ നിർദ്ദോഷമായ ചിരിയിൽ കുറേനേരം ഞങ്ങൾ ലയിച്ചിരുന്നു. വർമ്മജി സമയം അറിയിച്ചപ്പോൾ ബദ്ധപ്പെട്ടു് ഞങ്ങൾ പടിയിറങ്ങി. മീർസാ ആശംസകളോടെ ഞങ്ങളെ യാത്രയാക്കി.

*   *   *

# കാശിയും സാരനാഥവും

ഭാരതീയ സംസ്ക്കാരത്തിന്റെ ആത്മീയ ചേതസ്സ് തളംകെട്ടി നിൽക്കുന്ന പുണ്യ സ്ഥലങ്ങളിൽ ചിലതെങ്കിലും, സന്ദർശനത്തിലുൾപ്പെടുത്തണമെന്നു് തീരുമാനിച്ചിരുന്നു. കാശി കാണുകയെന്ന മുൻതീരുമാനം നടപ്പാക്കാമെന്നു് തന്നെ തീരുമാനിച്ചു. കാശിയിലേക്കു് പണ്ടുകേരളത്തിൽനിന്നു് ആറുമാസത്തെ പദയാത്ര വേണ്ടി വന്നിരുന്നുവത്രെ. ഇന്നതു് ചുരുങ്ങിയ ദിവസങ്ങളുടെ സ്ഥാനമേറ്റെടുത്തിരിക്കുകയാണു്. അദ്വൈതാചാര്യനായ ശ്രീ. ശങ്കരൻ തന്റെ വേദാന്തപ്രചരണത്തിന്നു് കാശിയിൽ എത്തിയിരുന്നതായിട്ടാണു് ചരിത്രമുൽഘോഷിക്കുന്നതു്. ഭൂപടം നോക്കിയാൽ കാശി ഏറെക്കുറെ ഇന്ത്യയുടെ മദ്ധ്യഭാഗത്തായി നിലകൊള്ളുന്നതായനുമാനിക്കാം.

ബുദ്ധനും തുളസീദാസനും കാശിയിൽ പ്രചാരണം നടത്തിയ മഹാരഥന്മാരാണു്. കാശീമാഹാത്മ്യത്തിലെ ഈരടികൾ ഉരുവിട്ടുകൊണ്ടിരുന്ന ഒരു തീർത്ഥാടകനെ സഹയാത്രികനായി ഞങ്ങളുടെ യാത്രാസംഘത്തിനു് കിട്ടിയതോടെ എല്ലാ ശ്രദ്ധയും കാശിയിലേക്കായി. കൽക്കത്തയിൽനിന്നു് കാശിയാത്രക്കു തിരിക്കാനുള്ള പദ്ധതികൾ പൂർത്തിയാക്കി. തിരക്കു് പിടിച്ച കൽക്കത്തപട്ടണത്തെ വിട്ടു് ഏകാന്തമായ പുണ്യസ്ഥലത്തേക്കു് യാത്രതിരിച്ചു. എന്താണീ കാശിയുടെ പ്രാധാന്യം? നൂറ്റാണ്ടുകളായി ഭക്തമനസ്സുകളെ വികാരം കൊള്ളിക്കാനുള്ള അവാച്യമായ എന്തു ശക്തിവിശേഷണമാണിവിടെ കുടികൊള്ളുന്നതു്. രാമായണം, സ്കന്ദപുരാണം മുതലായ ഗ്രന്ഥങ്ങളിലെല്ലാം കാശി ചർച്ചാവിഷയിട്ടുണ്ടു്. ഹൈന്ദവസിദ്ധാന്തങ്ങളും ഇസ്ലാമിക തത്വദർശനവും താരതമ്യപ്പെടുത്തി ഭക്തിമാർഗ്ഗം നിർദ്ദേശിക്കാൻ കബീർദാസ് കാശിയെ തിരഞ്ഞെടുത്തതായി പറയുന്നു ഭാരതത്തിലെ സാമൂഹ്യ പരിഷ്കർത്താക്കളായ ശ്രീ രാമകൃഷ്ണപരമഹംസനും സ്വാമി വിവേകാനന്ദനും കാശിയെ തങ്ങളുടെ പ്രവർത്തന മണ്ഡലമായി തിരഞ്ഞെടുത്തിരിക്കുന്നു. സിക്ക്മതപ്രചാരകന്മാരിൽ പലരും കാശിയിൽ താവളമടിച്ചിരുന്ന കാലമുണ്ടായിരുന്നു. കാശിയുടെ പരമോന്നത സ്ഥാനം ഭക്തിയുടെ മാർഗ്ഗത്തിലൂടെ വിലയിരുത്തുന്നവർക്കു്

കൂടുതൽ ആസ്വാദ്യമാണ്.

കാശിയിൽ കാത്തു് നിന്നിരുന്ന സുഹൃത്തുക്കളെ പരിചയപ്പെട്ടപ്പോൾ കൂട്ടുകാരനായ വർമ്മയുടെ ഫലിതഭാവന ചുറകു് വിടർത്തി. " പണ്ടു് കബീർ ഭക്തിമാർഗ്ഗത്തിന്നു് തിരഞ്ഞെടുത്ത കാശിയിലേക്കാണു് ഇവരുടെ യാത്ര. ഇപ്പോൾ കാശിയിൽ ഭക്തിയോടൊപ്പം എന്തെല്ലാം വിലക്കു് വാങ്ങാം." അക്താർ ഹസ്സൻ കാശിയുടെ ചരിത്രാംശത്തിലേക്കു് വേഗം ശ്രദ്ധ തിരിച്ചു. "ഭക്തി മാത്രമല്ല കാശി സന്ദർശനത്തിന്റെ പ്രാധാന്യം". യാതൊന്നും സംഭവിക്കാത്ത മട്ടിൽ ഇത്രയും കാലം ഭക്തരെ പ്രോത്സാഹിപ്പിച്ചു കഴിയുന്ന ഏഷ്യയിലെ മഹാസങ്കേതമാണു് കാശി. കാശിയുടെ പുരാണ ബന്ധങ്ങൾ ഇന്ത്യയുടെ സുവർണ്ണകാലഘട്ടത്തിന്റെ വഴിത്താരകൾതന്നെയാണു്................." വർമ്മയും തീർത്ഥാടകസുഹൃത്തുക്കളും മണികർണ്ണികാഘട്ടത്തിൽ ഒന്നു് സ്നാനം ചെയ്തു. ഗംഗയിൽ ഭക്തിക്കും മുക്തിക്കും വേണ്ടി സ്നാനം ചെയ്യാൻ എന്തു തിരക്കാണു്. ഗംഗയിലെ വിവിധ സ്നാനഘട്ടങ്ങൾ കാണുകയെന്നതു് തന്നെ ഒരു പുണ്യമാണെന്നാണു് ഭക്തന്മാർ പറയുന്നതു്. അവിടെ കുളിക്കുന്നതിനു് മാനസികമായ തയ്യാറെടുപ്പാവശ്യമാണെന്നു് ഒരു സ്നേഹിതൻ പറഞ്ഞു. പരിസരം വൃത്തിഹീനമായിരിക്കുമെന്നതു് തന്നെ ചിലരെ ഭക്തി സ്നാനത്തിൽനിന്നു് പിന്തിരിപ്പിക്കുന്നു. സ്നാനാർത്ഥികളുടെ അകമ്പടി സേവക്കാരായി ഞങ്ങളെല്ലാവരും പോയി. "അസീഘട്ട" ത്തിലെ പ്രഥമസ്നാനം പഞ്ചസ്നാനങ്ങളിൽ പ്രധാനമാണു്. ഗംഗയുടെ ബന്ധുവായി അസിയെ ഗണിക്കുന്നു അസി സ്നാനം കഴിഞ്ഞാൽ അടുത്തതു് ദശാശ്വമേധഘട്ടത്തിലും, മണികാഘട്ടത്തിലും, പഞ്ചഗംഗഘട്ടത്തിലും, വരുണഘട്ടത്തിലും ഭക്തന്മാർ കുളിക്കുന്നു. ഈ പഞ്ചസ്നാനം കൊണ്ടു് പരിശുദ്ധമായിത്തീരുന്ന മനുഷ്യനു് മോക്ഷം എളുപ്പമാണെന്നാണു് വിശ്വാസം. സ്നാനഘട്ടങ്ങളിലെ താമശകൾ പകർത്താൻ ക്യാമറകൾ ഒളിപ്പിച്ചു് നടക്കുന്ന പൂവാലന്മാരേയും കാണാം.

രാമായണ പ്രശസ്തനായ തുളസീദാസൻ ചമ്രം പടിഞ്ഞിരുന്നു് യത്നത്തിലേർപ്പെട്ട സ്നാനഘട്ടം കൌതുകപൂർവ്വം നോക്കിക്കണ്ടു്. ജനത്തിരക്കുള്ള ദശാശ്വമേധ

ഘട്ടത്തിൽനിന്നു് ഒരു കാഴ്ചക്കാരനു് രക്ഷപ്പെടാൻ നല്ലതടിമിടുക്കു് വേണം. സാക്ഷാൽ ബ്രഹ്മാവു് പത്തു് പ്രാവശ്യം അശ്വമേധം നടത്തിയ പ്രസ്തുതഘട്ടം പുരുഷാന്തരങ്ങളെ തഴുകി താലോലിച്ച കേന്ദ്രമാണു്. കാശിയിലെ അറുപത്തിനാലു് സ്നാനഘട്ടങ്ങളിലും സ്നാനംചെയ്യുന്ന തീർത്ഥാടകരുണ്ടു്. വളരെ ദിവസങ്ങളോളം അവിടെ താമസിച്ചു് ഭക്തിപരവശരായി മടങ്ങുന്നവരെ എത്രവേണമെങ്കിലും കാണാം. കാശിയിലെ സ്നാനയത്നത്തിൽ പരവശരായി മടങ്ങുന്നവരെ എത്രവേണമെങ്കിലും കാണാം. കാശിയിലെ സ്നാനയത്നത്തിൽ പരമപുണ്യമായ മണികാർണികാഘട്ടത്തെപ്പറ്റി ഭക്തിഗാനങ്ങൾ തന്നെ പലരും രചിച്ചിട്ടുണ്ടു്.

കാശിയെ നൂറ്റാണ്ടുകളോളം ഭരിച്ചിരുന്നതു് പത്താം നൂറ്റാണ്ടുവരെയും ഭാരതീയ രാജാക്കന്മാരായിരുന്നു. അക്കാലത്തെ ലോകസഞ്ചാരികൾ കാശിയുടെ ചരിത്രമാഹാത്മ്യത്തെപ്പറ്റി സവിസ്തരം എഴുതിയിട്ടുണ്ടു്. ഇന്ത്യയുടെ തനതായ ഒരു സംസ്ക്കാരകേന്ദ്രമെന്നു് വിശേഷിപ്പിക്കപ്പെട്ട കാശിയുടെ ചരിത്രഗതിക്കു് മാറ്റം വന്നതു് പതിനൊന്നാം നൂറ്റാണ്ടിലാണു്. എന്താണിങ്ങനെ മാറ്റംവരാൻ കാരണമെന്നു് ചോദിച്ചപ്പോൾ സഹയാത്രികനായ ഇന്ദുലാൽവർമ്മ വിവരിച്ചതിങ്ങനെയാണു്.

ഏഷ്യയുടെ സാംസ്ക്കാരിക കേന്ദ്രങ്ങളിൽ ഒന്നായ കാശി പിടിച്ചടക്കുന്നതിൽ പല കാലഘട്ടങ്ങളിലും ശ്രമം നടത്തിയിട്ടുണ്ടു്. കാശി സ്വാധീനമായാൽ ഇന്ത്യ സ്വാധീനമായെന്നു് ധരിച്ചവരാണവർ. പക്ഷെ കാശിയുടെ ഭക്തി പ്രാധാന്യത്തെ കുറക്കണമെന്നതായിരുന്നില്ല അവരുടെ ലക്ഷ്യം. കാശിയുടെ അഭിവൃദ്ധി കയ്യടക്കണമെന്നതായിരുന്നു. കുലപന്ത്സിംഗ്ഭരിക്കുന്ന കാലംവരെയും ആക്രമണ ഭീഷണിയുണ്ടായിരുന്നു മിന്റോ പ്രഭുവിന്റെ കാലംവരെയും കാശിയുടെ പ്രാധാന്യം കുറയുകയും ചെയ്തില്ല. ഗംഗാ സമതലത്തിന്റെ ഭൂരിഭാഗവും കാശിക്കധീനമായിരുന്ന കാലം പോയിക്കഴിഞ്ഞു. കാശി രാജാവിന്റെ കയ്യിൽ രാജ്യം അവസാനമായെത്തുമ്പോൾ വിസ്തൃതി ചുരുങ്ങിയിരുന്നു. ഇന്നു് കാണുന്ന കാശി വിസ്തൃതി കുറഞ്ഞ കാശിയാണു്..... കാശിയുടെ ചരിത്രപശ്ചാത്തലം ഇതിഹാസങ്ങളിൽ നെയ്തെടുത്തതാണു്. കാശിയുടെ അവതാരപുരുഷനായ വിശ്വനാഥൻ കുടികൊള്ളുന്ന ക്ഷേത്രം അത്ര ആർഭാടമുള്ളതല്ല. ഈ ചെറിയ ക്ഷേത്രത്തിലേക്കുള്ള നടപ്പാതയും ഇടുങ്ങി

യതാണു്. കാശി വിശ്വനാഥസ്വാമിയുടെ ആശീർവ്വാദം ഭക്തന്മാർക്കു് ആശ്വാസകരമായ കാര്യമാണു്. ഇന്ദോർ മഹാറാണി രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പു് നിർമ്മിച്ച വിശ്വനാഥക്ഷേത്രം കോടാനുകോടി ഭക്തജനങ്ങളെ ആകർഷിച്ചു കഴിഞ്ഞ ചരിത്രസങ്കേതമാണു്. കേദാരസ്വാമിക്ഷേത്രം, കാലഭൈരവക്ഷേത്രം, ഹിന്ദുമാധവക്ഷേത്രം തുടങ്ങിയ പേരെടുത്ത ക്ഷേത്രങ്ങളുടെ മാഹാത്മ്യം  പ്രകീർത്തിക്കുന്ന പുസ്തകങ്ങൾ ഏതു ഭാഷയിലും ഇന്നു ലഭിക്കാനുണ്ടു്. പുരാണങ്ങളിലെ എല്ലാമഹാപുരുഷന്മാരുടേയും സമ്പർക്കകഥയുടെ പശ്ചാത്തലം കാശിയാണെന്നു് ഭക്തന്മാർ വിശ്വസിച്ചിരിക്കുകയാണു്. കാശിരാജാവിന്റെ കൊട്ടാരം മനോഹരമായ ഒരു കാഴ്ചവസ്തുവാണു്. കൊട്ടാരപരിസരത്തു് അനുമതി വാങ്ങി ഏറെനേരം വിശ്രമിക്കാം.

കാശിയുടെ പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തു കഴിഞ്ഞപ്പോൾ ആശകൾ ചിലർക്കു് നിറവേറിയതായി തോന്നി. പക്ഷെ ഒരാഗ്രഹം ബാക്കിയുള്ളതു് മറ്റു ചിലർക്കാണു്. ഇന്ത്യയിലെ പഴക്കമേറിയ ഹിന്ദു സർവ്വകലാശാല ഒന്നു കാണുകയെന്ന ചിരകാലാഭിലാഷം സാധിക്കുകയെന്നതു് ഒരു വലിയ കാര്യമാണല്ലോ. ഭാരതത്തിന്റെ സാംസ്ക്കാരിക പ്രതാപം വീണ്ടെടുക്കാൻ പുറപ്പെട്ട മഹാനായ മദനമോഹന മാളവ്യജിയുടെ വിചാരഭാവങ്ങൾ രൂപംപൂണ്ടു് ഈ സ്ഥാപനം ആധുനിക ഇന്ത്യയുടെ മാനസിക വളർച്ചയിൽ വഹിച്ച പങ്കു അത്രചെറുതല്ല. ഇന്ത്യയുടെ ദത്തു പുത്രിയായ ഡോക്ടർ ആനിബസൻട് 1916 ലാണ് ഇന്നത്തെ ഹിന്ദു സർവ്വകലാശാല സ്ഥാപിച്ചതു്. സെൻട്രൽ ഹിന്ദു കോളേജ് എന്ന പേരിലാരംഭിച്ച ആ സ്ഥാപനം കാശി സർവ്വകലാശാലയായി ഉയർന്നു. ആയിരക്കണക്കിനു് വിദ്യാർത്ഥികളും നൂറുകണക്കിനു് അദ്ധ്യാപകരും ഉൾകൊള്ളുന്ന സർവ്വകലാശാല സന്ദർശിക്കാനെത്തിയ ഞങ്ങളെ സഹർഷം സ്വാഗതം ചെയ്ത അദ്ധ്യാപകരിൽ പലരും പൂർവ്വവിദ്യാർത്ഥിയായ വർമ്മയുടെ സഹപാഠികളായിരുന്നു. കാശിയുടെ ഭൗതികമായ നേട്ടങ്ങളുടെ മികച്ച സ്മാരകം ഈ സർവ്വകലാശാലയാണ്. കാശിയാത്രയിൽ നിറഞ്ഞ സംതൃപ്തി നൽകിയ ഈ സന്ദർശനം ഒരിക്കലും സ്മരണകളിൽനിന്നു് മാഞ്ഞുപോകുന്നതല്ല.

കാശിയിൽനിന്നു് വ്യത്യസ്തമായ ഒരനുഭൂതിവിശേഷം നുകരാൻ വെമ്പൽ കൊ

ണ്ടിരുന്ന യാത്രസംഘം നേരെ പോയതു് സാരനാഥത്തിലേക്കാണു്. ഇന്ത്യയുടെ ഉൽകൃഷ്ടചരിത്രത്തിൽ ഭാഗധേയം നിർണ്ണയിച്ച സിദ്ധാർത്ഥബുദ്ധൻ തന്റെ മഹത്തായ പ്രചരണം ആരംഭിച്ചതു് സാരനാഥത്തിൽവെച്ചാണു്.പുരാവസ്തുഗവേഷകന്മാരും ചരിത്രാന്വേഷകരുമായ സുഹൃത്തുക്കളുടെ ഒരു സംഘം ഞങ്ങളെ സഹായിക്കാനുണ്ടായതാണു് സാരനാഥസന്ദർശനത്തിന്നു് സഹായകമായതു്. കാശിയിൽ നിന്നു് അത്രയധികം ദൂരത്തല്ല സാരനാഥം നിലകൊള്ളുന്നതു്. 'ഋഷി പട്ടണം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന സാരനാഥം കുറെക്കാലം കഴഞ്ഞിപ്പോൾ 'സാരനാഥ' മായി മാറി. 'മൃഗഭാവം' എന്നു കൂടി സാരനാഥത്തിനു പേരുണ്ടായിരുന്നു. ആധുനിക ഇന്ത്യാചരിത്രത്തിൽ സാരനാഥമെന്നായിത്തീർന്നു. ലുംബിനിയിൽ ജനിക്കുകയും ഗയയിൽവെച്ചു് ബുദ്ധനാകുകയും ചെയ്ത സിദ്ധാർത്ഥന്റെ മൌലികപ്രമാണങ്ങൾ ആദ്യമായി പ്രഖ്യാപിച്ച സ്ഥാനമെന്ന നിലയിൽ സാരനാഥത്തിന്നു് ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ടു്.

"പരോപകാരമേ പുണ്യം പാപമേ പരപീഡനം" മറ്റുള്ളവർക്കു് ഉപകാരം ചെയ്തു് മനസ്സിനു് ശാന്തിയുണ്ടാക്കാനും ഉപദ്രവം ചെയ്തു് പാപിയാകാതിരിക്കാനും മനുഷ്യനുപദേശം നൽകിയ ബുദ്ധന്റെ പ്രമാണങ്ങൾക്കു് ജന്മം നൽകിയ സാരനാഥത്തിലെത്തിയാൽ ശാന്തഗംഭീരമായ ഒരവസ്ഥാവിശേഷം അനുഭവപ്പെടും.

സാരനാഥം ഒന്നു് ചുറ്റിക്കറങ്ങിക്കാണാൻ രണ്ടു് മൂന്നു മണിക്കൂറിലധികം വേണ്ടിവരികയില്ല. വിസ്തൃതമായ പഠനത്തിനാണെങ്കിലും ഉപയോഗപ്പെടുത്താം. സ്തൂപങ്ങളുടെ നഗരിയെന്നു് വിളിക്കപ്പെടാവുന്ന സാരനാഥിലെ ഓരോ ശില്പസൗധവുംചരിത്രസ്മാരകമാണു്. പുരാവസ്തുഗവേഷണത്തിൽ തല്പരനായ കൂട്ടുകാരൻ ഓരോ സ്തൂപത്തിന്റെയും ഉൽഖനനകാലത്തെക്കുറിച്ചു് ജിജ്ഞാസയുളവാക്കുന്ന വിവരം നൽകിയതോടെ നടന്നു കാണാൻ ഔത്സുക്യം കൂടി. ഭൂമിക്കടിയിൽ വളരെക്കാലം മറഞ്ഞു കിടന്നിരുന്ന ചരിത്രസങ്കേതങ്ങൾ അടുത്ത കാലത്താണ് പുരാവസ്തു ഗവേഷകർ കണ്ടുപിടിച്ചതു്. ചൌഖണ്ഡിസ്തൂപം, ധർമ്മ സ്തൂപം, മൂലഗന്ധി കുടിവിഹാരം, ചീനക്ഷേത്രം, ജൈനക്ഷേത്രം, ശില്പതടാകം എ

ന്നിവയെല്ലാം ഓരോ കാലഘട്ടത്തിന്റെ പ്രത്യേകതകൾ പ്രതിനിധാനം ചെയ്യുന്ന ചരിത്രസ്മാരകങ്ങളാണ്. പ്രതിമകളും ചിഹ്നങ്ങളും സൂക്ഷിച്ചിട്ടുള്ള മ്യൂസിയം ദീർഘ പഠനത്തിനു് സഹായകമാണു്. സ്തൂപങ്ങളുടെ കാലപ്പഴക്കം നിശ്ചയിക്കാൻ പാലി ഭാഷയിലുള്ള ലിപികളാണു് ചരിത്രാന്വേഷകർക്കു് പിൻബലം നൽകുന്നതു്. ചൌഖണ്ഡ സ്തൂപം ശ്രദ്ധയാകർഷിക്കുന്ന പ്രധാന സങ്കേതമാണ്. ഈ സ്തൂപം പരിരക്ഷിക്കുന്നതിൽ അക്ബർ ചക്രവർത്തിപോലും സഹായം നൽകിയിട്ടുണ്ടു്. അക്ബറിന്റെ പിതാവായ ഹുമയൂണിനു് ഒരു കാലത്തു് അഭയം നൽകിയിട്ടുള്ളതു് ഈ സ്തൂപമാണ്. ബുദ്ധദേവന്റെ പഞ്ചശിഷ്യന്മാർ വീണ്ടും കൂടിച്ചേർന്നതു് ഇവിടെയാണെന്നു് ചരിത്രരേഖയുണ്ടു്. ധർമ്മപ്രചരണാർത്ഥം ശിഷ്യന്മാർക്കു് യാത്രയയപ്പു് നൽകിയിരുന്ന ഈ സ്ഥാനം യഥാർത്ഥ ശാന്തി മന്ദിരമാണ്.

ചൈനീസ് സഞ്ചാരിയായ ഹുയാംഗ്സാങ് നേരിട്ടു് കണ്ടിട്ടുള്ള വലിയ സ്തൂപങ്ങൾ പലതും ഇന്നിവിടെ അതേരൂപത്തിൽ കാണാനില്ല. ഭൂചലനംകൊണ്ടു് വലിയ സ്തൂപങ്ങളും സൌധങ്ങളും ഭൂമിക്കടിയിൽ പെട്ടിരിക്കുകയാണ്. പ്രശസ്തിയാർജ്ജിച്ച അശോകസ്തംഭത്തിന്റെ ഒരു ഭാഗം ഇവിടെ കാണാം. ക്രിസ്തുവിനു് 250 വർഷംമുമ്പു് അശോകൻ പണികഴിപ്പിച്ച സ്തംഭത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ ഇവിടെ കാണുന്നു. ഇവിടെനിന്നു് കണ്ടെടുത്ത ധർമ്മസൂക്തികൾ ബുദ്ധമതത്തിന്റെ മഹനീയ തത്വങ്ങളുൽകൊള്ളുന്നതാണ്. ബുദ്ധന്റെ ധർമ്മവിചാരങ്ങൾക്കു രൂപരേഖ തയ്യാറാക്കിയ അശോകന്റെ സമുൽകൃഷ്ടങ്ങളായ പ്രഖ്യാപനങ്ങളും ചില സ്തൂപങ്ങളിൽ കൊത്തിവെച്ചതായി കാണാം.

ബുദ്ധമതാവലംബികളായ ചൈനക്കാരും ജപ്പാൻകാരും മലയക്കാരും നൂറ്റാണ്ടുകളായി സാരനാഥം സന്ദർശിക്കുന്നവരാണ്. കഴിഞ്ഞ രണ്ടായിരത്തിലേറെ വർഷത്തെ പഴക്കമുള്ള ആ സൗഹൃദബന്ധത്തിന്നു് പ്രചോദനം നൽകിയതു് സാരനാഥമാണ്. സാരനാഥത്തിൽനിന്നു് തിരിച്ച ബുദ്ധശിഷ്യരാണ് പ്രസ്തുത രാജ്യങ്ങളിൽ പ്രചരണമാരംഭിച്ചതു്. ഓരോ രാജ്യത്തിലെ ധർമ്മപ്രചാരകന്മാർ ഓരോ കാലഘട്ടങ്ങളിൽ സാരനാഥത്തിൽ സ്മാരകങ്ങൾ പണിതുയർത്തിയിട്ടുണ്ടു്. മൂലഗന്ധകുടീവിഹാരം ബൗദ്ധസംസ്ക്കാരത്തിന്റെ നിറപ്പകിട്ടുള്ള ഒരു കേന്ദ്രമാണ്. ധർമ്മപാ

ലൻ എന്ന ബുദ്ധശിഷ്യന്റെ ശ്രമം കൊണ്ടു് പണിതുയർത്തിയ ഈ വിഹാരം ഗയയിലെ ബുദ്ധക്ഷേത്രമാതൃകയിലാണ് നിർമ്മിച്ചിട്ടുള്ളതു്. ബുദ്ധന്റെ ജീവിതസിദ്ധാന്തങ്ങൾ ഒരു ജപ്പാൻ ചിത്രകാരനായ കോസത് സുനോസ് ചുമരിൽ ഭംഗിയായി ചിത്രണം ചെയ്തിട്ടുണ്ടു്. മറ്റു സ്ഥലങ്ങളിൽനിന്നു് ലഭിച്ച ബുദ്ധസ്മാരകങ്ങൾ ഈ വിഹാരത്തിൽ സൂക്ഷിച്ചിട്ടുണ്ടു്. ഇതിലെ സ്വർണ്ണവർണ്ണമുള്ള മണി ജപ്പാനിലെ ബുദ്ധസംഘം സംഭാവന നൽകിയതാണ്. ദീർഘനേരം മുഴങ്ങുന്ന ഈ മണിനാദം വളരെ ദൂരത്തിൽ ചെന്നെത്തുന്നു. സാരാനാഥത്തിലെ പ്രധാന ഉത്സവസങ്കേതം ഈ വിഹാരമാണ്.

ബുദ്ധസന്യാസിമാരുടെ മഠങ്ങൾ, മഹാബോധി വിദ്യാലയം, ധർമ്മമുഖസ്തൂപം തുടങ്ങിയ സ്മാരകസങ്കേതങ്ങൾ ഓരോന്നും ചിരപുരാതന സംസ്ക്കാരത്തെ പ്രതിനിധീകരിക്കുന്നു. ഒരു ദിവസം മുഴുവൻ സാരനാഥത്തിൽ കഴിച്ചുകൂട്ടിയെങ്കിലും മണിക്കൂറുകൾ കടന്നു പോയതു് അറിഞ്ഞില്ല. സമയ നഷ്ടം എന്നൊരു തോന്നലുണ്ടായിരുന്നില്ല. അത്രകണ്ടു് വിചാരസമ്പുഷ്ടമാണ് സാരനാഥത്തിന്റെ ചരിത്രം. അശോകന്റെ സ്ഥാനാരോഹണ കാലംമുതൽ ഏഴാം നൂറ്റാണ്ടുവരെ സാരനാഥം അതിന്റെ വിശ്വപ്രശസ്തി നിലനിർത്തി. തദനന്തരമുണ്ടായ സംഘർഷവും രാഷ്ട്രീയപ്രത്യേകതകളും സാരനാഥത്തിന്റെ പ്രശസ്തിക്കിടിവു് തട്ടിച്ചു. സിദ്ധാർത്ഥബുദ്ധന്റെ പരിചര്യകളിൽ വളർന്നുവന്ന സാരനാഥത്തിൽനിന്നു് പടിയിറങ്ങി ആചാരപുരാതന സംസ്ക്കാര കേന്ദ്രത്തോടു് യാത്ര പറഞ്ഞപ്പോൾ ഞങ്ങളെല്ലാം വിചാരമൂകരായിരുന്നു.

*   *   *

# ഒരു ചരിത്രസമ്മേളനം

പ്രിയസുഹൃത്തെ,

സസ്നേഹം അയച്ച നീണ്ട കത്തു കിട്ടി. കഴിഞ്ഞകാലത്തെ ചരിത്രസമ്മേളന സ്മരണകൾ ഹൃദ്യമായിരിക്കുന്നു. ചരിത്രസ്മാരകങ്ങൾ മറിലടക്കിപ്പിടിച്ച പൂർവ്വകാലാനുഭൂതികൾ അയവിറക്കി നിർവൃതിയിലാണ്ടുകിടക്കുന്ന സൗന്ദര്യഭൂമിയായ ആഗ്രയിലെ പ്രേമസ്മാരകത്തിന്റെ വെൺകൽത്തറയിലിരുന്നു സംസാരിച്ചു പിരിഞ്ഞപ്പോൾ ഒരു കാര്യം ഓർമ്മിപ്പിച്ചിരുന്നു. പ്രേമഗന്ധർവ്വനായ ഷാജഹാൻ ചക്രവർത്തിയും സൗന്ദര്യധാമമായ മുംതാസ് ബീഗവും കഴിഞ്ഞ വർസത്തെ ആ വാഗദത്തങ്ങൾക്കു മൂകസാക്ഷികളായിരുന്നു. അതെല്ലാം മറന്നുപോയോ? ജിജ്ഞാസയൂറുന്ന നൂറു നൂറു ചോദ്യങ്ങൾക്കു കേരളത്തിൽ നടക്കുന്ന ചരിത്രസമ്മേളനത്തിൽ വെച്ചു സവിസ്തരം മറുപടി പറയാം എന്ന നിഗമനത്തിലാണന്നു നാം പിരിഞ്ഞതു്. പക്ഷെ അന്നത്തെ കൂട്ടുകാരിൽ വളരെ കുറച്ചുപേർ മാത്രമേ കേരളത്തിലെത്തിച്ചേർന്നുള്ളു. ഇൻഡോർ, ബങ്കാൾ, നാഗപ്പൂർ, വല്ലഭനഗർ സമ്മേളനത്തിനെല്ലാം ഒരുമിച്ചു ചേരാറുള്ള പലരും ഇവിടെ വന്നെത്തിയില്ല. താങ്കളുടെ ഫലിതഭാഷണത്തിന്റെ കൂരമ്പുകളേറ്റിട്ടുള്ള ബംഗാളിയായ ബാൽബനും, ആസ്സാമിയായ ഗസ്നിയും, ആന്ധ്റക്കാരനായ ശിവാജിയും തിരുവനന്തപുരം സമ്മേളനത്തിലെ സന്ദർശകരായിരുന്നു. അവരെല്ലാം കേരളത്തിന്റെ മഹിമ മനസ്സിലാക്കാൻ പട്ടണത്തിൽ കറങ്ങി നടക്കുകയായിരുന്നു. വല്ലഭവിദ്യാനഗർ സമ്മേളനത്തിൽ ഉയർന്നുകൊണ്ടിരുന്ന ചിട്ടയും മറ്റും ഇവിടെ പാലിച്ചിരുന്നില്ല കഴിഞ്ഞ സമ്മേളനത്തിൽ കുലപതിപ്രേമിയായ കന്നിലാൽ മുൻഷി ചെയ്ത ഗിരിപ്രഭാഷണത്തിന്നെതിരായി സിക്കന്തറയിൽ അന്ത്യവിശ്രമം കൊള്ളുന്ന അക്ബറിന്റെ മുമ്പിൽ നിവേദനം നടത്തിയ തമാശനിറഞ്ഞ രംഗം ഓർക്കുന്നുണ്ടോ? ഏതാനും ചരിത്രജ്ഞാനികളുടെ ആ നിവേദനപദയാത്രക്കു ബിനോബഭാവെയായി നിന്നു നേതൃത്വം നൽകിയ ശ്രാ. എ. സി. ബാനർജി തന്റെ സഹയാത്രികരായ ഭരണകർത്താക്കളെ കാണാൻ ഇവിടെ ഓടി നടക്കുകയായിരുന്നു. "സിക്കന്തറയിലെ സ്ഥിരം കാവൽക്കാരായ നമ്മുടെ പൂർവ്വപിതാക്ക

ന്മാർ കന്നിലാൽ മുൻഷിയുടെ പ്രസംഗങ്ങളുടെ കോപ്പികൾ ആവശ്യപ്പെട്ടിരിക്കുന്നു" വെന്നു് യാതൊരു ഭാവഭേദവും കൂടാതെ പറഞ്ഞ് മുൻഷിയെപ്പേലും പൊട്ടിച്ചിരിപ്പിച്ച ദാസ് ഗുപ്തയും തങ്കളെയാണു് വന്നയുടൻ തിരക്കിയതു്. താങ്കൾ മലകൾക്കു് ഊ ഷരപ്രദേശങ്ങൾക്കുമപ്പുറം ഇന്ത്യയുടെ സുന്ദരോദ്യാനത്തിൽ മധുവിധുവാഘോഷിക്കുന്ന ചൂടുള്ളവാർത്ത സമ്മേളനത്തിന്റെ അവസാന ദിവസം വന്നെത്തിയ വായാടിയായ അനീതഗുഹ പറഞ്ഞപ്പോഴാണറിയുന്നതു് പഴയ സുഹൃത്തുക്കളെ ഒരുമിച്ചു് കാണാനുള്ള അവസരം പാഴാക്കിയ ഒരു കരിങ്കാലിപ്പണിയിലേർപ്പെട്ടിരിക്കുന്ന സ്നേഹധന്യനായ സുഹൃത്തേ മധുരമുള്ള കാശ്മീർ ദാമ്പത്യജീവിതത്തിന്ന് ഹൃദയം നിറഞ്ഞ വിജയാശംസകൾ.

അവിവാഹിതരുടെ അണിയിൽനിന്നു മോചനം നേടി ഡാൽതടാകത്തിന്റെ മാറിലൂടെ സഞ്ചരിക്കുന്ന വഞ്ചിയിലിരുന്നുകൊണ്ടു് ഇന്ത്യൻ ചരിത്രകോൺഗ്രസ്സിന്റെ ഇരുപത്തൊന്നാം സമ്മേളനത്തെപ്പറ്റി ഓർത്തിരിക്കുമെന്നതു് ശരിതന്നെ. സമ്മേളനത്തിന്റെ നിറപ്പികിട്ടില്ലാത്ത ഒരു വിവരണം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ചരിത്രവിദ്യാർത്ഥിയുടെ കാഴ്ചപ്പാടിലൂടെ തന്നെയാണല്ലോ ചരിത്ര സമ്മേളനങ്ങൾക്കു് വിലയിരുത്തേണ്ടതു്. തിരുവനന്തപുരം സമ്മേളനത്തിന്നു് കഴിഞ്ഞ കാലങ്ങളിലെ ചില സമ്മേളനങ്ങളുമായി. താരതമ്യപ്പെടുത്തുമ്പോൾ ചില ഏറ്റക്കുറച്ചിലുകൾ കണ്ടേക്കാം. അഭ്യസ്തവിദ്യരും സംസ്കാരപ്രേമികളും നിറഞ്ഞ നാടാണു കേരളമെങ്കിലും ചരിത്രകോൺഗ്രസ്സിന്റെ സമ്മേളനത്തിൽ അവരിൽ കുറച്ചുപേരെ പങ്കെടുത്തിരുന്നുള്ളു. സ്വീകരണകാര്യങ്ങളിൽ വന്ന ലഘുവായ പാകപ്പിഴകൊണ്ടാണതു് സംഭവിച്ചതു്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമായി 360 പ്രതിനിധികളും 400 സന്ദർശകരും സമ്മേളനത്തിനെത്തിയിരുന്നു. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സ് പ്രസ്ഥാനം തങ്ങളുടെ സ്വന്തമാണെന്നു് വിചാരിക്കുന്ന ബങ്കാളികൾകന്നെയാണു് പ്രതിനിധികളിലും സന്ദർശകരിലും മുന്നിട്ട് നിന്നതു്. പുരാതനവസ്തു ഗവേഷകനായ സർ ജോൺ മാർഷലിന്റെയും ചരിത്രപ്രതാപവാനായ ശ്രീ: ജദുനാഥസർക്കാരിന്റെയും നേതൃത്വത്തിൽ പുലർത്തിക്കൊണ്ടുപോന്ന ആ ചരിത്രാന്വേഷണ പാരമ്പര്യം ബങ്കാളികൾ ഇന്നും കാത്തുസൂക്ഷിക്കുകയാണു്. ഇന്ത്യയിൽ സാംസ്കാരിക പശ്ചാത്തലത്തിൽ തോളുരുമ്മിനിൽക്കാവുന്ന സാദ്ധ്യതകളുള്ള സ്റ്റെയിറ്റുകളാ

ണല്ലോ ബങ്കാളും കേരളളും. അഖിലേന്ത്യാ സമ്മേളനത്തെക്കാൾ തിരുവനന്തപുരം സമ്മേളനം കേരളബങ്കാൾ സമ്മേളനമായിരുന്നില്ലെ എന്നു് സംശയം ജനിപ്പിച്ചിരുന്നു. എവിടെ തിരിഞ്ഞാലും ബങ്കാളികളെ കാണാമായിരുന്നു. ബങ്കാൾ കഴിഞ്ഞാൽ ചരിത്രകോൺഗ്രസ്സിൽ അംഗസംഖ്യകൊണ്ടു് പാരമ്പര്യം പുലർത്തുന്നതു് ബീഹാറും ഇത്തരപ്രദേശവുമാണല്ലോ? ഉത്തർപ്രദേശത്തുകാരില്ലാത്ത ഒരഖിലേന്ത്യ പ്രസ്ഥാനത്തെപ്പറ്റി ഒരിക്കലും സ്മരിക്കാൻപോലും കഴിയുകയില്ലല്ലോ? ഈ വർഷം വിശാലമായ ബോംബെ സംസ്ഥാനത്തുനിന്നു് സന്ദർശകർ കുറവായിരുന്നില്ല. പ്രതിനിധി സമ്മേളനങ്ങൾ കാര്യഗൌരവമായി ചില പ്രമേയങ്ങൾ അംഗീകരിച്ചു. ഇന്ത്യൻ ചരിത്രശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കളായിരുന്ന സർ ജോൺമാർസലിന്റെയും ഡോ: ജദുനഥസർക്കാരിന്റെയും ശ്രീ: ജി. പി. പാണ്ട്യയുടെയും തീരാനഷ്ടത്തിൽ അത്യധികം ഖേദിക്കുന്ന പ്രമേയങ്ങൾ പാസ്സാക്കി. വല്ലഭവിദ്യാനഗർ സമ്മേളനത്തിന്റെ തീരുമാനങ്ങൾ എത്രകണ്ട് പ്രയോജനപ്പെട്ടിട്ടുണ്ടെന്നു് പ്രതിനിധി സമ്മേളനം പരിശോധിച്ചു. ഭാവികാര്യങ്ങളുടെ ശ്രദ്ധാപൂർവ്വമായ നീക്കത്തിന്നു് കളമൊരുക്കാൻ പ്രൊ: ഡി. വി. പോടുഡാർ, ഡേ' പി. എം. ജോഷി, ഡോ: മൊറയിസ്, ഡോ: വി. ജി. ഹടേൽക്കർ ഡോ: ഡി. വി. റാവു എന്നിവരെയാണു് തിരഞ്ഞെടുത്തു്. എന്തു മഹാസംഭവങ്ങൾ വന്നാലും മന്ദഹാസത്തോടെതിരിടുന്ന ഇന്ത്യൻ ചരിത്രകോൺഗ്രസ്സിന്റെ ജനറൽ സിക്രട്ടറി ഡോ: മൊറയിസ് തന്റെ വ്യക്തിത്വം പുലർത്തിക്കൊണ്ടുതന്നെ സമ്മേളനങ്ങൾ നയിച്ചു സാംസ്ഥാനികവും ഭാഷാപരവുമായ കുഴപ്പങ്ങളൊന്നും തിരുവനന്തപുരം സമ്മേളനത്തിലുയർന്നിരുന്നില്ല. ഡോ: മൊറയിസിന്റെ മന്ദഹാസമാണു് ചരിത്ര കോൺഗ്രസ്സ് പ്രസ്ഥാനത്തെ നയിക്കുന്നതെന്നു് ഡോ: മജ്ജുംദാർ പ്രസ്താവിച്ചതു് ശരിയാണു്. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും എത്തുന്ന ചരിത്രകാരന്മാരെ അഭിപ്രായ സംഘട്ടനങ്ങൾകൊണ്ടു് പ്രസ്ഥാനത്തെ യാതൊരു ഉലച്ചിലും കൂടാതെ നയിക്കാനും പ്രധാനസമ്മേളനങ്ങളുടെ പൊതുസമ്മേളനാദ്ധ്യക്ഷനേയും വിഭാഗീയ സമ്മേളനങ്ങളുടെ അദ്ധ്യക്ഷന്മാരരയും തിരഞ്ഞെടുക്കാനും ഡോ: മൊറയിസിനുള്ള അസൂയാർഹമായ കഴിവു് ഒന്നു വെറെയാണു്. വല്ലഭ വിദ്യാനഗർ സമ്മേളനത്തിൽ മറാത്തി ചരിത്രകാരന്മാരുടെ ഗ്രൂപ്പ് ചർ

ച്ചകൾ വേറൊരു വഴിയിലേക്കിഴഞ്ഞു നീക്കിയപ്പോൾ ശിവാജിക്കും അഫ്സൽ ഖാനും ഒപ്പം വോട്ടു ചെയ്യുകയാണു് ചരിത്രകാരന്റെ കർത്ത്യവ്യമെന്നു് പറഞ്ഞ് രംഗം ശാന്തമാക്കിയി ഡോ: മൊറയിസിന്റെ ന്യായദീക്ഷയെപ്പറ്റി സുഹൃത്തിന്നറിയാമല്ലോ? സമ്മേളനങ്ങൾ സജീവങ്ങളായിരുന്നോ എന്നു ചോദിച്ചാൽ പതിഞ്ഞ സ്വരത്തിലാണു് ഉത്തരംപറയാൻ കഴിയുക. അത്ര സജീവമായിരുന്നില്ല. പക്ഷെ ഈടുളള ചർച്ചാപ്രബന്ധങ്ങൾ അവതരിപ്പിച്ചിരുന്നു. പുതിയ സമീപനങ്ങളും നടത്തിയിരുന്നു.

വല്ലഭ വദ്യാനഗർ സമ്മേളനം തിരഞ്ഞെടുത്ത ജനറൽ പ്രസിഡണ്ടു് ഡോ: കാളികിങ്കർദത്ത ചരിത്ര പഠനത്തിന്റെ ആവശ്യകതയെപ്പറ്റി ശ്രദ്ധേയവും വിജ്ഞേവുമായ പ്രസംഗമാണു് ചെയ്തതു്. ചരിത്രകോൺഗ്രസ്സിന്റെ അദ്ധ്യക്ഷവേദിയിൽ ശാന്തശീലയായ ഡോ: ദത്ത കയറി വിനയാത്വിതനായി ചെയ്ത പ്രസ്താവന വിലക്കപ്പെട്ടതായിരുന്നു ജനറൽ സമ്മേളനത്തിലെ ഡോ: ദത്തയുടെ അദ്ധ്യക്ഷപ്രസംഗവും കേരളഗവർണ്ണർ ഡോ: രാമകൃഷ്ണറാവുവിന്റെ ഉൽഘാടനപ്രസംഗവും ഡോ: ജോൺമത്തായിയുടെ സ്വാഗതപ്രസംഗവു ചരിത്രത്തിന്റെ അന്വേഷണതല്പരതയെ പ്രോത്സാഹിക്കാനുതകുന്നവതന്നെയായിരുന്നു. സമ്മേളനങ്ങൾ സംവിധാനം ചെയ്തതു് സർവ്വകലാശാലയുടെ മനോഹരമായ സെനറ്റ് ഹാളിലായിരുന്നു. മിനുക്കുപണികൾക്കു് തല ചായ്യ്ച് കൊടുത്തിരുന്ന ഈ ഹാൾ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കൂറ്റൻ കെട്ടിടമാണു്. ശില്പകലാസൌന്ദര്യത്തിന്റെ തേജോമയമായ പ്രതീകമെന്നു തന്നെ പറയട്ടെ കേരള സർവ്വകലാശാലസെനറ്റ്ഹാളിനെപ്പറ്റി. ഇന്ത്യയിലെ എല്ലാ സർവ്വകലാശാലകളും സന്ദർശിച്ചിട്ടുളള സുഹൃത്തേ, അവിടെയൊന്നും ഇത്ര മനോഹരമായ ഒരു സെനറ്റ്ഹാൾ കണ്ടിരിക്കുകയില്ല പുതിയ മന്ത്രിസഭാ ഭരണത്തിന്നുമുമ്പു് ഇവിടെ ഭരിച്ചിരുന്ന ശ്രീ. പി. എസ് റാവുവാണു് ഇതിന്റെ പ്ലാൻ തയ്യാറാക്കിയതു്. ആഗ്രയിലെ ഷീഷ്മഹളിന്റെ ഒരു പുതിയ പതിപ്പ്. പണികഴിഞ്ഞയുടൻ അതിനകത്ത് കൂടിയ പ്രഥമ അഖിലേന്ത്യ സമ്മേളനം ഇന്ത്യൻ ഹിസ്റ്ററികോൺഗ്രസ്സിന്റെതാണു്. കേരളത്തിന്നു പുറത്തുനിന്നു് വന്ന ചരിത്രകാന്മാരുടെ ക്യാമറകൾ കേരളത്തിന്റെ ഈ മഹത്തായ കാഴ്ച പകർത്തിക്കൊണ്ടുപോയി

ട്ടുണ്ടു്. കേരളത്തിന്റെ സെനറ്റ്ഹാളിനെപ്പറ്റി ഒരു പൊങ്ങച്ചം പറയുകയാണെന്നു കരുതരുതു്.

വല്ലഭവിദ്യാനഗർ സമ്മേളനം തിരഞ്ഞെടുത്ത സെക്ഷനൽ പ്രസിഡണ്ടുമാരായ ശ്രീ എസ്. കെ. സരസ്വതി പുരാതന ഇന്ത്യാസമ്മേളനത്തിലും, ഡോ: കിഷോർ സരൻലാൽ മദ്ധ്യകാല ഇന്ത്യാസമ്മേളനത്തിലും, ഡോ: കാസിം അലിസജൻലാൽ ആധുനിക ഇന്ത്യാസമ്മേളനത്തിലും യഥാക്രമം അദ്ധ്യക്ഷതവഹിച്ചു. ഇവരെല്ലാം കഴിഞ്ഞ സമ്മേളനത്തിലെ പ്രസംഗങ്ങളിൽ പേരെടുത്തവരായിരുന്നു. പ്രസ്തുത സമ്മേളനങ്ങൾ ഒരേസമയം വിവിധഹാളുകളിൽ കൂടിയിരുന്നതുകൊണ്ടു് വേണ്ട വിധത്തിൽ മുഴുവൻ കേൾക്കാൻ കഴിഞ്ഞിരുന്നില്ല. ഡിസമ്പർ 26, 27 എന്നീ തീയതികളിൽ കൂടിയ വിഭാഗീയ സമ്മേളനങ്ങളിൽ ആറോളം പ്രബന്ധങ്ങളാണു് വായിച്ചു ചർച്ചചെയ്തതു്. ചില പ്രബന്ധങ്ങൾ നല്ല നിലവാരം പുലർത്തുന്നവയയോിരുന്നു. ചിലരുടെ വീക്ഷണവിശേഷങ്ങൾ സൌമ്യമായ എതിർപ്പുകളെ ക്ഷണിച്ചുവരുത്തിയിരുന്നു.

പുരാതന ഇന്ത്യാസമ്മേളനം കൽക്കത്ത സർവ്വകലശാലയിലെ ഭാരത ചരിത്ര റീഡറായ പ്രൊ: എസ്. കെ. സരസ്വതംയുടെ അദ്ധ്യക്ഷതയിലാരംഭിച്ച ഈ സമ്മേളനത്തിൽ ഡോ: എ. എസ്. അൽടേക്കർ (പാറ്റ്ന) ഡോ: മിരാഷി (നാഗപൂർ) പ്രൊ: രാധാകൃഷ്ണ ചൌധുരി (ബീഹാർ) ഡോ: എസ്. ആർ. ദാസ് (കൽക്കത്ത) ഡോ: ആർ. എൻ. മേത്ത് (ബറോഡ) ഡോ: എസ്. കെ. മൈത്ത (കൽക്കത്ത) ഡോ: എൻ. ക െ. സാഹു (കട്ടക്ക്) ഡോ: ദാസ് ഗുപ്ത (കൽക്കത്ത) ഡോ: എ ഡി. പുഷാൽക്കർ (കൽക്കത്ത) ഡോ: ഭായിജിനാഥ് (ലക്ക്നോ) ഡോ: ബ്.കെ.മജ്ജുംദാർ, ഡോ: ബി. പി. സിൻഹ തുടങ്ങിയ പതിവുകാരായ ചരിത്രപണ്ഡിതന്മാർ പങ്കെടുത്തിരുന്നു. വേദകാലത്തെ ഇന്ത്യയെപ്പറ്റിയും; ഉൽഖനനബന്ധത്തെപ്പറ്റിയും പുരാണപ്രശസ്തമായ ചരിത്രമീംമാംസയെപ്പറ്റിയും ആഴവും പരപ്പുമുളള പ്രബന്ധങ്ങളാണു് ഇവർ അവതരിപ്പിച്ചതു്. ക്രിസ്തുവിന്നു് അനേകം നൂറ്റാണ്ടുകൾക്കു്മുമ്പു്

സ്ഥിതിചെയ്തിരുന്ന ഇന്ത്യയെ വിവിധ വീക്ഷണകോണങ്ങളിലൂടെ വിലയിരുത്തുന്ന പുരാതന ഭാരതീയ സമ്മേളനത്തിൽ ഡോ: ദാസന്റെ മോഹൻജൊദോരവിലെ നിവാസികൾ ഡോ: ആർ. എൻ. ശർമ്മയുടെ കുശാൻ രാഷ്ട്രം, ഡോ: മൈത്തിയുടെ കുശാൻനാണയങ്ങൾ ഡോ: പൂസാൽക്കായുടെ  രാമായണകാലം' ശ്രീ: എസ്. ഡി. ഗ്യാനിയുടെ പുരാണത്തിന്റെ ഉല്പത്തി, ഡോ: മോഹൻസിംഗിന്റെ ബുദ്ധകാലന്നെ ബ്രഹ്മണ്യം തുടങ്ങിയ പഠനാർത്ഥങ്ങളായ പ്രബന്ധങ്ങളെപ്പറ്റി ഈടുള്ള ചർച്ചകളാണു് നടന്നതു്. പുരാണ വസ്തുഗവേഷണത്തെയും നാണയശസ്ത്രപഠനത്തെയുംപറ്റി അർഹിക്കുന്ന പണ്ഡിതന്മാർ കൂടിയിരുന്ന് ചർച്ച നടത്തിയിരുന്നതുകൊണ്ടു് പ്രയോജനകരമായ പല നേട്ടങ്ങളുമുണ്ടായിട്ടുണ്ടു്. ജീവിതത്തിലെ നല്ലൊരു ഭാഗം പുരാതന ചരിത്ര ഗവേഷണത്തിന്നു് ചെലവഴിച്ച പ്രശസ്ത ഗ്രന്ഥകാന്മാരാണ് ഈ സമ്മേളനത്തിൽ ഭാഗമാക്കായ പണ്ഡിതന്മാർ. അദ്ധ്യക്ഷനായ ഡോ: സരസ്വതി അഗാധ സംസ്കൃതപണ്ഡിതനും വേദകാലത്തെ ഭാരതത്തെപ്പറ്റി ഗവേഷണം നടത്തിയിട്ടുള്ള മാന്യനുമാണു്. ഒരു പണ്ഡിതസദസ്സിന്റെ മാനദണ്ഡം പുലർത്തിയിരുന്ന ഇവരെ "ബി. സി. യിലെ പ്രജകളെ" ന്നാണല്ലോ താങ്കൾപേരിട്ടിട്ടുള്ളതു്. മഹാന്മാരായ ഈ 'പ്രജക' ളുടെ പാണ്ഡിത്യത്തിന്നുമുമ്പിൽ ചരിത്രത്തോടു് ബഹുമാനമുള്ളവരുടെ അറിയാതെ കനിഞ്ഞുപോകും. ഇവരിൽ പലരും ഷഷ്ടിപൂർത്തികഴിഞ്ഞവരാണ ല്ലോ? അറിവിന്റെ അണിയിൽനിന്നു് ഇവരെ കാലം പിടിച്ചു മാറ്റിയാൽ ആ സ്ഥാനങ്ങൾ ഒഴിഞ്ഞുതന്നെ കിടക്കും. ഇവരുടെ കഴിവുകളെപ്പറ്റി ഗ്രഹിക്കാൻ പുതിയ തലമുറ തയാറാകേണ്ടിയിരിക്കുന്നു.

**മദ്ധ്യകാല ഇന്ത്യാസമ്മേളനം**

വളരെയധികം ചരിത്ര പഠനത്തിലേക്കാകർഷിച്ചിട്ടുള്ളതു് മദ്ധ്യകാലഘട്ടത്തിലെ ഇന്ത്യാ ചരിത്രലൂടെയാണല്ലോ? അന്വേഷിച്ചാൽ കണ്ടെത്താവുന്ന രേഖകളും ഈ കാലഘട്ടത്തിന്നു് നൽകാൻ കഴിയും മദ്ധ്യകാലഇന്ത്യയുടെ കഥ പറയുന്ന പൊളിഞ്ഞ സ്മാരകങ്ങളും ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും കാണാമല്ലോ? ഭോപാലിലെ ഹമെഡിയ കോളേജ് പ്രൊഫസർ ഡോ: കെ എസ്. ലാലാണു് ഈ സമ്മേളന

ത്തിൽ അദ്ധ്യക്ഷത വഹിച്ചതു്. 29 പ്രബന്ധങ്ങൾ ഈ സമ്മേളനത്തിൽ അവതരിപ്പിച്ചു. മുകിലപ്രതാപകാലത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും തിട്ടപ്പെടുത്തുന്നവയും അക്കാല ശില്പതലാകൗതുകത്തെയും ഭരണനയത്തെയും സ്പർശിക്കുന്നവയുമായ പ്രബന്ധങ്ങളാണു് കൂടുതൽ ചർച്ചാവിഷയമായതു് പ്രൊ: സെയ്യിദ് ഹസ്സൻ അസ്കരിയുടെ ഫിറോസ്ഷായുടെ കാലം, പ്രൊ: കെ. എൽ.. അക്തറിന്റെ മുഹമ്മദ് ഗസ്നിയുടെ വിജയം, പ്രൊ: അസിത്കുമാർ സെന്നിന്റെ സുൽത്താൻ അലാവുദ്ദീൻ കിൽജിയുടെ ഭരണകാലം, ഡോ: വേദാന്തശാസ്ത്രിയുടെ തിമൂറിന്റെ വിശുദ്ധ യുദ്ധം, ഡോ: ലാലിന്റെ ജസറത്തു് കോഖർ, സുകു മാർറോയുടെ ഹുമയൂണിന്റെ കത്തുകൾ, ആര്യരാമചന്ദ്രതിവാരിയുടെ ബഹദൂർഷായുടെ ചിതോർ വിജയം, ഡോ: സതിഷ്മിശ്രയുടെ ദൗലത്തു് ഷെർഷാഹി, ഡോ: ഭവാനിചരൻ റേയുടെ ജഹാംഗീറിന്റെ കീഴിൽ ഒറീസ്സ, ക്യൂ. അഹമ്മദിന്റെ മുകിലസാമ്രാജ്യത്തിന്റെ സാംസ്ഥാനിക പ്രദേശിക ഉദ്യോഗസ്ഥന്മാർ, എസ്. കെ. പാളിന്റെ ഇന്ത്യയിലെ മുസ്ലീംവനിതകൾ, പ്രൊ: പി. ബി. മസുംദാറിന്റെ മദ്ധ്യകാലാരംഭത്തിലെ തൊഴിൽ, ആർ. സി. പ്രസാദ് സിംഗിന്റെ മദ്ധ്യകാലാരംഭത്തിലെ സമാധാനനയം, എസ്. ആർ. പതകിന്റെ ശിവാജിയുടെ മരണം തുടങ്ങിയ പ്രബന്ധങ്ങളാണു് ചർച്ചയിൽ പ്രാമാന്യംനേടിയതു്. മദ്ധ്യകാല ഇന്ത്യയെന്നാൽ മുസ്ലീം പ്രതാപശാലികളുടെ ഇന്ത്യയെന്നാണു് പ്രബന്ധങ്ങളിൽ പരോക്ഷമായി സമ്മതിച്ചിരിക്കുന്നതു്. മുകില ഭരണാധിപന്മാരെപ്പറ്റി പുലർത്തിപ്പോരുന്ന വിശ്വാസങ്ങൾ പുതിയ രേഖകളുടെ വെളിച്ചത്തിൽ പരിശോധിക്കുന്നതു് നന്നായിരിക്കുമെന്നു് അദ്ധ്യക്ഷൻ പറഞ്ഞു. ദേശീയ ഐക്യത്തിന്നു ഹാനികരമല്ലാത്ത ചരിത്രവസ്തുകൾ ധാരാളം ചരിത്രത്തിലുള്ളപ്പോൾ ചില ഭരണാധിപന്മാരുടെ മറപിടിച്ചുനിന്നു് മഹാരാഷ്ട്രപ്രതാപവും മുകിലപ്രതാപവും സൃഷ്ടിച്ചു് എന്തിനു് നിഴൽ യുദ്ധം നടത്തണമെന്നദ്ദേഹം ചോദിച്ചു ഈ സമ്മേളനത്തിലാണല്ലാ തുറന്ന സമരം പലപ്പോഴും ഉയരാറുള്ളതു്. ശിവാജിയുടെയും ഔറംഗസീബിന്റെയും നയവ്യതിയാനങ്ങളെപ്പറ്റി എന്തെങ്കിലും ഒന്നു പറയാതെ ആരും പിരിയാറില്ലല്ലോ? തിരുവനന്തപുരം സമ്മേളനത്തിൽ മി. ആര്യരാമചന്ദ്രതിവാരിപാലും ശാന്തനായിട്ടാണു് കണ്ടതു്. സമ്മേളനം കഴിഞ്ഞപ്പോൾ വേദാന്തശാസ്ത്രിയേയും

സതീശ്മിശ്രയെയും താൻ സമീപിച്ചു. 'മദ്ധ്യകാലഘട്ടത്തിലാരെയെല്ലാം വധിച്ചു. ആരെയെല്ലാം ജീവിപ്പിച്ചു." ഈ ചോദ്യത്തിന്നു് സതീശ്മിശ്ര 'ആരും തോറ്റില്ല. പക്ഷെ ആരും ജയിച്ചില്ല' യെന്നാണുത്തരം പറഞ്ഞതു്. 'ശിവാജ് മഹാരാജ് ജയ്ഹിന്ദ്' എന്നവസാനിപ്പിച്ച പ്രബന്ധവും ഈ സമ്മേളനത്തിലെത്തിയില്ലെന്നു് ചിരിച്ചുകൊണ്ടു് വേദാന്തശാസ്ത്രി പറഞ്ഞപ്പോൾ അടുത്തുനിന്നിരുന്ന പ്രൊ: പതകിന്റെ മുഖത്തൊരു മഞ്ഞനിറം ദൃശ്യമായിരുന്നു. അന്ധമായ ദേശീയവേശവും വീരാരാധനയും മദ്ധ്യകാലഇന്ത്യാചരിത്രത്തെ വിക്രതമാക്കാറുണ്ടെങ്കിലും ഈ സമ്മേളനത്തിൽ അതത്ര തീവ്രതരമായിത്തീർന്നിട്ടില്ല. മദ്ധ്യകാലസമ്മേളനത്തിൽ പലർക്കും സമയം വളരെ കുറച്ചെ സംസാരിക്കാൻ ലഭിച്ചുള്ളു. എല്ലാ ചരിത്രസമ്മേളനങ്ങളിലും ഒരലങ്കാരമായി നീങ്ങാറുള്ള ഭോപാലിലെ ഭീമാകാരനായ രാംവീർമിശ്ര ഇത്തവണ സഭാര്യധായിട്ടാണു് വന്നതു്. ബങ്കാളിൽനിന്നു് എസ്കർഷന്റെ പേരിലെത്തിയിട്ടുള്ള ഒരു കൂട്ടം പെൺപിളളേർ മിശ്രയുടെയും ഭാര്യയുടെയും തൂക്കത്തിലുള്ള നികത്താനാകാത്ത വിടവിനെപ്പറ്റിയാലോചിച്ച തലതല്ലി ചിരിക്കുകയായിരുന്നു. അവർക്കതൊരു വിനോദമാണല്ലോ? മിശ്ര ഇനി യൊരിക്കലും സഭാര്യനായി പൊതുസ്ഥലത്തിറങ്ങുകയില്ലെന്നാണ് പരിഹസിക്കുന്ന പെൺപടയുടെ വിചാരം. മിശ്രയുടെ പ്രസംഗമൊന്നും ഈ സമ്മേളനത്തിലുണ്ടായിരുന്നില്ല. അതു് അസ്വാദകരുടെ ഒരു കൂട്ടച്ചിരിക്കുളളവസരം നഷ്ടപ്പെടുത്തി. മദ്ധ്യകാലഇന്ത്യാസമ്മേളനത്തിലേക്കയച്ചിരുന്ന ചില പ്രബന്ധങ്ങൾ സമയച്ചുരുക്കത്തിൽ മാറ്റിവച്ചു. അതെല്ലാം അച്ചടിച്ചു വരുമല്ലോ?

## ആധുനിക ഇന്ത്യാ സമ്മേളനം

ആധുനിക ഇന്ത്യാ സമ്മേളനത്തിൽ ഉസ്മാനിയാ സർവ്വകലാശാലാ റീഡറായ പ്രൊ. കാസിംസജൻലാൽ അദ്ധ്യക്ഷത വഹിച്ചു പുതിയ ഇന്ത്യയുടെ മുന്നേറ്റത്തിന്നു ദേശീയമായ ആവേശം നൽകിയ സംഭാവനകളെപ്പറ്റിയം പോർത്തുഗിസ്, ഫ്രഞ്ച്, ഡച്ച് ഈസ്റ്റ് ഇന്ത്യാകമ്മിറ്റി തുടങ്ങിയ വൈദേശികബന്ധത്തിന്റെ ഭരണബന്ധത്തെപ്പറ്റിയുമാണ് സമ്മേളനം ചർച്ചചെയ്തതു്. ഡാ: കെ. കെ. പിള്ളയുടെ പഞ്ചാലംകുറിച്ചി സ്വാതന്ത്ര്യസമരം, സുകുമാർഭട്ടാചാര്യയുടെ ബാലഗംഗാധരതിലക

ന്റെ കത്തുകൾ, പ്രോ: ഡി. ആർ ദേശായിയുടെ പോർത്ത്ഗീസ് വാഴ്പ, ഡി. എസ്. അച്യുതതറാവുവിന്റെ മൈസൂരിലെ അപ്പാജി, പ്രൊ: കിലേസ് വാർകുമാറിന്റെ രാജസിത്താബിന്റെ ചരിത്രം, ജെ. എസ്. ജായുടെ ഇംഗ്ലീഷ് ഫ്രഞ്ച്യുദ്ധം, ഡി. എൻ. കൃഷ്ണയ്യായുടെ കുർഗിലെ അവസാനത്തെരാജാവ്, ആദിത്യപ്രസാദ്ജായുടെ ബങ്കാൾ–ബീഹാർനയം, ഡോ. എം. എൻ. ദാസിന്റെ ഡൽഹൗസിയുടെ തപാൽപരിഷ്കാരം, പ്രൊ: എ എച്ച്. നിസാമിയുടെ 1857–ലെ ബഗൽഗണ്ട്, പ്രൊ: പരേഷ്നാഥ് മൂക്കർജിയുടെ 1857 ലെ ബുലൻഡ്ഷായുടെ ഉദയം, നസീറുദ്ദീൻഹാഷിമിന്റെ 1857 ലെ ഹൈദ്രാബാദാക്രമണം, ഡോ: ദിലീപ്കുമാർ ഘോഷിന്റെ അതിർത്തിനിർണ്ണയം, പി. എൽ. മെഹ്റയുടെ കഴ്സന്റെ ടിബറ്റൻനയം, ഡോ: നന്ദലാൽ ചാറ്റർജിയുടെ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിലെ ആദ്യത്തെ പിളർപ്പ്, ഡോ പി. സി. ചക്രവർത്തിയുടെ ബങ്കാൾ വിഭജനം തുടങ്ങിയ ഉപന്യാസങ്ങൾ കഴിഞ്ഞ നാലു നൂറ്റാണ്ടിനിടക്കുണ്ടായ രാഷ്ട്രീയവും സാമൂഹ്യവും സാംസ്ക്കാരികവുമായ മാറ്റങ്ങളെ സ്പർശിക്കുന്നവയായിരുന്നു. കൽക്കത്ത സർവ്വകലാശാലയിലെ പണ്ഡിതന്മാരാണ് ആധുനിക ഇന്ത്യാ ചരിത്രസമ്മേളനത്തിലെ ഖ്യാതി നേടിയതു്. കിട്ടാവുന്ന റിക്കാർഡുകൾ ശേഖരിത്തു പഠിക്കാൻ കൽക്കത്തയിൽ കൂടുതൽ സൌകര്യമുള്ളതുകൊണ്ടാകാം അവർ അവതരിപ്പിക്കുന്ന വിഷയ ങ്ങൾക്കർഹിക്കുന്നനിലവാരം കാണുന്നതു്. സ്വാതന്ത്ര്യസമരത്തിനിടക്കുവന്ന അന്ധമായ വിദേശവിരോധത്തെ കാണിക്കുന്ന സംഭവങ്ങൾ പലതും ചർച്ചചെയ്തു നയപരമല്ലാത്ത സമരതന്ത്രങ്ങളെ ഇംഗ്ലീഷുകാർ എതിരിട്ട മാർഗ്ഗങ്ങളും ചിലർ വെളിപ്പെടുത്തിയിട്ടുണ്ടു്. ആധുനിക ഇന്ത്യാചരിത്രത്തിലെ ജീവനുള്ളഭാഗം ദേശീയ പ്രസ്ഥാനത്തിന്റെതാണു്. ഇന്ത്യ സ്വതന്ത്രമായ ഉടനെ കണ്ട വികാരതീവ്രതയുടെ സ്ഥാനത്തു് ചിന്തിച്ചു് സ്വാതന്ത്ര്യസമരത്തിന്നു് വിലയിരുത്തുന്ന പതനത്തിലേക്കു് ബങ്കാൾ ചരിത്രകാരന്മാർ ഇറങ്ങിയിട്ടുണ്ടു്. ഡോ: മജ്ജുംദർ ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ചരിത്രമെഴുതുന്ന കമ്മറ്റിയുടെ പ്രസിഡണ്ടു് സ്ഥാനം രാജിവെച്ചശേഷം വന്നമാറ്റമായിരിക്കാം ഇതു്. സ്വാതന്ത്ര്യസമരം എന്നു് കേൾക്കുമ്പോൾ കണ്ണു് കാണാതെ തെറ്റുകൾ എല്ലാം ശരിയാണെന്നു സമർത്ഥിച്ച അന്ധതയിൽനിന്നു് ഇന്ത്യയുടെ ചിന്തിക്കുന്ന ചരിത്രകാരന്മാർ ഉണർന്നുതുടങ്ങിയതു് നല്ലൊരു മാറ്റത്തിന്റെ തുടക്കമാണെന്നു് അദ്ധ്യക്ഷനായ കാ

സിംസജൻലാൽ പറഞ്ഞു. ഈ സമ്മേളനത്തിലാണ് ഗ്രൂപ്പ് കോൺഫറൻസുകളെയ പേക്ഷിച്ച് കൂടുതൽ പേർ പങ്കെടുത്തത്. ഈ സമ്മേളനത്തിലെ പ്രസംഗങ്ങൾക്ക് ചില ചിട്ടകൾതന്നെ പാലിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തെസ്സംബന്ധിച്ച് പുതിയ സമീപനംതന്നെ നടത്തിയെന്നാണ് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് പരിക്ക് പറ്റിയ ഡോ: സുനിതചാറ്റർ ജി അഭിപ്രായപ്പെട്ടത്. ജയിലും മർദ്ദനവും ബങ്കാളിൽ നിന്ന് ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നതുകൊണ്ടു സ്വാതന്ത്ര്യസമരചരിത്രം എങ്ങിനെയെഴുതണമെന്ന് അവർ നിർദ്ദേശിച്ചു. അവരും അന്ധമായ വിദേശവിരോധത്തിൽനിന്നുമാറി യഥാർത്ഥകാര്യങ്ങൾക്ക് വിലനൽകി ചരിത്രം നിർമ്മിക്കുന്നതിനോടു യോജിച്ചുവത്രെ.

## കേരളസമ്മേളനം

കേരളത്തിൽവെച്ചു നടത്തുന്ന അഖിലേന്ത്യാ ചരിത്രസമ്മേളനമായതുകൊണ്ട് ഒരു പ്രത്യേക സമ്മേളനം ചെയ്തതാണ്. ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ ചരിത്രത്തിൽ ഇതൊരു പുതിയ ഏർപ്പാടാണ്. കേരളത്തെപ്പറ്റി ഉത്തരേന്ത്യക്കാരെ കുറെ കാര്യം ധരിപ്പിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. മജ്ജുംദാറും, സിൻഹയും, മൂക്കർജിയും, ചാറ്റർജിയും, മുൻഷിയും അവരുടെ ചരിത്രത്തിലൊന്നും കേരളത്തിന്ന് വേണ്ടസ്ഥാനം നൽകിയിട്ടില്ല. ഈ ആക്ഷേപം പല പ്രാവശ്യവും പറഞ്ഞിട്ടുണ്ടല്ലോ? കേരള ചരിത്രസിംപോസിയത്തിൽ അവതരിപ്പിച്ച 27 പ്രബന്ധങ്ങളിൽ ഡോ: പുന്നന്റെ കേരളത്തിലെ ഡച്ചുകാലഘട്ടം, പ്രൊ: കെ.വി കൃഷ്ണയ്യരുടെ ഭാസ്കരരവിവർമ്മയുടെ കാലഗണന പ്രശ്നം, മി. എ. പി. ഇബ്രാഹിംകുഞ്ഞിന്റെ കുഞ്ഞാലിമരക്കാർ, എച്ച്. ആർ. ഗോസലിന്റെ മലബാർ, ഇ. ആർ. മാസീസിന്റെ ക്രിസ്ത്യൻസമുദായ പ്രചരണം എന്നീ പ്രബന്ധങ്ങൾ എടുത്തുപറയത്തക്കതാണ്, ഉത്തരേന്ത്യൻ ദേശയേസമരം ആരംഭിക്കുന്ന തിനുമുമ്പ് കേരളത്തിലെ സ്വാതന്ത്ര്യസമരത്തിൽ ധീരനേതൃത്വം വഹിച്ച പരാക്രമശാലിയായ ഒരു പടനായകനായിരുന്നു കുഞ്ഞാലിമരക്കാർ. ഇന്ത്യാചരിത്രത്തിൽ മറ്റാരുടെയും മുമ്പിൽ പ്രതിഷ്ഠിക്കാവുന്ന പ്രസ്തുത ചരിത്രപുരുഷനെപ്പറ്റി മി. ഇബ്രാഹിംകുഞ്ഞു സമർപ്പിച്ച പ്രബന്ധം കേരളം എന്താണെന്നറിയാൻ ഒരു വഴികാട്ടിയുമാണ്. കേരളത്തിന്നു വ്യക്തമായ ഒരു ചരിത്രം നിർമ്മിച്ചുകഴിഞ്ഞിട്ടില്ലാത്തതിനാൽ സമ്പൂർണ്ണമായ ഒരു പഠനം സമർപ്പി

ക്കാൻ ആർക്കും കഴിഞ്ഞില്ല. എന്നാലും കേരളത്തിന്റെ മനോഹരിതയെപ്പറ്റി രണ്ടു് നല്ലവാക്കു് പറയാതെ ആരും വിടവാങ്ങാറില്ല. കേരളചരിത്രത്തെപ്പറ്റി നടന്ന ശ്രദ്ധേയമായ പ്രസംഗങ്ങളിൽ, എല്ലാവരുടേയും ശ്രദ്ധയാകർഷിച്ചതു് "ശുചീന്ദ്രം ടെമ്പിൾ" എന്ന ഒരു മഹാഗ്രന്ഥം എഴുതി ദക്ഷിണേന്ത്യൻ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഡോ: കെ. കെ. പിള്ളയുടേതാണു്.

ഹൈദരാബാദിലെ ഒരു ചരിത്രപണ്ഡിതനും തത്വചിന്തകനുമായ ഡോ: രാമകൃഷ്ണറാവുവാണല്ലോ കേരളഗവർണ്ണർ. അദ്ദേഹത്തിന്റെ ഹൃദ്യമായ സൽക്കാരം പഴയ സുഹൃത്തുക്കളുമായി അദ്ദേഹത്തിന്നിടപഴകാൻ സന്ദർഭമുണ്ടാക്കി. മുഖ്യമന്ത്രിയും ചരിത്രകാരന്മാരെ ഒന്നു സൽക്കരിച്ചു. അതിഥിസൽക്കാരത്തിൽ പേര് കേട്ടിട്ടുള്ള രാജ്യമാണു് കേരളം. സമ്മേളനാന്തരം ഒരു കേട്ടിട്ടുള്ള രാജ്യമാണു് കേരളം. സമ്മേളനാനന്തരം ഒരു വിനോദയാത്രയും നടത്തി. കന്യാകുമാരിയിലെ പ്രകൃതി സൌകുമാര്യം കണ്ടാസ്വദിക്കാനായി ഒരു വിഭാഗം അവിടേക്കു് തിരിച്ചു. കേരളമൊട്ടുക്കും ഒരു പര്യടനത്തിന്നു പ്ലാനിട്ട ഡോ: രാംവീർശർമ്മ, അനീതഗുഹ, ശശികുമാർബോസ്, ലീലാധർ തുടങ്ങിയ നമ്മുടെ പഴയ സുഹൃത്തുക്കൾക്ക് ഒരു വഴികാട്ടിയായി ഞാനവരെ പിന്തുടർന്നു. കേരളത്തെപ്പറ്റി അവർക്കു മറക്കാൻ കഴിയാത്ത പലതും നേടാൻ കഴിഞ്ഞിട്ടുണ്ടെന്നാണവർ വിടവാങ്ങിയപ്പോൾ പറഞ്ഞതു്. അതെന്താണെന്നു് എനിക്കു് പിടിയില്ല. കേരളം കേരളേതരുടെ വീക്ഷണത്തിൽ എങ്ങിനെയിരിക്കുന്നുവെന്നു് കാണാൻ ഒരു കൌതുകമുണ്ടു്. അടുത്ത ഗൌഹതി സമ്മേളനത്തിന്നു വരുമ്പോൾ സ്മരണകൾ പുതുക്കാം

സസ്നേഹം സുഹൃത്തു്

(1958 ൽ തിരുവനന്തപുരത്തുവച്ചുനടന്ന ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിനെ സംബന്ധിച്ചു് ഒരു കാശ്മീർ ചരിത്രകാരൻ എഴുതിയ കത്തു്)

* * *